# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)**

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 07 സെപ്റ്റംബർ–2016 ലക്കം 9**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം


| | |
|---|---|
| തിരുനാൾ ആഘോഷങ്ങൾക്കൊരു പുനർവായന ..... | 05 |
| ഡിക്രി ........................................ | 09 |
| രൂപതാകച്ചേരി വാർത്തകൾ ........................ | 11 |
| വിദ്യാഭ്യാസ സഹായനിധി ........................ | 16 |
| വൈദികരുടെ മാസധ്യാനം ........................ | 19 |
| ബൈബിൾ അപ്പോസ്തലേറ്റ് ........................ | 21 |
| മതബോധനരംഗം ........................ | 23 |
| ചെറുപുഷ്പമിഷൻലീഗ് ........................ | 31 |
| *Department of Youth Ministry* ........................ | 42 |
| കെ.സി.വൈ.എം. ........................ | 44 |
| കുടുംബപ്രേഷിതത്വം ........................ | 55 |
| സീയോൻ വാർത്തകൾ ........................ | 61 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ | 63 |
| സാമൂഹ്യ സേവനരംഗം (WSSS) ........................ | 70 |
| ബയോവിൻ അഗ്രോ റിസർച്ച് ........................ | 74 |
| റേഡിയോ മാറ്റൊലി ........................ | 79 |
| കത്തോലിക്കാ കോൺഗ്രസ്സ് ........................ | 82 |
| Mary Matha Arts & Science Collge ........................ | 84 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................ | 85 |
| ബിഷപ്സ് പ്രോഗ്രാം ........................ | 86 |

# തിരുനാൾ ആഘോഷങ്ങൾക്കൊരു പുനർവായന

## തിരുനാൾ ആഘോഷങ്ങൾ എപ്രകാരം വിശ്വാസികളെ ആത്മീയാനുഭവത്തിലേയ്ക്കു നയിക്കും എന്നതിനെപ്പറ്റി കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി സീറോമലബാർസഭ മേജർ ആർച്ച് ബിഷപ്പ്

ഇക്കഴിഞ്ഞ ജൂലൈ 28-നു ഭരണങ്ങാനത്തു വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ദിവസം സീറോ മലബാർ ആരാധനാക്രമത്തിലെ ഏറ്റവും ആഘോഷപൂർവകമായ വിശുദ്ധ കുർബാന (റാസ) അർപ്പിക്കാനും തിരുവചന പ്രഘോഷണം നടത്താനും അവസരം ലഭിച്ചു. അവിടെ തിരുനാൾ ആഘോഷപൂർവം നടക്കുകയായിരുന്നു. എന്നാൽ, ചെണ്ടയും ബാൻഡും കണ്ടില്ല. ആനയും അമ്പാരിയും ഇല്ലായിരുന്നു. വെടിയും പടക്കവും കേട്ടില്ല. എല്ലാം ഭക്തിസാന്ദ്രമായി ആയിരക്കണക്കിനാളുകളുടെ സാന്നിധ്യത്തിൽ നടക്കുന്നതായി കണ്ടു. തിരുവചന പ്രഘോഷണങ്ങൾ, വി.കുർബാനയർപ്പണങ്ങൾ, അനുരഞ്ജന കൂദാശയുടെ സ്വീകരണം, കബറിട സന്ദർശനം, ജപമാല പ്രദക്ഷിണം, ഇങ്ങനെ തികച്ചും ആത്മീയ ഉത്കർഷം വിശ്വാസികൾക്കു ലഭിക്കുന്ന രീതിയിൽ തിരുനാൾ കർമ്മങ്ങൾ നടക്കുന്നു. അപ്പോഴാണ് എന്റെ മനസിൽ തിരുനാൾ ആഘോഷത്തെക്കുറിച്ച് ചില ചിന്തകൾ ഉണർന്നത്.

വെടിക്കെട്ടിന്റെ അഭാവമോ ചെണ്ടയുടെയും മറ്റ് വാദ്യഘോഷങ്ങളുടെയും കുറവോ വർണശബളമായ വൈദ്യുതിയലങ്കാരത്തിന്റെ ഇല്ലായ്മയോ ഒന്നും വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിന്റെ ശോഭയ്ക്കു മങ്ങലേൽപ്പിച്ചില്ല. മാത്രമല്ല, അത് ആ തിരുനാളിന് ഭക്തിയുടെ മോടി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. എല്ലാ തിരുനാളുകൾക്കും ഈ ഭംഗിയാണ് കൈവരേണ്ടതെന്നാണ് എന്റെ വിചാരം. പ്രാർത്ഥിക്കാനും വിശ്വാസജീവിതത്തിൽ ആഴപ്പെടാനും തിരുനാളുകൾ വിശ്വാസികൾക്ക് ഉപകരിക്കണം. തിരുനാളുകൾ ആത്മീയ ആഘോഷങ്ങളാവണം. ഭൗതികതയുടെ പ്രകടനം ആകരുത്. എല്ലാ ദേവാലയങ്ങളിലും തിരുനാളുകൾ ഇപ്രകാരം ആത്മീയതയുടെ ആഘോഷങ്ങളായി തീർന്നിരുന്നെങ്കിൽ എന്നു പ്രത്യാശിക്കുകയാണ്.

ഇപ്പോൾ തിരുനാളുകൾക്ക് വന്നാൽ എല്ലാം ശബ്ദമുഖരിതമാണ്. മൈക്ക് അനൗൺസ്മെന്റുകളും വാദ്യമേളങ്ങളും വെടിപടക്കങ്ങളും

കൊണ്ടു മുഖരിതമാകുന്ന അന്തരീക്ഷത്തിൽ, ശാന്തമായി പ്രാർത്ഥി ക്കുന്നതിനോ ആളുകൾക്ക് ആശയവിനിമയത്തിലൂടെ പരസ്പരം കൂട്ടാ യ്മയിൽ വളരുന്നതിനോ സാധിക്കുന്നില്ല. തിരുനാളുകളിലേക്കു ജന ങ്ങളെ ആകർഷിക്കാനാണ് ശബ്ദജന്യമായ വെടിക്കെട്ടും വാദ്യങ്ങളും മൈക്ക് അനൗൺസ്മെന്റുകളും വൈദ്യുതി അലങ്കാരങ്ങളും പള്ളി അധി കൃതർ സംഘടിപ്പിക്കുന്നത്. അവയുടെ വർദ്ധന തിരുനാളിന്റെ ലക്ഷ്യ ത്തെതന്നെ തകർക്കുന്ന രീതിയിലാവുന്നു. തിരുനാളിന്റെ നേർച്ച വരവ് ഓരോവർഷവും വർദ്ധിപ്പിക്കണമെന്നാണ് സംഘാടകരുടെ ആഗ്രഹ മെന്ന് തോന്നുന്നു. നേർച്ചവരുമാനത്തിന്റെ വർദ്ധനവാണുപോലും തിരു നാളിന്റെ വിജയത്തിനു മാനദണ്ഡം!

തിരുനാൾ പരിസരത്തു നേർച്ചവസ്തുക്കൾ പാചകം ചെയ്തു ഭക്ഷിക്കുന്ന രീതി, ഊട്ടുനേർച്ച തിരുനാളുകളുടെ അവശ്യഘടകമാ ക്കുന്ന ശൈലി എന്നിവ പുനഃപരിശോധനയ്ക്കു വിഷയമാക്കേണ്ടതാണ്. ഇവയും മേൽപ്പറഞ്ഞ മറ്റു ബാഹ്യ ആഘോഷങ്ങളും തിരുനാളുകളുടെ ആത്മീയതയെ ഇല്ലായ്മ ചെയ്തുകൊണ്ടിരിക്കുകയാണ്.

പ്രസിദ്ധമായ തിരുനാൾ നടക്കുന്ന ഒരു ദേവാലയത്തിൽ ചെയ്യുന്നതെല്ലാം ചെറുദേവാലയങ്ങളും അനുകരിക്കുന്നു. തിരുനാളിനു കാരണഭൂതനായ വിശുദ്ധന്റെയോ വിശുദ്ധയുടെയോ അത്ഭുത പ്രവർത്തന ശക്തിയെ അതിശയോക്തി കലർത്തി അവതരിപ്പിക്കാനുള്ള വ്യഗ്രതയും വ്യാപിച്ചുകാണുന്നു. വിശുദ്ധരുടെ മാധ്യസ്ഥശക്തി പരസ്യ ങ്ങളിലൂടെ പ്രചരിപ്പിക്കേണ്ട ഒന്നല്ല. ദൈവകൃപയുടെ പ്രവർത്തനമാണു വിശുദ്ധരുടെ മാധ്യസ്ഥ്യത്തിലൂടെ വിശ്വാസികൾക്കു ലഭിക്കുന്നത്. അതിനു പ്രചാരണം ആവശ്യമില്ല. അതു സ്വീകരിക്കുന്നവർ തന്നെ സ്വയംപ്രേരിതരായി തങ്ങളുടെ അനുഭവങ്ങൾ മറ്റുള്ളവരെ അറിയിക്കു മല്ലോ. കൃത്രിമമായ പ്രചാരണങ്ങൾ വിശുദ്ധന്റെ മാധ്യസ്ഥ ശക്തിയെ ക്കുറിച്ചു തെറ്റായ ധാരണകൾ സൃഷ്ടിക്കാനേ ഉപകരിക്കൂ. പുതിയ ആചാരങ്ങൾ മെനഞ്ഞെടുത്തു തിരുനാളുകളെ ജനങ്ങൾ തടിച്ചുകൂടാ നുള്ള അവസരങ്ങളാക്കുന്നവരുമുണ്ട്.

നഗരങ്ങൾ വളരുന്നതിനുമുമ്പ് തിരുനാൾ അവസരങ്ങളിൽ പള്ളി യുടെ പരിസരങ്ങളിൽ ജനങ്ങൾക്ക് ആവശ്യമായ നിത്യോപയോഗ സാധനങ്ങൾ കച്ചവടം ചെയ്യുന്ന രീതി സാധാരണമായിരുന്നു. അന്നത്തെ സാഹചര്യത്തിൽ അത് ആവശ്യമായിരുന്നു. നഗരവൽക്കരണത്തിന്റെ ഇക്കാലത്തു കടകളും മാളുകളും വർദ്ധിച്ചിരിക്കുമ്പോൾ, പള്ളിപരിസ രത്തു കച്ചവടം ആവശ്യമാണോ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ആളു കളെ കൂട്ടാൻവേണ്ടി ഉപഭോഗസംസ്കാരത്തിന്റെ ആകർഷണശൈലി സ്വീകരിക്കുന്നതു ന്യായീകരിക്കാനാവില്ല.

കർത്താവായ യേശു പെസഹാ തിരുനാളിനോടനുബന്ധിച്ച് ജറുസലേം ദേവാലയത്തിൽ നിന്നു കച്ചവടക്കാരെയും നാണയമാറ്റക്കാരെയും പുറത്താക്കി. ദേവാലയത്തെ അവർ കവർച്ചക്കാരുടെ ഗുഹയാക്കിയെന്നാണ് കർത്താവ് പറഞ്ഞത് (മത്താ.21:13). കച്ചവടത്തിലൂടെയും നാണയമാറ്റത്തിലൂടെയും നടന്ന അനീതിക്കെതിരെയാണ് അവിടുന്ന് ചാട്ടവാറെടുത്തത്. സമാനമായ അനീതികൾ തിരുനാളുകളോടനുബന്ധിച്ചു ദേവാലയത്തിനു പുറത്തു നടന്നാലും യേശു അതിനെ എതിർക്കും.

തിരുനാൾ ആഘോഷങ്ങൾക്കുവേണ്ടിയുള്ള ചെലവിനു നേർച്ചവരവിന്റെ നല്ലൊരുഭാഗം വേണ്ടിവരുന്നതായാണ് കാണുന്നത്. നേർച്ചപ്പണം ഇപ്രകാരം ധൂർത്തിനായി ചെലവിടുന്നത് നീതീകരിക്കാനാവുമോ? വിശ്വാസത്തിന്റെയും ഭക്തിയുടെയും നിറവിൽ ജനങ്ങൾ നൽകുന്ന നേർച്ച ആരാധനയുടെ ആവശ്യങ്ങൾക്കും പാവപ്പെട്ടവർക്കുവേണ്ടിയുള്ള കാരുണ്യപ്രവർത്തനങ്ങൾക്കുമല്ലേ ചെലവഴിക്കേണ്ടത്? മേൽപ്പറഞ്ഞ കൃത്രിമമായ ബാഹ്യ ആഘോഷങ്ങളിൽ ആകൃഷ്ടരായി വരുന്ന ജനങ്ങളാണോ ഭക്തജനങ്ങളാണോ കൂടുതൽ നേർച്ചപ്പണം നിക്ഷേപിക്കുന്നത്? യേശു പറഞ്ഞതുപോലെ ഇന്നും വിധവകളല്ലേ ദേവാലയ ഭണ്ഡാരങ്ങളിൽ കൂടുതൽ നിക്ഷേപിക്കുന്നത്? ഈ വിശുദ്ധമായ നിക്ഷേപമല്ലേ നാം അവിശുദ്ധമായി ചെലവിടുന്നത്?

തിരുനാളുകൾ പലയിടത്തും ഭക്തിയുടെ വിരോധാഭാസങ്ങളായി മാറിയിരിക്കുകയാണ്. ഈ വിരോധാഭാസത്തിൽ നിന്നു ശരിയായ പാതയിലേക്കുള്ള വഴി ദുർഘടമാണ്. ഇടവകയുടെ നടത്തിപ്പിനു വൈദികരോടൊപ്പം അല്മായ ശുശ്രൂഷകർ നല്ല നേതൃത്വ ശൈലിയിൽ പ്രവർത്തിക്കുന്ന പാരമ്പര്യം നമ്മുടെ സഭയിലുണ്ട്. അതെന്നും നിലനിൽക്കേണ്ടതുമാണ്. എന്നാൽ, അങ്ങനെയുള്ളവരിൽ ചിലർ ബാഹ്യ ആഘോഷങ്ങൾക്കുവേണ്ടി ശക്തമായി വാദിക്കുകയും പള്ളി വികാരിമാരും രൂപതാധികാരികളും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയാൽ നഖശിഖാന്തം എതിർത്തു ലൗകികതയ്ക്കുവേണ്ടി നിലകൊള്ളുകയും ചെയ്യാറുണ്ട്. അങ്ങനെയുള്ളവർ തിരുനാളുകളുടെ നവീകരണത്തിന് എല്ലാ സ്ഥലങ്ങളിലും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. അതിനാൽ പൊതുവായ ആശയരൂപവത്കരണത്തിനു പള്ളി പൊതുയോഗങ്ങളും കമ്മറ്റികളും ഭക്തസംഘടനകളും ഉറക്കെ ചിന്തിച്ചു തീരുമാനങ്ങൾ എടുക്കേണ്ടിയിരിക്കുന്നു.

തിരുനാളുകൾക്കു പുതിയ രൂപവും ഭാവവും വരേണ്ടകാലം അതിക്രമിച്ചിരിക്കുന്നു. അടുത്തയിടെ എറണാകുളം-അങ്കമാലി

അതിരൂപതയിലെ നെടുവന്നൂർ ഇടവകയിൽ തിരുനാൾ ആഘോഷത്തിനുവേണ്ടി നടത്തിയ പണപ്പിരിവിൽ വെടിക്കെട്ടിനായി മാറ്റിവെയ്ക്കുമായിരുന്ന പണം, അതുപേക്ഷിച്ച് രണ്ടു പാവപ്പെട്ട കുടുംബങ്ങൾക്കു വീടുവെച്ച് കൊടുക്കുന്നതിനായി ഉപയോഗിച്ചു. ഈ അതിരൂപതയിൽതന്നെ കുന്നപ്പിള്ളിശ്ശേരി ഇടവക രണ്ടുവർഷമായി തിരുനാളിനു വെടിക്കെട്ടുപേക്ഷിച്ച് പണം വൃക്ഷത്തൈകൾ വിതരണം ചെയ്യാൻ ഉപയോഗിക്കുന്നു. കണ്ടനാട് ഇടവകയും ഇതേ മാതൃക അനുകരിച്ചിട്ടുണ്ട്. എത്രയോ നല്ലതാണ് ഈ മാതൃകകൾ. ഇതുപോലെ തിരുനാളുകളുടെ അധിക ചെലവുകളും ആർഭാടങ്ങളും നിയന്ത്രിച്ച് കാരുണ്യ പ്രവർത്തനങ്ങൾ നടത്തിയ ഇടവകകൾ ഇനിയുമുണ്ട്. വെടിക്കെട്ടുകൾ ദുരന്തം വിതയ്ക്കുന്ന ഇക്കാലഘട്ടത്തിൽ ഇത്തരം പ്രവർത്തനങ്ങൾ എല്ലാ ദേവാലയങ്ങളും സ്വീകരിച്ചിരുന്നെങ്കിൽ!

ലാളിത്യത്തിന്റെ മാതൃകകളായിരുന്ന വിശുദ്ധരുടെ തിരുനാളുകൾ ആഢംബരത്തിന്റെ അവസരങ്ങളാക്കി മാറ്റുന്നതിലെ അനൗചിത്യം മനസിലാക്കേണ്ടതല്ലേ? തിരുനാളുകളിൽ യേശുക്രിസ്തുവിന്റെ ജീവിത രഹസ്യങ്ങളോ വിശുദ്ധരുടെ മാതൃകകളോ മുൻനിർത്തിയാണ് നാം ജീവിതത്തെ ആഘോഷപൂർവമായ ഒരനുഭവത്തിലേക്ക് കൊണ്ടുവരേണ്ടത്.

ആത്മീയതയുടെ വളർച്ചയ്ക്കും വിശുദ്ധ ജീവിതത്തിന്റെ ചൈതന്യത്തിനും ഉപകരിക്കുന്ന ആരാധനാശുശ്രൂഷകൾ, തിരുവചനധ്യാനങ്ങൾ, പ്രാർത്ഥനകൾ ചൊല്ലിയും ഗാനങ്ങൾ ആലപിച്ചുമുള്ള പ്രദക്ഷിണങ്ങൾ, ക്രൈസ്തവസന്ദേശം അവതരിപ്പിക്കുന്ന കലാപരിപാടികൾ, ദരിദ്രർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും സഹായകരമായിത്തീരുന്ന കാരുണ്യപ്രവർത്തനങ്ങൾ ഇവയൊക്കെയാണ് നമ്മുടെ തിരുനാളുകളെ അർത്ഥപൂർണമാക്കുന്നത്.

ലളിതജീവിതത്തിലേക്കു സഭയെ ആകമാനം ആഹ്വാനം ചെയ്യുന്ന ഫ്രാൻസീസ് പാപ്പായുടെ ചൈതന്യത്തിനു യോജിച്ച രീതിയിൽ തിരുനാൾ ആഘോഷങ്ങളെ നമുക്കു നവീകരിക്കാം. തിരുനാൾ ആഘോഷങ്ങൾ നമുക്കു വിശ്വാസികളുടെ ആത്മീയാനുഭവത്തിന്റെ ഉച്ചകോടികളാക്കാം. ഇടവക കൂട്ടായ്മയുടെയും സഭാ കൂട്ടായ്മയുടെയും വളർച്ചയ്ക്കു നിദാനങ്ങളാക്കാം. സാമൂഹ്യപ്രതിബദ്ധതയോടുകൂടിയ സത്കർമ്മങ്ങളും കാരുണ്യപ്രവർത്തനങ്ങളുംകൊണ്ടു തിരുനാളുകളെ ക്രൈസ്തവസാക്ഷ്യത്തിന്റെ അവസരങ്ങളാക്കാം. വെടിക്കെട്ടിലും ശബ്ദകോലാഹലങ്ങളിലും നിന്നു തിരുനാളുകളെ നമുക്കു മോചിപ്പിക്കാം.

*കടപ്പാട്: ദീപികദിനപത്രം 2016 ഓഗസ്റ്റ് 18 വ്യാഴം*

**JOSE PORUNNEDOM**
BISHOP OF MANANTHAVADY

## ഡിക്രി

### മാനന്തവാടി രൂപതയുടെ മെത്രാൻ മാർ ജോസ് പൊരുന്നേടം ഞാറപ്പാടം സെന്റ് ജോസഫ് ഇടവകയുടെ പേര് താളിപ്പാടം സെന്റ് ജോസഫ് എന്ന് പുനർ നാമകരണം ചെയ്തുകൊണ്ട് പുറപ്പെടുവിക്കുന്ന ഡിക്രി.

ഞാറപ്പാടം സെന്റ് ജോസഫ് ഇടവക സ്ഥാപിതമായത് മണിമൂളി ഫൊറോനയുടെ കീഴിൽ പാലാങ്കര ഇടവകയിൽ ശുശ്രൂഷചെയ്ത വൈദികരുടെ പരിശ്രമത്തിൽ 1969–ൽ ഞാറപ്പാടം എന്ന സ്ഥലത്താണ്. എന്നാൽ കാലക്രമത്തിൽ ഇടവകയിൽ അംഗങ്ങൾ കൂടിയതുകൊണ്ടും ഞാറപ്പാടം പ്രദേശം ഇടവകയുടെ കേന്ദ്രഭാഗം അല്ലാതാവുകയും ചെയ്തതിന്റെ ഫലമായി താളിപ്പാടം എന്ന സ്ഥലത്ത് സ്ഥലം വാങ്ങുകയും 1984–ൽ അവിടേയ്ക്ക് പള്ളിമാറ്റി സ്ഥാപിക്കുകയും ചെയ്തു. ഇപ്പോൾ പള്ളി, പള്ളിമുറി, സൺഡേസ്കൂൾ എന്നിവയെല്ലാം താളിപ്പാടം എന്ന സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്. ആയതിനാൽ 2016 ഏപ്രിൽ 10 ന് ചേർന്ന വാർഷിക പൊതുയോഗം ഞാറപ്പാടം സെന്റ് ജോസഫ് ഇടവകയുടെ പേര് താളിപ്പാടം സെന്റ് ജോസഫ് ഇടവക എന്നാക്കി മാറ്റുവാൻ രൂപതാധ്യക്ഷനോട് ആവശ്യപ്പെട്ടിരുന്നു. മുകളിൽ സൂചിപ്പിച്ച കാരണങ്ങൾ പരിഗണിച്ചുകൊണ്ടും 2016 ഏപ്രിൽ 10 ന് ചേർന്ന വാർഷിക പൊതുയോഗത്തിന്റെ തീരുമാനം അംഗീകരിച്ചുകൊണ്ടും 2016 ജൂൺ 1 മുതൽ St. Joseph's Church, Njarappadam എന്നതിനുപകരം പേര് St. Joseph's Church, Thalippadam എന്നാക്കി മാറ്റിയിരിക്കുന്നു. ലെറ്റർ ഹെഡ്, രസീതുകൾ തുടങ്ങിയവ പുതിയതായി അച്ചടിക്കുകയും പേരുമാറ്റം ജനശ്രദ്ധയിൽ കൊണ്ടുവരത്തക്കവിധം പള്ളിയുടെ മുൻപിൽ സെന്റ് ജോസഫ് ചർച്ച്, താളിപ്പാടം എന്ന ബോർഡുസ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. താളിപ്പാടം സെന്റ് ജോസഫ് ഇടവകയിലെ ബഹു. വികാരിയച്ചനെയും ബഹു. സിസ്റ്റേഴ്സി

നെയും കൈക്കാരന്മാരെയും ദൈവജനം മുഴുവനെയും വി.യൗസേപ്പിതാവിന്റെ മദ്ധ്യസ്ഥതയിലൂടെ ഈശോ ധാരാളമായി അനുഗ്രഹിക്കട്ടെ. നമ്മുടെ കർത്താവായ ഈശോമിശിഹായുടെ കൃപയും + പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളോടുകൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽനിന്നും 2016 മെയ് മാസം 24 ന് നൽകപ്പെട്ടത്.

ഫാ. ജോസഫ് പരുവുമ്മേൽ
ചാൻസലർ

ബിഷപ്പ് ജോസ് പൊരുന്നേടം
മാനന്തവാടി രൂപതയുടെ മെത്രാൻ

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ്ജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിയ്ക്കൽ എന്നീ ബഹു. വൈദികരുടെ ചരമദിനമാണ്. അന്നേദിവസം അവരെ നമ്മുടെ പ്രാർത്ഥനകളിലും വി.കുർബാനയിലും പ്രത്യേകം അനുസ്മരിക്കാം.

**കൂരിയ അവധി**

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം പ്രമാണിച്ച് സെപ്റ്റംബർ 18 മുതൽ 23 വരെയും 25 മുതൽ 30 വരെയും രൂപതാ കൂരിയ അവധിയായിരിക്കും.

**മതബോധന ദിനം**

സെപ്റ്റംബർ 11-ാം തീയതി നമ്മുടെ രൂപതയിൽ മതബോധനദിനമായി ആഘോഷിക്കുകയാണല്ലോ. മതബോധനത്തിലൂടെ വിശ്വാസത്തിന്റെ കൈമാറ്റമെന്ന വലിയ ദൗത്യത്തിൽ പങ്കുചേരുന്ന ഏവരേയും ഓർക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം. അന്നേദിവസം വളരെ പ്രത്യേകമായി വിശ്വാസപരിശീലന രംഗത്ത് നമ്മുടെ ഇടവകകളിൽ ത്യാഗബുദ്ധിയോടെയും ആത്മാർത്ഥതയോടെയും സേവനം ചെയ്യുന്ന അധ്യാപകരെ രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും പ്രത്യേകം ആദരിക്കുകയും ചെയ്യുമല്ലോ. മാതാപിതാക്കളും അധ്യാപകരും ഇടവകജനം മുഴുവനും ചേർന്ന് ബഹു. വികാരിയച്ചന്മാരോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ അതീവ ശ്രദ്ധ ചെലുത്തണമെന്ന കാര്യം മതബോധന ദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹുമാനപ്പെട്ട റോയി വട്ടക്കാട്ടച്ചനെയും അച്ചനോടൊപ്പം പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

രൂപതാ മതബോധന പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മക മാകുവാൻ സഹായകമായ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സഹ കരണവും ഇടവകകളിൽ നിന്നും പ്രതീക്ഷിക്കുന്നു.

മതബോധന ദിനത്തോടനുബന്ധിച്ച് മുൻകൂട്ടി ദൈവജനത്തെ ഉദ്ബോധിപ്പിക്കുകയും അന്നേദിവസം പ്രത്യേക സ്തോത്രക്കാഴ്ച സ്വീകരിച്ച് രൂപതാ കാര്യാലയത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**കുരിശുപള്ളിയുടെ പേരുമാറ്റം**

വാഴവറ്റ ഇടവകയുടെ കീഴിലുള്ള ചീങ്ങേരി സെന്റ് മേരീസ് കുരിശുപള്ളിയെ സെന്റ് മേരീസ് ചർച്ച്, കളത്തുവയൽ എന്ന് 2015 ജൂലൈ 20 മുതൽ പുനർനാമകരണം ചെയ്തിരിക്കുന്നു.

**ബഹു. വൈദികരുടെ വാർഷിക ധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷിക ധ്യാനം 2 ബാച്ചുകളിലായി സെപ്റ്റംബർ 18 മുതൽ 23 വരെയും 25 മുതൽ 30 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. ക്ലരീഷ്യൻ സഭാംഗവും മാനന്തവാടി രൂപതയിലെ ചാരിറ്റി ഇടവകയുടെ വികാരിയുമായ ബഹു. അബ്രാഹം ചേറാടിയിൽ അച്ചനാണ് ധ്യാനം നയിക്കുന്നത്. മറ്റു ചില കാര്യങ്ങൾകൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാനവിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കാനും സാധിക്കും.
2. ഒന്നാം ദിവസം വൈകിട്ട് 7.15 ന് നടക്കുന്ന ജപമാല പ്രാർത്ഥന, റംശാ നമസ്കാരം എന്നിവയോടെയാണ് ധ്യാനം ആരംഭിക്കുന്നത്. അവസാനിക്കുന്നത് അവസാന ദിവസം ഉച്ചഭക്ഷണത്തോടെയാണ്.
3. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് ബുക്ക് കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ 2015 സെപ്റ്റംബർ മുതൽ 2016 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്.
4. PPF –ന്റെ വരിസംഖ്യ ധ്യാനത്തിന് വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.
5. വളരെ ഗൗരവതരമായ കാരണങ്ങളാൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ ഡിസംബർ 31–നു മുമ്പായി എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ച് വിവരം അറിയിക്കുകയും കുർബാന കണക്കു പുസ്തകം ബഹുമാനപ്പെട്ട ജനറാളച്ചന്റെ പക്കൽ പരിശോധനയ്ക്ക് എത്തിക്കുകയും ചെയ്യേണ്ടതാണ്.

# ANNUAL RETREAT FOR PRIESTS

## 1ST BATCH - 2016 SEPTEMBER 18 SUNDAY to 23 FRIDAY

| SN | Rev.Frs. Housename & Name |
|---|---|
| 1 | Aikkarathazhath Joseph |
| 2 | Chakkittakudiyil James |
| 3 | Changanamthundathil George |
| 4 | Chembakkara James |
| 5 | Chempalayil Augustine |
| 6 | Chettaniyil Thomas |
| 7 | Chirackathottathil Augustine |
| 8 | Choorapuzhayil John |
| 9 | Chozhenparambil John |
| 10 | Elavanappara Sebastian |
| 11 | Elayidathu Mani |
| 12 | Elemkunnel Sebastian |
| 13 | Iykkarakanayil Thomas |
| 14 | Kachirayil Thomas |
| 15 | Kalambukattu Joseph |
| 16 | Kalappura Vincent |
| 17 | Kaliyaniyil Kuriakose |
| 18 | Kalliyatt Devasia |
| 19 | Kallupura Johny |
| 20 | Kappiarumalayil John |
| 21 | Kattamkottil Thomas |
| 22 | Kattarath Mathew |
| 23 | Kattath Thomas |
| 24 | Kattuthuruthiyil Thomas |
| 25 | Kizhakkanputhupally Varghese |
| 26 | Kochuparackal Mathew |
| 27 | Koipuram Sebastian |
| 28 | Koottala Paul |
| 29 | Korandiyarkunnel Paul |
| 30 | Kottackal Stephen |
| 31 | Kottayil Joseph |
| 32 | Kumbukal James |
| 33 | Kunnath Johny |

| SN | Rev.Frs. Housename & Name |
|---|---|
| 34 | Kunnathett James |
| 35 | Kuthukallunkal Francis |
| 36 | Kuttikattukunnel Thomas |
| 37 | Madapallikunnel Mathew |
| 38 | Madathil Abraham |
| 39 | Manikuttiyil Kurian |
| 40 | Mannoor Thomas |
| 41 | Maplassery Lukose |
| 42 | Mavara Stanislaus |
| 43 | Meppurath Chacko |
| 44 | Moloparambil Jose |
| 45 | Moolayil Thomas |
| 46 | Moonnanal Justin |
| 47 | Moothedath Thomas |
| 48 | Mukkattukavunkal Thomas |
| 49 | Mulavelikunnel Jacob |
| 50 | Mundackal Jose |
| 51 | Mundackamattam Jose |
| 52 | Mundolickal Paul |
| 53 | Munjanattu Mathew |
| 54 | Muthanikkattu Justin |
| 55 | Muthukathaniyil Varghese |
| 56 | Muthukattil Shantidas |
| 57 | Nechikatt Joseph |
| 58 | Nilackappillil Augustine |
| 59 | Ottaplackal Thomas |
| 60 | Ouseparampil Joseph |
| 61 | Padinjarayil George |
| 62 | Paikkatt Mathew |
| 63 | Painumkal George |
| 64 | Palakatt Augustine |
| 65 | Palakkattu Antony |
| 66 | Palath Joseph |

| | |
|---|---|
| 67 | Pallichankudiyil Mathai |
| 68 | Parunthanolil Thomas |
| 69 | Peechattu Joseph |
| 70 | Perumattikunnel Mathew |
| 71 | Ponparackal John |
| 72 | Ponthottiyil Thomas |
| 73 | Poothakkuzhy Jacob |
| 74 | Pudussery Vincent |
| 75 | Pulikuzhiyil Abraham |
| 76 | Pulpayil Joseph |
| 77 | Pullamkunnel Joy |
| 78 | Punchayil Lucka |
| 79 | Puthenpura John |
| 80 | Thamarasseril Vincent |
| 81 | Thekkanady Jose |
| 82 | Therakam George |
| 83 | Therakam Thomas Joseph |
| 84 | Thuruthel Thomas |
| 85 | Urumbil Joseph |
| 86 | Vadakkancheril Mathew |
| 87 | Vadakkemulanjanal Michael |
| 88 | Valachannath Cyriac |
| 89 | Valloppilly Joseph |
| 90 | Vathelil Abraham |
| 91 | Vattakkatt Paul |
| 92 | Vattukunnel Issac |
| 93 | Vazhachalil Thomas |
| 94 | Vazhakatt Joseph |
| 95 | Vazhakkala Chackochan |
| 96 | Vazhakkalayil Jose |
| 97 | Vazhayil Kurian |

## IInd BATCH - 2016 SEPTEMBER 25 SUNDAY to 30 FRIDAY

| SN | Rev.Frs. Housename & Name |
|---|---|
| 1 | Alumkal Joseph |
| 2 | Athickal Mathew |
| 3 | Chakkittukudy Jose |
| 4 | Chelackapallil Thomas |
| 5 | Cheruthottil Paul |
| 6 | Chettiyassery Joseph |
| 7 | Chittarackal Varghese |
| 8 | Edayakondattu Paul |
| 9 | Elamkunnapuzha Joseph |
| 10 | Elavunkal Johny |
| 11 | Kakkattikalayil Sebastian |
| 12 | Kakkonal Manoj |
| 13 | Kalappura Alex |
| 14 | Kalappura Jose |
| 15 | Kallumgatharayil Agustine |
| 16 | Kappiarumalayil Jose |
| 17 | Karukapally Joseph |
| 18 | Karuthedath Mathew |
| 19 | Kassamkuttiyil Sebastian |
| 20 | Kavalakkadan Varghese |
| 21 | Kavumkal Joseph |
| 22 | Kazhuthadiyil Mathew |
| 23 | Keezheth Sebastian |
| 24 | Kizhakkumpuram George |
| 25 | Kocharackal Jose |
| 26 | Kochuparackal Kurian |
| 27 | Kokkandathil John |
| 28 | Kollamkunnel Varghese |
| 29 | Kollarthottam Mathew |
| 30 | Korattiparambil Vincent |
| 31 | Kottaram Jose |
| 32 | Koyikattil Thomas |
| 33 | Kulathinal James |
| 34 | Kulirany Jose |
| 35 | Kuttimakkal James |
| 36 | Kuzhikandathil Joseph |
| 37 | Madapallikunnel Antony |
| 38 | Madathil Sebastian |

| | | | |
|---|---|---|---|
| 39 | Malayil Mathew | 67 | Pinakkatt Joseph |
| 40 | Mampallil Anto | 68 | Plassanal Thomas |
| 41 | Mampallil George | 69 | Poovathinkal Peter |
| 42 | Manakkunnel Thomas | 70 | Pudussery Martin |
| 43 | Manjakunnel Mathew | 71 | Pulinthanam Jose |
| 44 | Mecheril Joseph | 72 | Punakkatt Chandy |
| 45 | Mekkattu Philip | 73 | Punnakkapadavil Sebastian |
| 46 | Moothedath Mathew | 74 | Puthanapra Kurian |
| 47 | Mulakodiyankal Varghese | 75 | Puthen Sebastian |
| 48 | Muthirakalayil George | 76 | Puthenpurayil Joseph |
| 49 | Muthirakalayil Joseph | 77 | Puthukattil Mathew |
| 50 | Myladoor George | 78 | Puthukulangara Thomas |
| 51 | Nadukunnel Abraham | 79 | Puthukulathil John |
| 52 | Nanthikatt Joseph | 80 | Thekkepera Mathew |
| 53 | Nedumkallel Joseph | 81 | Thekkilakkattil Mathew |
| 54 | Nellickal Abraham | 82 | Thevarkunnel Don Bosco |
| 55 | Nellikunnel Francis | 83 | Thondiparambil Joseph |
| 56 | Padinjarayil Mathew | 84 | Thondiparambil Sebastian |
| 57 | Pakkanikuzhiyil Sebastian | 85 | Thuruthel Joseph |
| 58 | Palackeel Sebastian | 86 | Thuruthel Kuriakose |
| 59 | Parackal Varghese | 87 | Thykunnumpuram Thomas |
| 60 | Parambil Kuriakose | 88 | Unnippally Sebastian |
| 61 | Parayil Sebastian | 89 | Vadayaparambil Jose |
| 62 | Paruvummel Joseph | 90 | Vadayaparambil Sony |
| 63 | Peedikappara James | 91 | Valakodiyil Dominic |
| 64 | Periappuram Mathew | 92 | Venakuzhy Mathai |
| 65 | Perumattikunnel John | 93 | Vettickal John |
| 66 | Perumattikunnel Thomas | | |

Please note that the names of the religious fathers are not given in the list, since a very few are participating in the retreat organized by the diocese. Hence, those who wish to attend the retreat, please contact Rev. Fr. Joshy Periapuram, the director of the pastoral centre. His mobile No. 9946916636.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വിദ്യാഭ്യാസ സഹായനിധി

അഭിവന്ദ്യ പിതാവിന്റെ വിദ്യാഭ്യാസ സഹായനിധിയിലേയ്ക്ക് 2015 ജൂൺ 1 മുതൽ 2016 മെയ് 31 വരെ ലഭിച്ച തുകയുടെയും അതിൽ നിന്ന് ഇടവകളിലേയ്ക്ക് വിതരണം ചെയ്ത തുകയുടെയും വിശദാംശ ങ്ങൾ ചുവടെ ചേർക്കുന്നു.

## Educational Fund - Special Donors

| | | |
|---|---|---|
| 1 | Rev. Fr. Vincent Pudussery | 5500 |
| 2 | Sacred Heart School, Kayyunni | 52500 |
| 3 | Rev. Fr. Sebastian Keezheth | 5000 |
| 4 | Mrs.Alice Varkey, Pune | 8000 |
| 5 | Msgr.Mathew Madapallikunnel | 20000 |
| 6 | CML Chithragiri | 1000 |
| 7 | Cosmo Pilgrimage | 25000 |
| 8 | Snehasadan (SH), Kalpetta | 4000 |
| **Sp. Collection from Holy Communion** | | |
| 1 | Vellamunda | 4000 |
| 2 | Marakavu | 13000 |
| 3 | Padamala | 12000 |
| 4 | Jude’s Mount | 2000 |
| 5 | Theneri | 10000 |
| **5% of Parish Feast** | | |
| 1 | Kurumbalakotta | 750 |
| 2 | Nilambur | 18000 |
| 3 | Pookkottumpadam | 10000 |
| 4 | Thalanji | 15000 |
| 5 | Mullenkolly | 50000 |
| 6 | Vilambukandam | 6500 |
| 7 | Prasanthagiri | 4000 |
| 8 | Peria | 5000 |
| 9 | Jude’s Mount | 9000 |

| | | |
|---|---|---|
| 10 | Paralikkunnu | 2000 |
| 11 | Chulliode | 2500 |
| 12 | Kabanigiri | 15000 |
| 13 | Nadavayal | 15000 |

## Disbursement List of Education Aid Fund 2016-2017

| SN | Name of the Parish | Amount | SN | Name of the Parish | Amount |
|---|---|---|---|---|---|
| 1 | Adikolly | 4000 | 31 | Karackamala(Kellur) | 4000 |
| 2 | Ambalavayal | 4000 | 32 | Karani | 4000 |
| 3 | Arattuthara | 4000 | 33 | Karimani | 5000 |
| 4 | Arinchermala | 4000 | 34 | Karimbil | 4000 |
| 5 | Bavali | 1000 | 35 | Kartikulam | 4000 |
| 6 | Bekki | 4000 | 36 | Kayyunny | 4000 |
| 7 | Bhoodanam | 1000 | 37 | Kolavayal | 2000 |
| 8 | Charity | 4000 | 38 | Kommayad | 4000 |
| 9 | Cheegavallam | 4000 | 39 | Kottiyoor | 4000 |
| 10 | Cheengeri(Kalathuvayal) | 4000 | 40 | Kunjhome | 1000 |
| 11 | Chennalode | 4000 | 41 | Kunnalady | 4000 |
| 12 | Cherukattoor | 4000 | 42 | Kurumani | 4000 |
| 13 | Chithragiri | 4000 | 43 | Kurumbala | 4000 |
| 14 | Chokkad | 3000 | 44 | Kurumbalakotta | 4000 |
| 15 | Chooralmala | 4000 | 45 | Kuttimoola | 4000 |
| 16 | Chulliana | 4000 | 46 | Lakkidi | 4000 |
| 17 | Chulliode | 4000 | 47 | Machikolly | 4000 |
| 18 | Chundakkra | 4000 | 48 | Makkiyad | 4000 |
| 19 | Chugakkunnu | 4000 | 49 | Mananthavady | |
| 20 | Dharmagiri | 4000 | | (Cathedral) | 4000 |
| 21 | Dwaraka | 4000 | 50 | Mananthavady(Town) | 4000 |
| 22 | Edayoorkunnu | 4000 | 51 | Mangalassery | 4000 |
| 23 | Elapeedika | 4000 | 52 | Manimooly | 4000 |
| 24 | Irulam | 4000 | 53 | Marutha | 2000 |
| 25 | Jude's Mount | 4000 | 54 | Meenangadi | 1000 |
| 26 | Kabanigiri | 4000 | 55 | Moolepadam | 4000 |
| 27 | Kadalmad | 4000 | 56 | Mothakara | 4000 |
| 28 | Kallumukku | 4000 | 57 | Muthireri | 4000 |
| 29 | Kalpetta | 4000 | 58 | Muttiyel | 4000 |
| 30 | Kammana | 4000 | 59 | Nadavayal | 4000 |

| SN | Name of the Parish | Amount | SN | Name of the Parish | Amount |
|---|---|---|---|---|---|
| 60 | Narivalamunda | 4000 | 87 | Puthussery | 4000 |
| 61 | Nedumpala | 4000 | 88 | Rippon | 4000 |
| 62 | Neikuppa | 4000 | 89 | Seethamount | 4000 |
| 63 | Nelliyodi | 4000 | 90 | Sisumala | 3000 |
| 64 | Edivanna | 4000 | 91 | SulthanBethery | 4000 |
| 65 | Niravilpuzha | 4000 | 92 | T K Colony | 2000 |
| 66 | Njarapadam | 4000 | 93 | Thalanji | 4000 |
| 67 | Olivumala | 4000 | 94 | Thelpara | 4000 |
| 68 | Padichira | 4000 | 95 | Thrissilery | 4000 |
| 69 | Palankara | 4000 | 96 | Vadapuram | 4000 |
| 70 | Palemad | 4000 | 97 | Vadakkanad | 4000 |
| 71 | Panamaram | 4000 | 98 | Vakerry | 6000 |
| 72 | Panamchira | 4000 | 99 | Valavayal | 4000 |
| 73 | Panavally | 4000 | 100 | Valery | 4000 |
| 74 | Panthipoil | 2000 | 101 | Valiakolly | 4000 |
| 75 | Paralikunnu | 4000 | 102 | Vallikkettu | 4000 |
| 76 | Prathottam | 4000 | 103 | Vanjode | 4000 |
| 77 | Pathiripadam | 4000 | 104 | Vazhavatta | 4000 |
| 78 | Pazhoor | 4000 | 105 | Vellamunda (Ozhukkanmoola) | 4000 |
| 79 | Peria | 4000 | | | |
| 80 | Pookkottumpadam | 2000 | 106 | Velloonny | 4000 |
| 81 | Poolapadam | 5000 | 107 | Vilambukandam | 4000 |
| 82 | Poroor | 4000 | 108 | Vythiri | 4000 |
| 83 | Prasanthagiri | 4000 | 109 | Boys Town | 4000 |
| 84 | Puthiyidamkunnu | 4000 | 110 | Deepthigiri | 4000 |
| 85 | Puthiyidom | 4000 | 111 | Kunnambetta | 2000 |
| 86 | Puthusserikkadave | 4000 | | | |

2016 മെയ് മാസത്തോടെ എല്ലാ ഇടവകകളിലേയ്ക്കും ചെക്ക്, Aid Disbursement Form എന്നിവ നൽകുകയുണ്ടായി. ഇതിൽ Aid Disbursement Form കുറേപ്പേർ പൂരിപ്പിച്ച് തിരികെ നൽകുകയുണ്ടായി. ഇനിയും തരാനുള്ളവർ എത്രയും വേഗം വിദ്യാഭ്യാസ സഹായനിധി സെക്രട്ടറിയുടെ അഡ്രസ്സിൽ ബിഷപ്സ് ഹൗസിലേയ്ക്ക് അയച്ചു തരണമെന്ന് ഓർമ്മിപ്പിക്കുന്നു. എല്ലാവരുടെയും സഹായ സഹകരണങ്ങൾക്ക് ഒത്തിരി സ്നേഹത്തോടെ നന്ദി അറിയിക്കുന്നു.

**ഫാ. അനൂപ് കാളിയാനിയിൽ**

സെക്രട്ടറി, വിദ്യാഭ്യാസ സഹായനിധി

### നടവയൽ ഫൊറോന

നടവയൽ ഫൊറോനയിലെ 2016 ഓഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം പാദ്രേപിയോ പനമരം ആശ്രമത്തിൽ വച്ച് നടത്തുകയുണ്ടായി. മാസധ്യാനത്തിൽ പതിനേഴു വൈദികർ പങ്കെടുക്കുകയുണ്ടായി. ബഹു. ആശ്രമസുപ്പീരിയർ മരിയദാസച്ചൻ ഏവർക്കും സ്വാഗതം നേർന്നു. ആശ്രമത്തിലെ ചാപ്പലിൽ ആരാധനയ്ക്കൊപ്പം പാദ്രേപിയോയിലെ ജോർജ്ജച്ചൻ ധ്യാനചിന്തകൾ പങ്കുവെച്ചു. നവംബർ 19-ന് നടത്താനൊരുങ്ങുന്ന 'കാരുണ്യവർഷ' ഫൊറോനാതല സമാപനത്തെക്കുറിച്ച് ആലോചിക്കുന്നതിനായി സെപ്റ്റംബർ 18-ന് വൈകുന്നേരം 4.00-ന് ഫൊറോന കൗൺസിൽ നടത്താൻ തീരുമാനിച്ചു. സംഘടനാ പ്രവർത്തനങ്ങളെക്കുറിച്ച് ധ്യാനത്തിൽ ചർച്ച ചെയ്യുകയുണ്ടായി. മിഷൻലീഗിന്റെ ഈ വർഷത്തെ കളർഫുൾ മത്സരത്തെക്കുറിച്ചും കെ.സി.വൈ.എമ്മിന്റെ ഡിവൈൻ മേഴ്സി യൂത്ത് കൺവൻഷനെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി. മേഖലാ മിഷൻലീഗ് ഭാരവാഹികൾ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിന്റെ ഭാഗമായി വൈദികരെ ആദരിച്ചു. ദീപികയെക്കുറിച്ച് സംസാരിക്കുന്നതിനായി ബഹു. സുനിൽ വട്ടുകുന്നേലച്ചനും എത്തിയിരുന്നു. അടുത്ത മാസധ്യാനം ഒക്ടോബർ 11-ന് പുഷ്പഗിരി ഒ.സി.ഡി. ആശ്രമത്തിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**ഫാ. അഗസ്റ്റ്യൻ ചിറയ്ക്കത്തോട്ടത്തിൽ**
സെക്രട്ടറി

### മുള്ളൻകൊല്ലി ഫൊറോന

മുള്ളൻകൊല്ലി ഫൊറോനയിലെ 2016 ഓഗസ്റ്റ് മാസത്തിലെ വൈദികരുടെ മാസധ്യാനം സെന്റ് മേരീസ് ഫൊറോനാ ചർച്ച് മുള്ളൻകൊല്ലിയിൽ വച്ച് നടത്തുകയുണ്ടായി. മാസധ്യാനത്തിന് 14 വൈദികർ പങ്കെടുക്കുകയുണ്ടായി. ബഹു. ഫൊറോന വികാരി റവ. ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ ഏവർക്കും സ്വാഗതം നേർന്നു. റവ. ഫാ. ബിജു കപ്പൂച്ചിൻ, പ്രണയത്തെ ഉപേക്ഷിച്ച് ബലിയെ പ്രണയിക്കേണ്ടവരാണ് പുരോഹിതർ എന്നും ബലിയുടെയും സമർപ്പിതജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും വളരെ മനോഹരമായ രീതിയിൽ

ധ്യാനചിന്തകൾ പങ്കുവച്ചു. മിഷൻലീഗിന്റെ ഈ വർഷത്തെ കളർഫുൾ മൽസരം 2016 സെപ്റ്റംബർ 12 ന് മുള്ളൻകൊല്ലി ഫൊറോനയിൽ വച്ച് നടത്താൻ തീരുമാനിച്ചു. ഓഗസ്റ്റ് 21, 28 തീയതികളിൽ മേഖലയുടെ മതബോധന വിസിറ്റ് ഉണ്ടാകുമെന്നും, ഈ വർഷത്തെ +2 വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ സംഗമം കഴിഞ്ഞ വർഷങ്ങളിലേതുപോലെ തന്നെ മേഖലാ തലത്തിൽ ക്രമീകരിച്ചിരിക്കുന്നതായും ഡയറക്ടർ ആയ റവ. ഫാ. സജി പുഞ്ചയിൽ അറിയിക്കുകയും ചെയ്തു. തുടർന്ന് മറ്റ് സംഘടനാപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുകയും വിദേശപര്യടനം കഴിഞ്ഞുവന്ന ബഹു. ഫ്രാൻസീസ് നെല്ലിക്കുന്നേൽ അച്ചനും, ബഹു. ജോളി കളപ്പുര അച്ചനും തങ്ങളുടെ രസകരമായ അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. സ്നേഹവിരുന്നിനുശേഷം എല്ലാവരും പിരിഞ്ഞു.

**ഫാ. ജോസഫ് പീച്ചാട്ട്**
സെക്രട്ടറി

# ബൈബിൾ അപ്പോസ്തലേറ്റ്

## സബ്സിഡി നിരക്കിൽ ബൈബിൾ

KCBC Bible Commission നൽകുന്ന സബ്സിഡി നിരക്കിലുള്ള സമ്പൂർണ്ണ Bible ന്റെ ഏതാനും കോപ്പികൾ Rs.100/- രൂപാനിരക്കിൽ രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ഓഫീസിൽ ലഭ്യമാണ്. ഇടവകകളിൽ സാമ്പത്തിക പ്രയാസമുള്ളവർക്കാണ് സൗജന്യ നിരക്കിലുള്ള ബൈബിൾ നൽകുക. ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

## ലോഗോസ് 2016

ലോഗോസ് 2016 രജിസ്ട്രേഷൻ സമയബന്ധിതമായി പൂർത്തിയാക്കാൻ സഹകരിച്ച ബഹു. വികാരിയച്ചന്മാർ, കൊച്ചച്ചൻമാർ, സിസ്റ്റേഴ്സ്, മതാദ്ധ്യാപകർ, മാതൃവേദി അംഗങ്ങൾ, സംഘടനാഭാരവാഹികൾ എന്നിവർക്ക് ഹൃദ്യമായ നന്ദി. ഈ വർഷം 18000 പേർ 167 സെന്ററുകളിലായി ലോഗോസ് ക്വിസ്സിന് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

## ലോഗോസ് 2016 രൂപതാതല പരീക്ഷ

2016 സെപ്തംബർ 25-ാം തീയതി ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മുതൽ 3.30 വരെയാണ് പരീക്ഷ. എല്ലാ സെന്ററുകളിലും കൃത്യസമയത്തുതന്നെ പരീക്ഷക്രമീകരിക്കാൻ ശ്രദ്ധിക്കണം. അഖിലകേരള അടിസ്ഥാനത്തിൽ പരീക്ഷ നടക്കുന്നതിനാൽ എല്ലാ ഇടവകകളും ഈ സമയ ക്രമീകരണം പാലിക്കണം. ബഹു. വികാരിയച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## ലോഗോസ് ബൈബിൾക്വിസ് പരീക്ഷാനടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങൾ

1. ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെ പൂർണ്ണ ഉത്തരവാദിത്വത്തിലായിരിക്കണം ലോഗോസ് ബൈബിൾ ക്വിസ് പരീക്ഷ നടത്തേണ്ടത്. പരീക്ഷാഹാളിലെ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചൻമാരുടെ നിർദ്ദേശങ്ങൾ അനുസരിച്ച് മാത്രമേ നടത്താവൂ.

2. പരീക്ഷ സെപ്റ്റംബർ 25 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെയുള്ള സമയത്താണ് നടത്തേണ്ടത്. കേരളത്തിലെ എല്ലാ രൂപതകളിലും പരീക്ഷ ഒരേസമയത്താണ് ക്രമീകരിച്ചിരിക്കുന്നത്.

3. ചോദ്യപേപ്പറിൽ ആകെ 103 ചോദ്യങ്ങൾ ഉണ്ടായിരിക്കും. അവയിൽ 100 എണ്ണം ശരിയായ ഉത്തരങ്ങളുടെ കോളം കറുപ്പിക്കുവാനുള്ളതാണ്. അവസാനം കൊടുത്തിരിക്കുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ ചുരുങ്ങിയ വാക്കുകളിൽ എഴുതണം

4. എല്ലാ ചോദ്യങ്ങളുടെയും ഉത്തരങ്ങൾ പ്രത്യേകം നൽകിയിരിക്കുന്ന ഉത്തരകടലാസിൽ രേഖപ്പെടുത്തുക.

5. ഉത്തരകടലാസിൽ പേര്, വീട്ടുപേര് (രജിസ്ട്രേഷൻ ഫോമിലുള്ളതുപോലെ) ഇടവക, രജിസ്റ്റർനമ്പർ, സെന്റർകോഡ് തുടങ്ങിയവ വ്യക്തമായി എഴുതേണ്ടതാണ്.

6. ഒരു ചോദ്യത്തിന് ഒന്നിൽ കൂടുതൽ ഉത്തരങ്ങൾ അടയാളപ്പെടുത്തുവാൻ പാടുള്ളതല്ല. ഉത്തരം വെട്ടിതിരുത്തുന്നത് അനുവദനീയമല്ല.

7. എ ഗ്രൂപ്പിലെ കുട്ടികൾക്ക് പ്രത്യേകം ചോദ്യങ്ങളും ബി,സി, ഡി,ഇ,എഫ് വിഭാഗക്കാർക്ക് പൊതുവായി ഒരേ ചോദ്യവുമായിരിക്കും ഉണ്ടായിരിക്കുക.

8. പരീക്ഷാഹാളിൽ എ,ബി,സി,ഡി,ഇ,എഫ് വിഭാഗങ്ങളെ അതാതു ഗ്രൂപ്പിൽതന്നെ ഇരുത്തുകയാണ് ഉത്തരകടലാസുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തിരിച്ചു വാങ്ങാൻ എളുപ്പം.

9. ഉത്തരത്തിന്റെ മൂല്യനിർണ്ണയം രൂപതാ കേന്ദ്രത്തിലാണ് നടത്തുക. അതുകൊണ്ട് ഉത്തര പേപ്പറുകൾ A,B,C,D,E,F വിഭാഗങ്ങളായി തിരിച്ച് രജിസ്ട്രേഷൻ ഫോമിലുള്ള ക്രമനമ്പർ അനുസരിച്ച് ക്രമമായി അടുക്കി ഒക്ടോബർ 03-ാം തീയതിക്കു മുൻപ് രൂപതാ കേന്ദ്രത്തിലെത്തിക്കണം.

10. രജിസ്ട്രേഷൻഫോമിലാണ് ഓരോ പരീക്ഷാർത്ഥിയുടെയും പേരുവിവരങ്ങൾ ഉള്ളത്. ഉത്തരകടലാസിന്റെ കൂടെ ഈ രജിസ്ട്രേഷൻഫോം തിരിച്ചു നൽകേണ്ടതാണ്. ഇതിലാണ് ഇടവകൾക്ക് മാർക്ക് നൽകുന്നത്. പരീക്ഷ എഴുതാത്ത കുട്ടികളുടെ പേരിനു നേരെ മാർക്കിന്റെ കോളത്തിൽ (X) അടയാളപ്പെടുത്തണം.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# മതബോധനരംഗം

## സെപ്റ്റംബർ 11 മതബോധന ഞായർ

സെപ്റ്റംബർ 11-ാം തീയതി നമ്മൾ മതബോധന ഞായർ ആഘോഷിക്കുന്നു. സഭയുടെ ശുശ്രൂഷകളിൽ വളരെ പ്രധാനപ്പെട്ട ശുശ്രൂഷയായ വിശ്വാസജീവിത പരിശീലന കർത്തവ്യത്തിലേയ്ക്ക് നിങ്ങളുടെ ശ്രദ്ധയെ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. കേരളസഭയിൽ ഇന്നുള്ള ദൈവവിളികൾക്കും കുടുംബഭദ്രതയ്ക്കും അടിസ്ഥാനമായി നിൽക്കുന്നത് ക്രമമായും ചിട്ടയായും കുട്ടികൾക്ക് നമ്മൾ നൽകുന്ന സൺഡേസ്കൂളുകളിലെ വിശ്വാസപരിശീലന മാണെന്നത് നിസ്തർക്കമായ കാര്യമാണ്. സഭയുടെ ഏറ്റവും വലിയ ഉത്തരവാദിത്വവും കടമയുമാണ് വിശ്വാസപരിശീലനം. കുട്ടികളെ സഭയോട് ചേർന്ന് നിൽക്കുവാൻ സഹായിക്കുന്നതും, വി.കുർബ്ബാന കേന്ദ്രീകൃതവുമായ ഒരു വിശ്വാസ പരിശീലനത്തിനാണ് നാം പ്രാധാന്യം കൊടുക്കേണ്ടത്. രൂപതയിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാ കുഞ്ഞുങ്ങൾക്കും ദൈവാനുഗ്രഹം നേരുന്നു. വിശ്വാസ പരിശീലന പ്രവർത്തനങ്ങളിൽ ഉൾച്ചേർന്ന് പ്രവർത്തിക്കുന്ന എല്ലാവർക്കും, പ്രത്യേകമായി മതാധ്യാപകർ, ഹെഡ്മാസ്റ്റേഴ്സ്, മേഖലാ ഡയറക്ടേഴ്സ്, മേഖലാ സെക്രട്ടറിമാർ, രൂപതാ ടീം അംഗങ്ങൾ എന്നിവർക്കും മതബോധന ഞായറിന്റെ ആശംസകൾ.

## രൂപതാ മതാധ്യാപക സംഗമം നവംബർ 12-13

മാനന്തവാടി രൂപതയിലെ മുഴുവൻ മതാധ്യാപകരുടെയും സംഗമം നവംബർ 12-13 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. നവംബർ 12 ശനിയാഴ്ച ചെറുപുഷ്പ മിഷൻ ലീഗിന്റെ സംസ്ഥാന മത്സരം കണിയാരം കത്തീഡ്രലിൽ വച്ച് നടത്തപ്പെടുന്നതിനാലും മറ്റ് ചില പ്രത്യേക കാരണങ്ങളാലും നവംബർ 13 ഞായറാഴ്ചയായിരിക്കും എല്ലാ മതാധ്യാപകരും ഒന്നുചേരുന്ന സംഗമം നടത്തപ്പെടുന്നത്. എന്നാൽ നവംബർ 12-ാം തീയതി മുഴുവൻ ഹെഡ്മാസ്റ്റർമാരും HDC പാസ്സായവരും HDC ചെയ്തുകൊണ്ടിരി

ക്കുന്നവരുമായ അദ്ധ്യാപകരും മേഖലാ ടീം അംഗങ്ങളും മേഖലാ റിസോഴ്സ് പേഴ്സൺസ് ടീം അംഗങ്ങളും രൂപതാ ടീം അംഗങ്ങളും ഒപ്പം പ്രത്യേക ക്ഷണിതാക്കളും ഒത്തുചേരുന്ന ഏകദിന പ്രോഗ്രാം ക്രമീകരിച്ചിരിക്കുന്നു. നവംബർ 13 ഞായറാഴ്ച മറ്റ് അദ്ധ്യാപകരും സംഗമത്തിന് എത്തിച്ചേരണം. മതാധ്യാപക സംഗമത്തിന്റെ വിശദാംശങ്ങൾ കത്ത് മുഖേന ഇടവകയിൽ അറിയിക്കുന്നതാണ്. ബഹുമാനപ്പെട്ട ഹെഡ്മാസ്റ്റേഴ്സ് ആമുഖമായി ഈ കാര്യങ്ങൾ മതാധ്യാപകരെ ഈ മാസംതന്നെ അറിയിക്കുമല്ലോ.

**HDC ഒന്നാം വർഷം**

HDC ഒന്നാം വർഷക്കാരുടെ ക്ലാസ്സുകൾ സെപ്റ്റംബർ മാസത്തിലാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 10-ന് ദ്വാരകയിലും 24-ന് ബത്തേരിയിലും ഒക്ടോബർ 1-ന് മണിമൂളിയിലും വച്ച് ക്ലാസ്സുകൾ നടത്തപ്പെടുന്നതാണ്. മണിമൂളിയിലെ ക്ലാസ്സ് സെപ്റ്റംബർ 17-ൽ നിന്നും ഒക്ടോബർ 1-ലേക്ക് മാറ്റിയിരിക്കുന്നത് ശ്രദ്ധിക്കുക. സെപ്റ്റംബർ 17-ന് മണിമൂളി-നിലമ്പൂർ മേഖലയുടെ CML ന്റെ കലാമത്സരം നടക്കുന്നതിനാലാണിത്.

## Plus Two വിദ്യാർത്ഥി സംഗമം

ഈ വർഷം പ്ലസ്ടുവിൽ വിശ്വാസപരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ സംഗമം, കഴിഞ്ഞ വർഷത്തിലേതുപോലെതന്നെ ഫൊറോനാതലത്തിൽ ക്രമീകരിച്ചിരിക്കുന്നു. സെപ്റ്റംബർ 4-ാം തീയതി മുതലുള്ള ഞായറാഴ്ചകളിലാണ് സംഗമം നടക്കുന്നത്. മേഖലാ സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**DCC സംഗമം**

DCC 2016-2018 ബാച്ചിന്റെ പ്രഥമ സംഗമം സെപ്റ്റംബർ 4-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ 9.30 നാണ് സംഗമം ആരംഭിക്കുന്നത്. കുട്ടികൾക്ക് വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്**

12-ാം ക്ലാസ്സിലെ സിലബസ്സ് ശ്രദ്ധിക്കുക. I[st] Term: Lesson 1-7, നമസ്കാരങ്ങൾ, ജപമാല, പൊതുവിജ്ഞാനം, *ഉപപാഠപുസ്തകം 1-4 ചാപ്റ്റർ,* വി.ഗ്രന്ഥം 1-12 ആഴ്ച.

II[nd] Term: Lesson 8-12, നമസ്കാരങ്ങൾ, ജപമാല, പൊതുവിജ്ഞാനം, *ഉപപാഠപുസ്തകം 5 മുതൽ 6 വരെ പാഠങ്ങൾ*, വി.ഗ്രന്ഥഭാഗം 13-20 ആഴ്ച.

**മതബോധന സർവ്വേ**

ഈ വർഷം വിശ്വാസപരിശീലനം നടത്തുന്ന കുട്ടികളുടെ എണ്ണം ഇടവക തിരിച്ച്, ക്ലാസ്സടിസ്ഥാനത്തിൽ താഴെ ചേർക്കുന്നു. എണ്ണത്തിൽ വ്യത്യാസമുണ്ടെങ്കിൽ രേഖാമൂലം മതബോധന ഓഫീസിൽ അറിയിക്കുമല്ലോ.

**NUMBER OF STUDENTS ACCORDING TO CLASS LEVEL AT PARISHES FOR THE YEAR 2016-17**

| No. | PARISH | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **BATHERY** | | | | | | | | | | | | | |
| 1 | AMBALAVAYAL | 33 | 34 | 42 | 19 | 35 | 36 | 32 | 42 | 28 | 29 | 40 | 28 | 398 |
| 2 | BATHERY | 51 | 48 | 65 | 59 | 55 | 41 | 64 | 51 | 49 | 57 | 45 | 49 | 634 |
| 3 | CHEENGAVALLAM | 10 | 6 | 4 | 2 | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 22 |
| 4 | CHITHRAGIRI | 12 | 5 | 11 | 18 | 8 | 9 | 13 | 11 | 12 | 10 | 12 | 14 | 135 |
| 5 | CHULLIODE | 4 | 4 | 7 | 4 | 8 | 4 | 7 | 8 | 5 | 15 | 7 | 7 | 80 |
| 6 | KADALMAD | 8 | 5 | 10 | 5 | 6 | 6 | 4 | 4 | 8 | 10 | 5 | 7 | 78 |
| 7 | KALLUMUKKU | 3 | 4 | 0 | 0 | 0 | 6 | 5 | 3 | 6 | 7 | 0 | 0 | 34 |
| 8 | KARANI | 4 | 3 | 5 | 2 | 0 | 4 | 0 | 5 | 0 | 2 | 3 | 0 | 28 |
| 9 | MEENANGADI | 11 | 13 | 15 | 20 | 17 | 25 | 16 | 14 | 15 | 13 | 14 | 13 | 186 |
| 10 | MOOLANKAVU | 17 | 15 | 25 | 16 | 17 | 25 | 24 | 17 | 12 | 16 | 20 | 17 | 221 |
| 11 | PAZHOOR | 17 | 8 | 13 | 5 | 12 | 10 | 11 | 11 | 11 | 15 | 10 | 17 | 140 |
| 12 | THOMATTUCHAL | 3 | 13 | 10 | 18 | 16 | 16 | 15 | 16 | 17 | 17 | 17 | 19 | 177 |
| 13 | VADAKKANAD | 9 | 5 | 6 | 5 | 5 | 7 | 7 | 10 | 6 | 10 | 9 | 5 | 84 |
| 14 | VAKERY | 9 | 14 | 12 | 6 | 6 | 8 | 5 | 12 | 12 | 3 | 6 | 6 | 99 |
| | | 191 | 177 | 225 | 179 | 185 | 197 | 203 | 204 | 181 | 204 | 188 | 182 | 2316 |
| | **CHUNGAKKUNNU** | | | | | | | | | | | | | |
| 15 | ADACKATHODE | 27 | 33 | 23 | 20 | 48 | 37 | 30 | 34 | 40 | 32 | 36 | 29 | 389 |
| 16 | AMBAYATHODE | 24 | 11 | 18 | 11 | 22 | 15 | 10 | 12 | 14 | 15 | 21 | 7 | 180 |
| 17 | CHUNGAKKUNNU | 45 | 47 | 52 | 53 | 56 | 50 | 52 | 58 | 67 | 73 | 75 | 53 | 681 |
| 18 | KELAKAM | 10 | 13 | 10 | 13 | 10 | 3 | 14 | 13 | 9 | 16 | 15 | 14 | 140 |
| 19 | KOTTIYOOR | 45 | 49 | 52 | 55 | 60 | 51 | 56 | 64 | 56 | 72 | 54 | 54 | 668 |
| 20 | NELLIODY | 5 | 8 | 8 | 8 | 7 | 9 | 8 | 6 | 9 | 6 | 11 | 6 | 91 |
| 21 | OTTAPLAVU | 5 | 8 | 6 | 9 | 12 | 12 | 11 | 9 | 18 | 23 | 10 | 5 | 128 |
| 22 | PALCHURAM | 11 | 16 | 10 | 8 | 13 | 14 | 9 | 16 | 9 | 14 | 9 | 11 | 140 |
| 23 | SANTHIGIRI | 3 | 4 | 11 | 7 | 8 | 12 | 8 | 9 | 8 | 10 | 6 | 3 | 89 |
| 24 | VELLOONNI | 14 | 15 | 9 | 15 | 12 | 10 | 11 | 11 | 10 | 9 | 16 | 16 | 148 |
| | | 189 | 204 | 199 | 199 | 248 | 213 | 209 | 232 | 240 | 270 | 253 | 198 | 2654 |
| | **KALLODY** | | | | | | | | | | | | | |
| 25 | CHULLIYANA | 6 | 9 | 9 | 6 | 7 | 11 | 8 | 7 | 9 | 7 | 7 | 7 | 93 |
| 26 | DEEPTHIGIRI | 14 | 17 | 16 | 9 | 19 | 10 | 18 | 14 | 17 | 19 | 16 | 22 | 191 |
| 27 | DWARAKA | 20 | 23 | 19 | 25 | 17 | 19 | 23 | 19 | 27 | 31 | 22 | 42 | 287 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 28 | JUDE'S MOUNT | 4 | 8 | 5 | 8 | 7 | 5 | 9 | 9 | 5 | 7 | 9 | 10 | 86 |
| 29 | KALLODY | 38 | 48 | 40 | 33 | 35 | 45 | 42 | 47 | 49 | 47 | 49 | 34 | 507 |
| 30 | KARACKAMALA | 17 | 12 | 21 | 25 | 9 | 15 | 24 | 18 | 20 | 23 | 16 | 24 | 224 |
| 31 | KARIMBIL | 5 | 3 | 7 | 3 | 4 | 5 | 10 | 5 | 5 | 2 | 6 | 3 | 58 |
| 32 | KOMMAYAD | 9 | 14 | 23 | 11 | 17 | 11 | 14 | 19 | 24 | 18 | 17 | 13 | 190 |
| 33 | KUNJHOM | 9 | 6 | 4 | 9 | 10 | 4 | 16 | 6 | 10 | 9 | 8 | 9 | 100 |
| 34 | MAKKIYAD | 5 | 9 | 13 | 9 | 15 | 11 | 14 | 20 | 33 | 23 | 16 | 13 | 181 |
| 35 | MANGALASSERY | 5 | 2 | 7 | 6 | 6 | 6 | 7 | 4 | 6 | 6 | 18 | 2 | 75 |
| 36 | MOTHAKKARA | 2 | 4 | 6 | 3 | 6 | 0 | 3 | 6 | 3 | 0 | 7 | 5 | 45 |
| 37 | NIRAVILPUZHA | 4 | 4 | 0 | 0 | 4 | 4 | 3 | 2 | 0 | 5 | 3 | 1 | 30 |
| 38 | PUTHIYIDAMKUNNU | 9 | 11 | 12 | 10 | 8 | 5 | 11 | 8 | 9 | 11 | 16 | 6 | 116 |
| 39 | PUTHUSSERY | 12 | 8 | 10 | 6 | 12 | 4 | 11 | 12 | 5 | 9 | 10 | 8 | 107 |
| 40 | THONICHAL | 20 | 16 | 15 | 20 | 14 | 14 | 20 | 23 | 18 | 15 | 26 | 25 | 226 |
| 41 | VALERY | 10 | 8 | 6 | 9 | 5 | 9 | 2 | 6 | 6 | 5 | 3 | 5 | 74 |
| 42 | VANJODE | 9 | 15 | 15 | 12 | 10 | 7 | 11 | 8 | 7 | 18 | 10 | 11 | 133 |
| 43 | VELLAMUNDA | 18 | 8 | 13 | 9 | 13 | 12 | 13 | 7 | 17 | 14 | 9 | 11 | 144 |
| | | 216 | 225 | 241 | 213 | 218 | 197 | 259 | 240 | 270 | 269 | 268 | 251 | 2867 |
| | **KALPETTA** | | | | | | | | | | | | | |
| 44 | CHARITTY | 8 | 2 | 11 | 9 | 7 | 7 | 7 | 4 | 3 | 6 | 6 | 16 | 86 |
| 45 | CHURALMALA | 0 | 1 | 1 | 2 | 0 | 0 | 2 | 3 | 0 | 1 | 8 | 2 | 20 |
| 46 | EDAPPETTY | 12 | 7 | 9 | 10 | 13 | 9 | 12 | 17 | 4 | 5 | 9 | 9 | 116 |
| 47 | KALPETTA | 16 | 13 | 25 | 26 | 27 | 31 | 34 | 20 | 29 | 33 | 32 | 20 | 306 |
| 48 | KOLAVAYAL | 6 | 5 | 9 | 11 | 11 | 6 | 8 | 7 | 5 | 10 | 11 | 6 | 95 |
| 49 | LEKKIDI | 3 | 0 | 0 | 1 | 3 | 5 | 2 | 3 | 1 | 0 | 0 | 4 | 22 |
| 50 | NEDUMBALA | 9 | 14 | 12 | 10 | 14 | 5 | 23 | 13 | 16 | 7 | 15 | 15 | 153 |
| 51 | OLIVUMALA | 11 | 7 | 2 | 6 | 4 | 3 | 2 | 8 | 3 | 3 | 6 | 0 | 55 |
| 52 | PUZHAMUDI | 4 | 4 | 6 | 2 | 4 | 7 | 4 | 3 | 4 | 8 | 6 | 9 | 61 |
| 53 | RIPPON | 8 | 14 | 16 | 15 | 16 | 19 | 12 | 20 | 13 | 11 | 24 | 14 | 182 |
| 54 | THENERY | 21 | 10 | 22 | 13 | 27 | 14 | 19 | 18 | 20 | 18 | 19 | 12 | 213 |
| 55 | THRIKKEIPETTA | 5 | 3 | 3 | 5 | 4 | 3 | 5 | 3 | 4 | 3 | 4 | 3 | 45 |
| 56 | VAZHAVATTA | 21 | 29 | 36 | 31 | 24 | 26 | 32 | 37 | 30 | 25 | 33 | 32 | 356 |
| 57 | VYTHIRY | 1 | 7 | 8 | 2 | 9 | 6 | 6 | 3 | 2 | 2 | 4 | 4 | 54 |
| | | 125 | 116 | 160 | 143 | 163 | 141 | 168 | 159 | 134 | 132 | 177 | 146 | 1764 |
| | **MANANTHAVADY** | | | | | | | | | | | | | |
| 58 | ALATTIL | 18 | 9 | 9 | 22 | 13 | 17 | 8 | 23 | 21 | 23 | 22 | 18 | 203 |
| 59 | BOY'S TOWN | 6 | 0 | 4 | 2 | 3 | 0 | 4 | 5 | 4 | 4 | 4 | 5 | 41 |
| 60 | ELAPPEEDIKA | 4 | 8 | 1 | 4 | 8 | 10 | 7 | 10 | 9 | 8 | 8 | 8 | 85 |
| 61 | KARIMANI | 5 | 6 | 3 | 4 | 4 | 5 | 3 | 3 | 0 | 7 | 6 | 4 | 50 |
| 62 | KUTTIMOOLA | 3 | 6 | 5 | 7 | 5 | 8 | 3 | 7 | 6 | 5 | 8 | 6 | 69 |
| 63 | MANANTHAVADY © | 39 | 33 | 30 | 28 | 44 | 44 | 34 | 44 | 42 | 58 | 49 | 32 | 477 |
| 64 | MANANTHAVADY(T) | 12 | 14 | 19 | 21 | 14 | 17 | 14 | 17 | 21 | 19 | 21 | 9 | 198 |
| 65 | MUTHIRERY | 23 | 9 | 9 | 8 | 16 | 7 | 12 | 12 | 11 | 17 | 12 | 19 | 155 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 66 | PARATHOTTAM | 11 | 8 | 9 | 5 | 10 | 6 | 7 | 6 | 7 | 9 | 3 | 7 | 88 |
| 67 | PERIA | 3 | 7 | 6 | 8 | 7 | 7 | 3 | 6 | 5 | 11 | 7 | 7 | 77 |
| 68 | POROOR | 34 | 27 | 29 | 21 | 37 | 27 | 25 | 27 | 22 | 27 | 41 | 21 | 338 |
| 69 | PRASANTHAGIRI | 4 | 5 | 4 | 9 | 7 | 4 | 6 | 6 | 5 | 10 | 4 | 14 | 78 |
| 70 | PUTHIYIDOM | 7 | 8 | 13 | 6 | 11 | 7 | 6 | 16 | 9 | 8 | 13 | 6 | 110 |
| 71 | THALAPUZHA | 4 | 6 | 7 | 6 | 11 | 4 | 4 | 5 | 4 | 7 | 10 | 8 | 76 |
| 72 | THAVINJAL | 19 | 28 | 18 | 16 | 25 | 24 | 23 | 24 | 28 | 28 | 20 | 32 | 285 |
| 73 | VALAD | 3 | 5 | 10 | 7 | 4 | 9 | 6 | 5 | 3 | 4 | 3 | 5 | 64 |
| 74 | VALIYAKOLLY | 6 | 5 | 10 | 10 | 3 | 3 | 0 | 5 | 4 | 7 | 5 | 4 | 62 |
| 75 | YAVANARKULAM | 4 | 11 | 6 | 11 | 13 | 14 | 21 | 12 | 21 | 15 | 25 | 16 | 169 |
| | | 205 | 195 | 192 | 195 | 235 | 213 | 186 | 233 | 222 | 267 | 261 | 221 | 2625 |
| | **MANIMOOLY** | | | | | | | | | | | | | |
| 76 | BHOODANAM | 3 | 0 | 1 | 1 | 1 | 0 | 1 | 0 | 0 | 5 | 0 | 3 | 15 |
| 77 | MANIMOOLY | 33 | 28 | 27 | 42 | 43 | 26 | 24 | 45 | 37 | 33 | 37 | 21 | 396 |
| 78 | MARUTHA | 0 | 3 | 0 | 5 | 3 | 5 | 3 | 2 | 0 | 2 | 2 | 0 | 25 |
| 79 | MUNDERY | 6 | 4 | 4 | 0 | 7 | 4 | 4 | 9 | 6 | 12 | 7 | 3 | 66 |
| 80 | NARIVALAMUNDA | 13 | 10 | 16 | 18 | 14 | 8 | 16 | 23 | 13 | 18 | 13 | 26 | 188 |
| 81 | NJARAPPADAM | 8 | 6 | 8 | 6 | 5 | 9 | 5 | 8 | 7 | 5 | 9 | 8 | 84 |
| 82 | PALANKARA | 23 | 12 | 18 | 22 | 24 | 18 | 11 | 19 | 20 | 17 | 22 | 12 | 218 |
| 83 | PALEMAD | 12 | 14 | 14 | 9 | 7 | 17 | 14 | 5 | 18 | 17 | 10 | 15 | 152 |
| 84 | PATHIRIPPADAM | 14 | 14 | 21 | 14 | 21 | 21 | 20 | 17 | 12 | 28 | 27 | 15 | 224 |
| 85 | THALANJI | 16 | 27 | 15 | 21 | 22 | 22 | 15 | 21 | 20 | 14 | 26 | 16 | 235 |
| | | 128 | 118 | 124 | 138 | 147 | 130 | 113 | 149 | 133 | 151 | 153 | 119 | 1603 |
| | **MULLENKOLLY** | | | | | | | | | | | | | |
| 86 | ADIKKOLLY | 20 | 24 | 16 | 22 | 19 | 24 | 17 | 19 | 23 | 28 | 25 | 21 | 258 |
| 87 | AMARAKKUNI | 4 | 7 | 12 | 8 | 10 | 10 | 9 | 8 | 13 | 16 | 14 | 14 | 125 |
| 88 | IRULAM | 3 | 11 | 6 | 9 | 11 | 12 | 6 | 11 | 10 | 20 | 16 | 8 | 123 |
| 89 | KABANIGIRI | 10 | 14 | 9 | 11 | 6 | 10 | 9 | 15 | 14 | 12 | 19 | 22 | 151 |
| 90 | MARAKAVU | 30 | 39 | 39 | 32 | 34 | 29 | 32 | 39 | 41 | 37 | 35 | 23 | 410 |
| 91 | MARAKKADAVU | 26 | 16 | 12 | 16 | 14 | 9 | 10 | 25 | 12 | 16 | 16 | 12 | 184 |
| 92 | MULLANKOLLY | 52 | 70 | 41 | 47 | 48 | 54 | 45 | 42 | 53 | 63 | 53 | 54 | 622 |
| 93 | PADICHIRA | 31 | 32 | 38 | 39 | 33 | 34 | 32 | 20 | 27 | 34 | 34 | 21 | 375 |
| 94 | PATTANIKOOP | 11 | 18 | 15 | 13 | 13 | 7 | 11 | 11 | 18 | 8 | 12 | 11 | 148 |
| 95 | PULPALLY | 20 | 22 | 17 | 18 | 17 | 11 | 15 | 23 | 18 | 19 | 23 | 21 | 224 |
| 96 | SEETHAMOUNT | 20 | 21 | 12 | 26 | 12 | 11 | 18 | 23 | 22 | 13 | 5 | 16 | 199 |
| 97 | SISUMALA | 26 | 25 | 35 | 21 | 25 | 20 | 30 | 23 | 31 | 27 | 33 | 14 | 310 |
| | | 253 | 299 | 252 | 262 | 242 | 231 | 234 | 259 | 282 | 293 | 285 | 237 | 3129 |
| | **NADAVAYAL** | | | | | | | | | | | | | |
| 98 | ARINCHERMALA | 13 | 16 | 9 | 15 | 15 | 9 | 15 | 13 | 14 | 9 | 15 | 0 | 143 |
| 99 | CHERUKATTOOR | 33 | 37 | 34 | 41 | 25 | 26 | 41 | 33 | 42 | 32 | 46 | 34 | 424 |
| 100 | CHUNDAKKARA | 45 | 55 | 32 | 34 | 42 | 36 | 43 | 43 | 42 | 47 | 45 | 59 | 523 |
| 101 | KALLUVAYAL | 16 | 15 | 19 | 20 | 18 | 21 | 21 | 19 | 10 | 21 | 19 | 12 | 211 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 102 | KANIYAMBATTA | 4 | 6 | 8 | 3 | 0 | 6 | 10 | 8 | 4 | 3 | 3 | 0 | 55 |
| 103 | KENICHIRA | 16 | 16 | 23 | 19 | 21 | 29 | 19 | 30 | 27 | 27 | 25 | 26 | 278 |
| 104 | KURUMBALA KKOTTA | 8 | 7 | 6 | 13 | 3 | 5 | 8 | 9 | 9 | 11 | 11 | 8 | 98 |
| 105 | NADAVAYAL | 65 | 65 | 68 | 70 | 65 | 66 | 65 | 66 | 68 | 65 | 73 | 82 | 818 |
| 106 | NEIKKUPPA | 10 | 5 | 4 | 5 | 6 | 2 | 4 | 4 | 9 | 9 | 5 | 4 | 67 |
| 107 | PANAMARAM | 8 | 5 | 6 | 6 | 10 | 7 | 6 | 4 | 9 | 7 | 11 | 9 | 88 |
| 108 | PARALIKKUNNU | 7 | 12 | 5 | 8 | 10 | 6 | 7 | 5 | 5 | 7 | 6 | 0 | 78 |
| 109 | VALAVAYAL | 4 | 7 | 4 | 11 | 2 | 7 | 9 | 0 | 10 | 10 | 9 | 10 | 83 |
| 110 | VILAMBUKANDAM | 11 | 13 | 16 | 6 | 12 | 13 | 12 | 20 | 12 | 10 | 16 | 8 | 149 |
| | | 240 | 259 | 234 | 251 | 229 | 233 | 260 | 254 | 261 | 258 | 284 | 264 | 3027 |
| | **NILAMBUR** | | | | | | | | | | | | | |
| 111 | CHOKKAD | 7 | 4 | 5 | 9 | 10 | 4 | 11 | 7 | 10 | 8 | 11 | 6 | 92 |
| 112 | EDIVANNA | 16 | 16 | 8 | 10 | 18 | 18 | 17 | 22 | 15 | 14 | 21 | 20 | 195 |
| 113 | MOOLEPADAM | 3 | 5 | 9 | 0 | 5 | 7 | 4 | 8 | 4 | 3 | 7 | 3 | 58 |
| 114 | MUTTIYEL | 0 | 3 | 1 | 3 | 3 | 3 | 5 | 1 | 2 | 3 | 2 | 2 | 28 |
| 115 | NILAMBUR | 16 | 17 | 32 | 21 | 27 | 22 | 36 | 36 | 28 | 35 | 14 | 14 | 298 |
| 116 | POOKOTTUM PADAM | 16 | 3 | 3 | 11 | 5 | 15 | 13 | 10 | 9 | 11 | 15 | 10 | 121 |
| 117 | POOLAPPADAM | 12 | 14 | 11 | 13 | 12 | 13 | 16 | 12 | 13 | 16 | 12 | 10 | 154 |
| 118 | RUBYNAGAR | 8 | 9 | 7 | 0 | 5 | 5 | 11 | 6 | 6 | 3 | 9 | 4 | 73 |
| 119 | THELPARA | 8 | 8 | 8 | 0 | 15 | 0 | 15 | 10 | 7 | 11 | 15 | 7 | 104 |
| 120 | T.K.KOLANY | 0 | 3 | 3 | 2 | 2 | 2 | 0 | 4 | 0 | 8 | 9 | 0 | 33 |
| 121 | VALLIKETTU | 2 | 3 | 3 | 2 | 2 | 1 | 4 | 3 | 3 | 6 | 4 | 2 | 35 |
| 122 | VADAPURAM | 10 | 5 | 7 | 12 | 5 | 12 | 13 | 9 | 9 | 11 | 12 | 10 | 115 |
| | | 98 | 90 | 97 | 83 | 109 | 102 | 145 | 128 | 106 | 129 | 131 | 88 | 1306 |
| | **NILGIRIS** | | | | | | | | | | | | | |
| 123 | ARATTUPARA | 0 | 2 | 0 | 0 | 1 | 0 | 0 | 3 | 0 | 2 | 1 | 0 | 9 |
| 124 | ARULNILAYAM | 11 | 8 | 13 | 7 | 14 | 10 | 16 | 15 | 12 | 22 | 9 | 11 | 148 |
| 125 | ARAVANKADU | 2 | 0 | 1 | 2 | 2 | 1 | 0 | 3 | 1 | 3 | 3 | 0 | 18 |
| 126 | BEKKI | 0 | 3 | 2 | 1 | 2 | 2 | 2 | 6 | 2 | 3 | 1 | 4 | 28 |
| 127 | COONOOR | 2 | 6 | 5 | 4 | 5 | 4 | 4 | 8 | 5 | 9 | 8 | 8 | 68 |
| 128 | DARMAGIRI | 8 | 6 | 3 | 11 | 10 | 12 | 15 | 18 | 14 | 16 | 11 | 5 | 129 |
| 129 | KALPRA | 19 | 14 | 8 | 13 | 16 | 15 | 18 | 8 | 14 | 16 | 10 | 11 | 162 |
| 130 | KAYYUNNI | 23 | 19 | 24 | 22 | 21 | 19 | 25 | 31 | 20 | 34 | 24 | 30 | 292 |
| 131 | KUNNALADI | 8 | 12 | 6 | 12 | 11 | 7 | 14 | 9 | 4 | 4 | 5 | 2 | 94 |
| 132 | MACHIKKOLLY | 4 | 4 | 8 | 6 | 8 | 4 | 5 | 9 | 8 | 6 | 7 | 5 | 74 |
| 133 | MANVAYAL | 3 | 6 | 6 | 9 | 8 | 13 | 11 | 6 | 7 | 14 | 15 | 18 | 116 |
| 134 | PANAMCHIRA | 3 | 6 | 2 | 10 | 7 | 7 | 6 | 4 | 6 | 5 | 9 | 6 | 71 |
| 135 | VIMALAGIRI | 7 | 7 | 6 | 11 | 10 | 10 | 13 | 8 | 9 | 16 | 13 | 7 | 117 |
| | | 90 | 93 | 84 | 108 | 115 | 104 | 129 | 128 | 102 | 150 | 116 | 107 | 1326 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | **PAYYAMPALLY** | | | | | | | | | | | | | |
| 136 | APPAPPARA | 1 | 1 | 0 | 0 | 2 | 5 | 0 | 2 | 0 | 5 | 2 | 1 | 19 |
| 137 | ARATTUTHARA | 9 | 14 | 12 | 11 | 15 | 6 | 16 | 17 | 5 | 15 | 16 | 3 | 139 |
| 138 | BAVALI | 1 | 1 | 0 | 2 | 0 | 0 | 0 | 1 | 0 | 0 | 0 | 0 | 5 |
| 139 | EDAYOORKUNNU | 6 | 6 | 5 | 3 | 5 | 5 | 1 | 3 | 2 | 4 | 0 | 6 | 46 |
| 140 | KAMMANA | 10 | 19 | 18 | 16 | 13 | 10 | 17 | 11 | 17 | 14 | 17 | 18 | 180 |
| 141 | KARTIKULAM | 7 | 2 | 5 | 9 | 13 | 12 | 12 | 10 | 13 | 6 | 13 | 12 | 114 |
| 142 | MARTIN NAGAR | 21 | 26 | 19 | 19 | 21 | 26 | 16 | 31 | 27 | 32 | 22 | 26 | 286 |
| 143 | PADAMALA | 10 | 11 | 11 | 17 | 11 | 8 | 15 | 11 | 12 | 14 | 8 | 7 | 135 |
| 144 | PANAVALLY | 0 | 5 | 0 | 2 | 0 | 1 | 0 | 4 | 0 | 6 | 0 | 7 | 25 |
| 145 | PAYYAMPALLY | 34 | 38 | 43 | 46 | 43 | 41 | 47 | 56 | 48 | 51 | 54 | 41 | 542 |
| 146 | THRISSILERY | 12 | 8 | 9 | 6 | 9 | 12 | 15 | 13 | 7 | 12 | 8 | 11 | 122 |
| | | 111 | 131 | 122 | 131 | 132 | 126 | 139 | 159 | 131 | 159 | 140 | 132 | 1613 |
| | **THARIODE** | | | | | | | | | | | | | |
| 147 | CHENNALODE | 22 | 21 | 14 | 27 | 35 | 28 | 31 | 23 | 17 | 30 | 31 | 17 | 296 |
| 148 | KAVUMMANNAM | 12 | 12 | 9 | 17 | 13 | 12 | 9 | 18 | 16 | 16 | 9 | 17 | 160 |
| 149 | KOTTATHARA | 17 | 15 | 18 | 1 | 22 | 14 | 18 | 11 | 11 | 19 | 18 | 31 | 195 |
| 150 | KURUMANI | 6 | 11 | 5 | 15 | 4 | 10 | 10 | 10 | 5 | 4 | 12 | 9 | 101 |
| 151 | KURUMBALA | 25 | 24 | 15 | 21 | 23 | 18 | 20 | 20 | 22 | 19 | 19 | 13 | 239 |
| 152 | MANGALAM | 4 | 10 | 4 | 10 | 5 | 9 | 8 | 6 | 12 | 14 | 5 | 0 | 87 |
| 153 | MANJOORA | 23 | 10 | 23 | 16 | 13 | 19 | 11 | 7 | 15 | 6 | 14 | 8 | 165 |
| 154 | PANTHIPOIL | 3 | 3 | 3 | 2 | 3 | 2 | 9 | 5 | 2 | 4 | 2 | 2 | 40 |
| 155 | PUTHUSERY KKADAVU | 11 | 12 | 10 | 5 | 14 | 10 | 6 | 9 | 13 | 8 | 12 | 8 | 118 |
| 156 | THARIODE | 19 | 24 | 35 | 19 | 33 | 31 | 31 | 21 | 25 | 31 | 28 | 11 | 308 |
| | | 142 | 142 | 136 | 133 | 165 | 153 | 153 | 130 | 138 | 151 | 150 | 116 | 1709 |

**TOTAL NUMBER OF STUDENTS IN FORANE LEVEL**

| Name Of Forane | I | II | III | IV | V | VI | VII | VIII | IX | X | XI | XII | Toal |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Bathery | 191 | 177 | 225 | 179 | 185 | 197 | 203 | 204 | 181 | 204 | 188 | 182 | 2316 |
| Chungakkunnu | 189 | 204 | 199 | 199 | 248 | 213 | 209 | 232 | 240 | 270 | 253 | 198 | 2654 |
| Kallody | 216 | 225 | 241 | 213 | 218 | 197 | 259 | 240 | 270 | 269 | 268 | 251 | 2867 |
| Kalpetta | 125 | 116 | 160 | 143 | 163 | 141 | 168 | 159 | 134 | 132 | 177 | 146 | 1764 |
| Mananthavady | 205 | 195 | 192 | 195 | 235 | 213 | 186 | 233 | 222 | 267 | 261 | 221 | 2625 |
| Manimooly | 128 | 118 | 124 | 138 | 147 | 130 | 113 | 149 | 133 | 151 | 153 | 119 | 1603 |
| Mullenkolly | 253 | 299 | 252 | 262 | 242 | 231 | 234 | 259 | 282 | 293 | 285 | 237 | 3129 |
| Nadavayal | 240 | 259 | 234 | 251 | 229 | 233 | 260 | 254 | 261 | 258 | 284 | 264 | 3027 |
| Nilambur | 98 | 90 | 97 | 83 | 109 | 102 | 145 | 128 | 106 | 129 | 131 | 88 | 1306 |
| Nilgiri | 90 | 93 | 84 | 108 | 115 | 104 | 129 | 128 | 102 | 150 | 116 | 107 | 1326 |
| Payyampally | 111 | 131 | 122 | 131 | 132 | 126 | 139 | 159 | 131 | 159 | 140 | 132 | 1613 |
| Thariode | 142 | 142 | 136 | 133 | 165 | 153 | 153 | 130 | 138 | 151 | 150 | 116 | 1709 |
| Total | 1988 | 2049 | 2066 | 2035 | 2188 | 2040 | 2198 | 2275 | 2200 | 2433 | 2406 | 2061 | 25939 |

| TOTAL NUMBER OF TEACHERS IN FORANE LEVEL | | | | | | |
|---|---|---|---|---|---|---|
| Name Of Forane | Gents | Ladies | Sisters | Brothers | C.Team | Total |
| Bathery | 71 | 87 | 55 | 2 | | 215 |
| Chungakkunnu | 60 | 93 | 33 | 2 | | 188 |
| Kallody | 101 | 155 | 53 | 1 | | 310 |
| Kalpetta | 52 | 118 | 38 | 4 | | 212 |
| Mananthavady | 101 | 114 | 56 | 1 | | 272 |
| Manimooly | 44 | 61 | 34 | 1 | | 140 |
| Mullenkolly | 81 | 88 | 35 | 1 | | 205 |
| Nadavayal | 61 | 110 | 57 | 4 | | 232 |
| Nilambur | 49 | 92 | 23 | 0 | | 164 |
| Nilgiri | 52 | 75 | 37 | 4 | | 168 |
| Payyampally | 40 | 61 | 44 | 2 | | 147 |
| Thariode | 54 | 66 | 28 | 1 | | 149 |
| Total | 766 | 1120 | 493 | 23 | 26 | 2428 |

**ഫാ. റോയി വട്ടക്കാട്ട്**
മതബോധന ഡയറക്ടർ

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ ലീഗ് അംഗങ്ങളെ,

'പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം കൊടുക്കുന്നത്.'

കാരുണ്യ പ്രവർത്തികളിലൂടെയുള്ള സഞ്ചാരത്തിലാണല്ലോ നാം. സ്വർഗ്ഗവാതിലിൽ നാം ഉത്തരം കൊടുക്കേണ്ട ചോദ്യങ്ങളും അതുതന്നെ. 'എനിക്ക് വിശന്നു, നിങ്ങൾ ഭക്ഷിക്കാൻ തന്നു. എനിക്ക് ദാഹിച്ചു, നിങ്ങൾ കുടിക്കാൻ തന്നു...' (മത്തായി 25:35) ചോദ്യവും ഉത്തരവും സാഹചര്യവും എല്ലാം അറിയാമെങ്കിലും ജീവിതക്രമം അതിനനുസരിച്ച് രൂപപ്പെടുത്താൻ പറ്റുന്നില്ല. അതിനെല്ലാം ഒരു പരിഹാരമാകട്ടെ ശാരീരിക, ആത്മീയ കാരുണ്യപ്രവർത്തികളിലൂടെയുള്ള ഈ സഞ്ചാരം.

കഴിഞ്ഞ മാസത്തെ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ ഇടവകകളിലും 'പരസ്നേഹ സഹായസംഘം' രൂപീകരിച്ചു എന്ന് വിശ്വസിക്കുന്നു. മരണവീടുകൾ പ്രാർത്ഥനാന്തരീക്ഷത്തിലാക്കുവാൻ സഹായിക്കുന്നവരുടെ ഒരു കൂട്ടായ്മയാണത്. ഈ മാസം, പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടസൗകര്യം ഒരുക്കുവാനായി പരിശ്രമിക്കുമ്പോൾ പൂർണ്ണമായോ ഭാഗീകമായോ ഉള്ള ഇടപെടലുകൾ ഉണ്ടാകുമെന്ന് വിശ്വസിക്കുന്നു. പൂർണ്ണമായ നിർമ്മാണ പ്രവർത്തനങ്ങളെകുറിച്ച് മാത്രം ചിന്തിക്കാതെ, ചോർന്നൊലിക്കുന്ന ഭവനങ്ങളുടെ കേടുപാടുകൾ തീർക്കുവാനും, വർഷങ്ങളായിട്ട് പണിതീരാതെ കിടക്കുന്ന വീടുകളെയും വീട്ടുകാരെയുമൊക്കെ സഹായിക്കാനും പരിശ്രമിക്കുമല്ലോ? നമ്മുടെ സമൂഹത്തിലേക്ക് കാരുണ്യത്തിന്റെ പ്രവാഹം നമ്മുടെ കരങ്ങളിലൂടെയാകട്ടെ.

തുടർന്ന് വരുന്ന മേഖലാ, രൂപതാ സാഹിത്യ മത്സരങ്ങളിൽ സജീവമായ ശ്രദ്ധചെലുത്തുവാൻ ശ്രദ്ധിക്കുമല്ലോ. വ്യക്തിത്വ വികസനവും, പ്രേഷിത പ്രവർത്തനവും മത്സര ഇനങ്ങളിലൂടെ വളർത്തിയെടുക്കുവാൻ പരിശ്രമിക്കുകയും ചെയ്യാം. സഹായ സഹകരണങ്ങൾക്ക് ഹൃദ്യമായ നന്ദിയും അഭിനന്ദനങ്ങളും.

സ്നേഹപൂർവ്വം, **ജോജോച്ചൻ**

**രക്തദാനക്യാമ്പ് – മാനന്തവാടി ഗവ: ആശുപത്രിയിൽ**

മാനന്തവാടി രൂപതയുടെയും മേഖലയുടെയും ആഭിമുഖ്യത്തിൽ ജൂലൈ 30 ശനിയാഴ്ച മാനന്തവാടി ഗവ.ആശു പത്രിയിൽ വച്ച് രക്തദാന ക്യാമ്പ് നടത്തി. രൂപതയുടെ കാരുണ്യവർഷ ആചരണത്തിന്റെ ഭാഗമായാണ് രൂപതയിലെ മിഷൻലീഗ് അംഗങ്ങൾ രക്തദാനം നടത്തിയത്. മാനന്തവാടി രൂപത ഡയറക്ടർ ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, മേഖല ഡയറക്ടർ ഫാ. ജിമ്മി മൂലയിൽ, രൂപത പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിൽ, സെക്രട്ടറി ബിനീഷ് തുമ്പിയാം കുഴിയിൽ, ടോം പൂവക്കുന്നേൽ, അരുൺ കുന്നത്ത്, ജോയ് മേപ്പാടത്ത്, ജോൺസൺ ചിറായിൽ, സാബു ഊളവള്ളിക്കൽ, ജോയ്സ് പുൽപ്പറമ്പിൽ, തോമസ് കല്ലറക്കൽ, ബ്ര. ബോബി, ജോസഫ് തോട്ടുംങ്കര, ലിന്റു വടക്കേക്കുറ്റ്, ജിഷ ഇടമനാംക്കുഴി, സി. ലിസ എസ്. കെ. ഡി, നീനു മാങ്കൂട്ടത്തിൽ, അഞ്ജു മൂഴിയാങ്കൽ എന്നിവർ നേതൃത്വം നൽകി.

**ഭക്ഷണ വിതരണം മാനന്തവാടി ഗവ. ആശുപത്രിയിൽ**

മാനന്തവാടി ഗവ. ആശുപത്രിയിൽ മാനന്തവാടി രൂപതയുടെയും മേഖലയുടെയും ആഭിമുഖ്യത്തിൽ ഭക്ഷണം വിതരണം ചെയ്തു. ജൂലൈ 30 ശനിയാഴ്ച അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ഭക്ഷണം വിളമ്പി കൊടുത്തുകൊണ്ട് ഉദ്ഘാടനം ചെയ്തു. രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ നേതൃത്വം നൽകി.

**വി. അൽഫോൻസ അനുസ്മരണ സംഗമം**

മാനന്തവാടി രൂപതയുടെയും കല്ലോടി മേഖലയുടെയും ആഭിമുഖ്യത്തിൽ ദ്വാരക അൽഫോൻസ പള്ളിയിൽ വച്ച് വി. അൽഫോൻസ അനുസ്മരണ സംഗമം നടത്തി. മേഖല ഡയറക്ടർ റവ. ഫാ. അനിൽ മുഞ്ഞനാട്ട് സമ്മേളനത്തിന് സ്വാഗതം ആശംസിച്ചു. മേഖല പ്രസിഡണ്ട് സിബിൻ ഇല്ലിക്കൽ അദ്ധ്യക്ഷനായിരുന്നു. യോഗത്തിന് രൂപതാ സെക്രട്ടറി ബിനീഷ് തുമ്പിയാംകുഴിയിൽ നന്ദി പറഞ്ഞു. രൂപത ജോ. ഡയറക്ടർ സി. ലിസ എസ്. കെ. ഡി ജോയി മേപ്പാടത്ത്, ജോൺസൺ ചിറായിൽ സി. ലിസ സി. എം. സി, സി. ടെയ്സി എസ്. എച്ച് എന്നിവർ നേതൃത്വം നൽകി.

**വി. അൽഫോൻസ സെമിനാർ, വി. അൽഫോൻസ ക്വിസ്**

വി. അൽഫോൻസയുടെ തിരുനാളിനോട് അനുബന്ധിച്ച് ദ്വാരക പള്ളിയിൽ വച്ച് വി. അൽഫോൻസ സെമിനാർ നടത്തി. സി. ജെസ്മിൻ എഫ്.സി.സി. ക്ലാസുകൾക്ക് നേതൃത്വം നൽകി. മേഖല ഡയറക്ടർ

റവ. ഫാ. അനിൽ മുഞ്ഞനാട്ട്, രൂപത സെക്രട്ടറി ബിനീഷ് തുമ്പിയാം കുഴിയിൽ, രൂപത ജോ. ഡയറക്ടർ സി. ലിസ എസ്. കെ. ഡി, ജോയി മേപ്പാടത്ത്, ജോൺസൺ ചിറായിൽ സി. ലിസ സി.എം.സി, സി. ടെയ്സി എസ്.എച്ച് എന്നിവർ നേതൃത്വം നൽകി. ജൂലൈ 31 ഞായറാഴ്ച്ച വി. അൽഫോൻസാമ്മ കൺവെൻഷനോടനുബന്ധിച്ച് അൽഫോൻസ ക്വിസ് മത്സരം സംഘടിപ്പിച്ചു. രൂപതാ എക്സിക്യൂട്ടീവ് അംഗം ജോൺസൺ ചിറായിൽ നേതൃത്വം നൽകി.

**ആദരാഞ്ജലികൾ**

രൂപതാ പ്രസിഡണ്ട് ഷാജി ചന്ദനപറമ്പിലിന്റെ സഹോദരി മിനി സജി ശിവേലിന്റെ നിര്യാണത്തിൽ രൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ.

കഴിഞ്ഞ വർഷങ്ങളിൽ നമ്മുടെ ഓഫീസ് സെക്രട്ടറിയായി പ്രവർത്തിച്ചുകൊണ്ടിരുന്ന ബഹു.സി.ഫൗസ്റ്റ സി.എം.സി. യുടെ പിതാവിന്റെ നിര്യാണത്തിൽ രൂപതാ കുടുംബം അനുശോചനം അറിയിച്ച് സംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

**കുഞ്ഞേട്ടൻ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും – ചെമ്മലമറ്റത്ത്**

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപക നേതാവ് കുഞ്ഞേട്ടന്റെ 7–ാം ചരമവാർഷിക സമ്മേളനത്തിലും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**മണിമൂളി മേഖല ജോ. ഡയറക്ടേഴ്സ് സംഗമം**

മണിമൂളി മേഖലയിലെ ജോ. ഡയറക്ടേഴ്സിന്റെ സംഗമത്തിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**ശാഖ സന്ദർശനം**

മാനന്തവാടി, മണിമൂളി, നിലമ്പൂർ, നടവയൽ മേഖലകളിലെ വിവിധ ശാഖകളിൽ രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുടെയും ടീം അംഗങ്ങളുടെയും നേതൃത്വത്തിൽ സന്ദർശനം നടത്തി.

**ഓസ്സാനാം ഭവൻ സായാഹ്ന ശുശ്രൂഷ**

21–7–2016 ന് രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ ഓസ്സാനാംഭവൻ സന്ദർശിച്ച്, വി.ബലി അർപ്പിച്ച് പ്രാർത്ഥിച്ച്, അവിടെ ആവശ്യമായ സായാഹ്ന ശുശ്രൂഷകൾ നടത്തി. (ഇടവകകളുടെ നേതൃത്വത്തിൽ സായാഹ്ന ശുശ്രൂഷകൾ ക്രമീകരിക്കുന്നത് അഭികാമ്യം)

**കുഞ്ഞേട്ടൻ പുരസ്ക്കാരം–സംസ്ഥാന തലം**

കേരളത്തിലെ ഏറ്റവും മികച്ച അല്മായ പ്രവർത്തകന്, മിഷൻ

ലീഗ് സംസ്ഥാന സമിതി നൽകുന്ന കുഞ്ഞേട്ടൻ പുരസ്ക്കാരത്തിന്, വാഴവറ്റ ജ്യോതി നിവാസ് ഡയറക്ടർ ശ്രീ.ജോണി പള്ളിത്താഴെ അർഹനായി. ജോണി ചേട്ടന് രൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**ബഹു. മാലിപറമ്പിലച്ചൻ അനുസ്മരണം**

മിഷൻ ലീഗ് സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപറമ്പി ലച്ചന്റെ 18–ാം ചരമവാർഷികം, സെപ്തംബർ 9–ാം തീയതിയാണ്. അനുസ്മരണ ബലിയും യോഗവും നടത്തുവാൻ ശ്രദ്ധിക്കുക.

**സീനിയർ ക്യാമ്പ്– 'കൂട്ട് –2016'**

രൂപതാ തലത്തിൽ ഒക്ടോബർ 11 വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 12–ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്ന രീതിയിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച്, 18 വയസ്സിനും 25 വയസ്സിനും ഇടയിൽ പ്രായമുള്ളവർക്കായി നടത്തപ്പെടുന്ന ക്യാമ്പ്. വിദൂരങ്ങളിൽ പഠിച്ചു കൊണ്ടിരിക്കുന്നവരെ ഈ വിവരം വേഗം അറിയിക്കുമല്ലോ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 പേർക്കേ അവസരം ഉണ്ടാകുകയുള്ളൂ. രജിസ്ട്രേഷൻ ഫീസ് 150 രൂപ. സെപ്തംബർ 30ന് മുമ്പായി ഓഫീസിൽ വിവരം അറിയിക്കുക.

**സാഹിത്യ ശിൽപശാല, 'അക്ഷരം–2016'**

മേഖലാ, രൂപതാ സാഹിത്യ മത്സര വിജയികളുടെ സംഗമം 2016 സെപ്തംബർ 10, രണ്ടാം ശനിയാഴ്ച രാവിലെ 9.30 മുതൽ 2 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. യോഗ്യരായവർ നിർബന്ധമായും പങ്കെടുക്കണം. ഷാജി പുൽപ്പള്ളി, സാബിർ തലപ്പുഴ എന്നിവർ ശിൽപശാലക്ക് നേതൃത്വം നൽകും.

**കലാമത്സര പരിശീലനം**

രൂപതാ കലാമത്സര വിജയികൾക്കുള്ള പ്രത്യേക പരിശീലനം 2016 ഒക്ടോബർ 11 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ നടത്തപ്പെടുന്നതാണ്.

**സമ്മാന കൂപ്പൺ**

സമ്മാന കൂപ്പണുകളുടെ കൗണ്ടർ ഫയലുകൾ തിരിച്ചേൽപ്പിക്കേണ്ട അവസാന തീയതി, 2016 സെപ്തംബർ 25 നാണ്.

**വചന താരം–2017**

വി.മത്തായിയുടെ സുവിശേഷത്തെ ആസ്പദമാക്കി 2017, ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്ന വചനതാരം ക്വിസ്സ് പ്രോഗ്രാമിനുള്ള പേര് രജിസ്റ്റർ ചെയ്യാനുള്ള അവസാന തീയതി, ആഗസ്റ്റ് ഏഴിനായിരുന്നു. ഇനിയും ആരെങ്കിലും രജിസ്റ്റർ ചെയ്യാനുണ്ടെങ്കിൽ സെപ്തംബർ 15ന്

മുമ്പ് രൂപത ഓഫീസുമായി ബന്ധപ്പെടുക. (രജിസ്ട്രേഷൻ ഫീസ്, 100 രൂപ )

**ശാഖ സെമിനാർ 'ഉണർവ് -2016'**

ശാഖകൾ തോറും നടത്തിവരാറുള്ള ഏകദിന, അർദ്ധദിന സെമിനാറാണിത്. ആവശ്യമുള്ള ശാഖകൾ രൂപതാ ഓഫീസുമായി ബന്ധപ്പെടുക.

**രൂപതാ ബൈബിൾ കലോത്സവം**

2016-17 ത്തെ രൂപതാ ബൈബിൾ കലോത്സവം 2016, ഒക്ടോബർ 8-ാം തീയതി കണിയാരം Fr. GKMHS സ്കൂളിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ലിറ്റിൽ ഫ്ളവർ കൺവെൻഷൻ-2016**

മിഷൻമാസാചരണത്തോടനുബന്ധിച്ചും, 70-ാം സ്ഥാപകദിന ത്തോടനുബന്ധിച്ചും രൂപതാ തലത്തിൽ സീയോൻ ധ്യാന കേന്ദ്രവുമായി സഹകരിച്ച് ഏകദിന കൺവെൻഷൻ സംഘടിപ്പിക്കുന്നു. ഒക്ടോബർ 1-ാം തീയതി ആദ്യ ശനിയാഴ്ച സീയോൻ ഹാളിലാണ് കൺവെൻഷൻ സംഘടിപ്പിക്കുന്നത്. പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുമല്ലോ.

**മിഷൻ മാസം-2016**

മിഷൻമാസ പ്രവർത്തനങ്ങളുടെ കരടുരൂപം തയ്യാറാക്കാൻ പരിശ്രമിക്കുമല്ലോ.

ഒക്ടോബർ 3-ാം തീയതി, മിഷൻലീഗ് സംഘടനയുടെ 70-ാം സ്ഥാപക ദിനമാണെന്ന് സ്മരിച്ച് പ്രത്യേക കർമ്മ പരിപാടികൾ ആസൂത്രണം ചെയ്യുമല്ലോ.

**ശാഖാ ജോ.ഡയറക്ടേഴ്സിന്റെ ശ്രദ്ധക്ക് (ഓഫീസിൽ ഏൽപ്പി ക്കേണ്ടവ)**

- വചന താരത്തിൽ പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ (മാർഗ രേഖ, പേജ്-21)
- 2015-16 വർഷത്തെ വാർഷിക റിപ്പോർട്ട് ഫോം രൂപതാ ഓഫീസിൽ എത്തിക്കാത്ത ശാഖകൾ സെപ്തംബർ 10 ന് മുമ്പ് ഓഫീസിൽ ഏൽപ്പിക്കണം.
- ശാഖാ സന്ദർശന തീയതികൾ ശ്രദ്ധിക്കുക. വേണ്ടതായ ക്രമീകരണങ്ങൾ ചെയ്യുക.
- വൊക്കേഷൻ കോൺഗ്രസ്സ് ലിസ്റ്റ് (മാർഗരേഖ, പേജ്-20)

- സമ്മാന കൂപ്പൺ തുകയും കൗണ്ടർ ഫയലും രൂപതാ ഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന തീയതി, സെപ്തംബർ 25.
- പരസ്നേഹ സംഘം -ലിസ്റ്റ് (മാർഗ രേഖ, പേജ്-17)
- സദ്വാർത്ത- ലിസ്റ്റ് (മാർഗ രേഖ, പേജ്-31)
- നമ്മുക്കൊരു വൈദീക വിദ്യാർത്ഥി -പലതുള്ളി പിരിവ് (മാർഗ രേഖ, പേജ്-27)
- പ്രതിമാസ റിപ്പോർട്ടും (റിപ്പോർട്ട് ഫോം), ബുള്ളറ്റിൻ വാർത്തകളും എല്ലാമാസവും 10-ാം തീയതിക്ക് മുമ്പായി രൂപതാ ഓഫീസിൽ എത്തിക്കണം.
- ഈ വർഷത്തെ കയ്യെഴുത്ത് മാസിക ജനുവരി 26 നാണ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടത്. (മാർഗ രേഖ, പേജ്-22)

**മേഖലാ വാർത്തകൾ**

നടവയൽ മേഖല 6-7-16 ന് ഏകദിന ധ്യാനവും കൗൺസിലിങ്ങും ചെറുകാട്ടൂർ ശാഖയിൽ വച്ച് നടത്തി. 17-7-16 ന് നടവയൽ, ചുണ്ടക്കര ശാഖകളിൽ വച്ച് മേഖലാ സാഹിത്യ മത്സരം നടത്തി. 31-7-16 ന് പറളിക്കുന്ന് വാളവയൽ ശാഖകളിൽ സന്ദർശനം നടത്തി.

ബത്തേരി മേഖല- സെന്റ് തോമസ് കൺവെൻഷൻ നടത്തി, സാഹിത്യ ശിൽപശാല സംഘടിപ്പിച്ചു. മഴക്കുഴി നിർമ്മാണം നടത്തി.

**ശാഖാ വാർത്തകൾ**

1. *ചുങ്കക്കുന്ന്:* ദുക്റാന തിരുന്നാൾ ആചരിച്ചു. തോമസ് നാമധാരികളെ ആദരിച്ചു. വൈദീക സമർപ്പിത വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് അർദ്ധദിന സെമിനാർ നടത്തി.

2. *ശാന്തിഗിരി:* 'തൂലിക' -പ്രദേശത്തെ വാർത്തകൾ കോർത്തിണക്കി പത്രം പ്രസിദ്ധീകരിച്ചു. രോഗീ സന്ദർശനം, സാഹിത്യ പരിശീലനം എന്നിവ നടത്തി.

3. *കൊട്ടിയൂർ:* വിശുദ്ധരുടെ ജീവചരിത്രം പൊതുവായി വായിക്കുകയും ലഘുലേഖ തയ്യാറാക്കുകയും ചെയ്തു. എയ്ഞ്ചൽ മീറ്റ്, തിരുബാലസഖ്യം എന്നിവ നടത്തി. ദുക്റാന തിരുന്നാൾ ആചരിച്ചു. സാഹിത്യ ശിൽപശാല, ടാലന്റ് ഹണ്ടിങ്ങ് എന്നിവ നടത്തി.

4. *അമ്പായത്തോട്:* മിഷൻലീഗ് സീനിയർ സംഗമം നടത്തി. ദൈവവിളി സർവ്വേ, ദൈവവിളി സെമിനാർ എന്നിവ നടത്തി. ഐ.എസ് ഭീകരർക്കെതിരെ മെഴുകുതിരി കത്തിച്ച് പ്രാർത്ഥിച്ചു. വി.ബലിക്കിടെ വധിക്കപ്പെട്ട ഫാ. ഷാക് ഹാമലിനുവേണ്ടി പുഷ്പാർച്ചന നടത്തി.

5. *പാൽച്ചുരം:* മിഷനറിയുമായി അഭിമുഖം നടത്തി. മിഷൻഗ്രാമത്തിന് കത്തയച്ചു. അൽഫോൻസ ക്വിസ്സ്, കൊളാഷ് എന്നിവ നടത്തി. ദുക്റാന തിരുനാൾ ആചരിച്ചു. അസാധാരണ സമ്മേളനം നടത്തി.
6. *പയ്യമ്പള്ളി:* മാർഗരേഖ പ്രകാശനം ചെയ്തു. ദുക്റാന തിരുനാൾ ആചരണവും, ശാഖാകൗൺസിലും നടത്തി. രൂപതാ, മേഖലാ പരിപാടികളിൽ അംഗങ്ങൾ പങ്കെടുത്തു. സാഹിത്യ ശിൽപശാല, വചനോത്സവ വിതരണം, ജപമാല സൈന്യ രൂപീകരണവും നടത്തി. വി.അൽഫോൻസ തിരുനാൾ ആചരിച്ചു. ഫാ.ടോം ഉഴുന്നാലിൽ പ്രാർത്ഥനാ ദിനം ആചരിച്ചു.
7. *തൃശ്ശിലേരി*: മഴക്കുഴികൾ നിർമ്മിച്ചു, പ്രസംഗ പരിശീലനവും സാഹിത്യ ശിൽപശാലയും നടത്തി. കാരുണ്യ നിധിക്കായി കുടുക്ക വീടുകളിൽ നല്കി.
8. *കമ്മന:* മരതൈ വിതരണം നടത്തി. അർദ്ധദിന സെമിനാർ -വായന കുട്ടികളിൽ, ലഹരി വിരുദ്ധദിനം, പച്ചക്കറിതോട്ടം നിർമ്മിച്ചു. ആട് കുറി നടത്തുന്നു. ആരാധന നടത്തി. ഏറ്റവും പ്രായം കൂടിയ തോമസ് നാമധാരിയായ 'തൊമ്മി' പിട്ടാപള്ളിയെ ആദരിച്ചു.
9. *കണിയാരം:* മിഷൻ ഗ്രാമത്തെ സഹായിക്കുവാനായി 500 വീടുകളിലേക്ക് വാഴവിത്തുകൾ വെഞ്ചിരിച്ച് നൽകി. രക്തദാന ഡയറി, 'സദ്വാർത്ത' ലിസ്റ്റ് എന്നിവ തയ്യാറാക്കി. വസ്ത്രശേഖരണം, സാഹിത്യശിൽപശാല, അഗതിമന്ദിര സന്ദർശനം എന്നിവ ക്രമീകരിച്ചു.
10. *മുതിരേരി:* ദുക്റാന തിരുനാൾ ആചരിച്ചു, ആശംസകൾ നേർന്നു. ചിത്രരചന മത്സരം നടത്തി. ഗവ.ആശുപത്രി സന്ദർശിച്ച് സാമ്പത്തീക സഹായം നൽകി. അൽഫോൻസാമ്മ തിരുനാളും, ടെലി ക്വിസ്സും നടത്തി.
11. *തവിഞ്ഞാൽ:* സാഹിത്യ ശിൽപശാല നടത്തി. വസ്ത്രങ്ങൾ ശേഖരിച്ച് അർഹതപ്പെട്ടവർക്ക് നൽകി. വൈദീക വിദ്യാർത്ഥി സഹായം നൽകി.
12. *ഏലപ്പീടിക:* ഏത്തവാഴ കൃഷി ആരംഭിച്ചു. പൂന്തോട്ടം നിർമ്മിച്ചു. അർദ്ധദിന സെമിനാർ, 'മിഷനെ അറിയാൻ'-മിഷൻ ഗ്രാമ പഠനം നടത്തി. വാട്സ് ആപ്പ് ഗ്രൂപ്പ് നിർമ്മിച്ചു. ബൈബിൾ ക്വിസ്സ്, വിശുദ്ധരുടെ ആൽബം തയ്യാറാക്കൽ മത്സരം നടത്തി. കൊളാഷ് മത്സരം നടത്തി.
13. പോരൂർ ഗവ.ആശുപത്രിയിൽ ഉച്ചഭക്ഷണ വിതരണം, മിഷൻ പവർഗ്രൂപ്പ് മീറ്റിംഗ്, ജാഗരണ പ്രാർത്ഥന, രോഗീ സഹായം, സെന്റ് അൽഫോൻസ ഡേ എന്നിവ നടത്തി.

14. *കല്ലോടി:* സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് നടത്തി. റോഡരികിൽ വൃക്ഷതൈ നട്ടു. ഈ വർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികൾക്ക് വൃക്ഷതൈ വിതരണം നടത്തി.

15. *ജൂഡ്സ് മൗണ്ട്:* വിശുദ്ധരുടെ ചിത്രങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിച്ചു. രോഗീ സന്ദർശനം, മരണ വീട് സന്ദർശനം എന്നിവ നടത്തി. അൽഫോൻസ ക്വിസ്സ്, കുഞ്ഞേട്ടൻ ക്വിസ്സ് എന്നിവ നടത്തി.

16. *കൊമ്മയാട്:* സാഹിത്യ മത്സരം, ലിറ്റർജി പരിശീലനം, അൾത്താര സംഘ പരിശീലനം, ലോഗോസ് ക്വിസ്സ് പരിശീലനം എന്നിവ നടത്തി.

17.*കുഞ്ഞോം:* മിഷൻ സീനിയേഴ്സ് സംഗമം നടത്തി. രോഗീ സന്ദർശനവും, സഹായവും നൽകി.

18.*വഞ്ഞോട്*: അർദ്ധദിന സെമിനാർ, പൂന്തോട്ട നിർമ്മാണം, സെമിത്തേരി വൃത്തിയാക്കൽ, വൃക്ഷതൈ നടീൽ, ഓസ്സാനാം ഭവൻ സന്ദർശനം, സമരിറ്റൻഭവൻ സന്ദർശനം എന്നിവ നടത്തി. ഷോർട്ട് ഫിലിം നിർമ്മിച്ചു. സെന്റ് തോമസ് ദിനം, വി.അൽഫോൻസ ദിനം എന്നിവ ആചരിച്ചു. അൾത്താര സംഘ പരിശീലനം, വായനാ പരിശീലനം, ഗാനം, സംഗീത ഉപകരണ പരിശീലനം എന്നിവ നൽകി.

19. *മംഗലശ്ശേരി:* 'ലൗ ജിഹാദിനെ' ആസ്പദമാക്കി സെമിനാർ നടത്തി.

20. *കരിമ്പിൽ:* എയ്ഞ്ചൽ മീറ്റ്, രോഗീ സന്ദർശനം, വി.അൽഫോൻസ സ്കിറ്റ് മത്സരം, പിടിയരി ശേഖരണം, വി.അൽഫോൻസ സൂക്ത ശേഖരണം എന്നിവ നടത്തി.

21. *പുതുശ്ശേരി:* ക്ലോറിനൈസേഷൻ നടത്തി, ടൗൺ ക്ലീനിങ്ങ് നടത്തി, അർദ്ധദിന സെമിനാർ നടത്തി, 'ലൗ ജിഹാദ് ' ബോധവത്ക്കരണം നടത്തി. മഴക്കുഴി നിർമ്മാണം നടത്തി, പെയിൻ ആൻഡ് പാലിയേറ്റീവ് ദിനം ആചരിച്ചു. സീനിയർ അംഗങ്ങളുടെ പ്രാർത്ഥന നടത്തി.

22. *കാവുമന്ദം:* സെമിത്തേരി ക്ലീനിങ്ങ്, ബൈബിൾ സർവ്വേ, അനുദിന ബലിയർപ്പണ സമ്മാനം, വി.അൽഫോൻസ ദിനാചരണം, ദൈവവിളി പ്രോത്സാഹനം എന്നിവ നടത്തി.

23. *മംഗളം:* രോഗീസന്ദർശനം, ആദിവാസി കുടുംബത്തിന് വസ്ത്രം നൽകൽ, പൂന്തോട്ട നിർമ്മാണം എന്നിവ നടത്തി.

24. *മഞ്ഞൂറ*: വിദ്യാഭ്യാസ സഹായം നൽകി.

25. *കുറുമണി:* 10,12 ക്ലാസ്സുകളിൽ മികവ് പുലർത്തിയവരെ ആദരിച്ചു. വായനാമുറി തയ്യാറാക്കി. കയ്യെഴുത്ത് മാസിക ക്രമീകരണം ആരംഭിച്ചു. ദുക്റാന തിരുനാൾ ആചരിച്ചു. ക്ലീനിങ്ങ് നടത്തി.

26. *കുറുമ്പാല:* ഏകദിനസെമിനാർ–സാമൂഹ്യ മാധ്യമങ്ങളുടെ ഉപയോഗവും, ദൂഷ്യവശങ്ങളും. രൂപത ഡിപ്ളോമ പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ അമല കാഞ്ഞിരക്കുഴിയെ ആദരിച്ചു. വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകി ആദരിച്ചു.

27.*പുതുശ്ശേരിക്കടവ്:* രോഗീ സന്ദർശനം നടത്തി.

28. *നടവയൽ:* നേതൃത്വ പരിശീലന സെമിനാർ, ഓസ്സാനാം ഭവൻ സന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി.

29. *അരിഞ്ചേർമല:* സാഹിത്യ ശിൽപശാല നടത്തി, മഴക്കുഴികൾ നിർമ്മിച്ചു. പി.എസ്.സി കോച്ചിങ്ങ് നടത്തുന്നു.

30. *ചുണ്ടക്കര:* ദുക്റാന തിരുനാൾ ആചരണം, ബഹു.ജോർജ് മമ്പള്ളി അച്ചന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി ആഘോഷം, മഴക്കുഴി നിർമ്മാണം എന്നിവ നടത്തി.

31. *പറളിക്കുന്ന്:* ചിത്രരചന പരിശീലനം, അൽഫോൻസ ക്വിസ്സ്, ആരാധന എന്നിവ നടത്തി.

32. *കുറുമ്പാലക്കോട്ട:* ശാഖ വാർഷികം നടത്തി, രോഗീ സഹായം നൽകി.

33. *കൽപറ്റ*: പഠനത്തിലും മത്സരത്തിലും മികവ് കാട്ടിയവർക്ക് സമ്മാനംനൽകി, അർദ്ധദിന സെമിനാർ നടത്തി, സാഹിത്യ ശിൽപശാല നടത്തി, കരുണയുടെ തീരം – സന്ദർശനം നടത്തി.

34. *ചാരിറ്റി:* പ്രേഷിത റാലി, സാഹിത്യ ശിൽപശാല, ബൈബിൾ കലാപരിപാടികൾ എന്നിവ നടത്തി, കരുണയുടെ സങ്കീർത്തനം ചൊല്ലി, ജലം ജീവാമൃതം – ബോധ വത്കരണം നടത്തി. MBBS, BTech വിജയികളെ ആദരിച്ചു.

35. *ചൂരൽമല:* പള്ളിപരിസര ശുചീകരണം, പൂന്തോട്ട നിർമ്മാണം, അൾത്താരസംഘ പരിശീലനം എന്നിവ നടത്തി.

36. *കൊളവയൽ:* ദുക്റാന തിരുനാൾ ആചരണം, ഭവന സന്ദർശനം, ജപമാല സൈന്യ രൂപീകരണം, എന്നിവ നടത്തി.

37. *നെടുമ്പാല:* സീനിയർ അംഗങ്ങൾക്ക് സെമിനാർ നടത്തി, ആരാധന നടത്തി, തൂങ്കുഴി പിതാവിന് ആശംസകൾ അയച്ചു.

38. *വാഴവറ്റ:* പുതുവസ്ത്രം വിതരണം നടത്തി, അഗതി മന്ദിരം സന്ദർശിച്ച് വസ്ത്രങ്ങളും പഠനോപകരണങ്ങളും നൽകി. കലാ സാഹിത്യ പരിശീലനം നൽകി. പ്രായമായ സമർപ്പിതരെ സന്ദർശിച്ചു. മിഷൻ പവർ ഗ്രൂപ്പ് രൂപീകരണം, ഫാ.ടോം ഉഴുന്നാലിൽ ദിനാചരണം എന്നിവ നടത്തി

39. *ധർമ്മഗിരി:* ദുക്റാന തിരുനാൾ ആചരിച്ചു. മന്ന– ലോഗോസ് ക്വിസ്സ് പരിശീലനം, അൽഫോൻസ ക്വിസ്സ്, വസ്ത്ര വിതരണം നടത്തി, ഡയാലിസിസ് രോഗിയെ സഹായിച്ചു. ഭവനനിർമ്മാണത്തിന് സഹായിച്ചു.

40. *മൺവയൽ:* ആരാധന, രോഗീസന്ദർശനം, മിഷൻ ഗ്രാമത്തിന് കത്ത്, പള്ളിപരിസരം–സെമിത്തേരി ശുചീകരണം, മിഷൻ പ്രയർ ബാങ്ക്, അർദ്ധദിന സെമിനാർ, വിശുദ്ധരെ പരിചയപ്പെടുത്തൽ, വാർത്താ ബോർഡ് ക്രമീകരണം എന്നിവ നടത്തി.

41. *പനംചിറ:* കോളനി വിദ്യാർത്ഥിക്ക് പഠന സഹായം നൽകി, പഠനോപകരണങ്ങൾ വിതരണം ചെയ്തു. പ്രാർത്ഥനാദിനം ആചരിച്ചു.

42. *കടൽമാട്:* സാഹിത്യ മത്സരം നടത്തി, അൽഫോൻസ നാമധാരികളെ ആദരിച്ചു.

43. മീനങ്ങാടി: വിദ്യാഭ്യാസ സഹായം നൽകി, യുവജന സെമിനാർ നടത്തി, സെന്റ് തോമസ് ഡേ ആചരിച്ചു. അർദ്ധദിന സെമിനാർ നടത്തി.

44. *വടക്കനാട്:* മഴക്കുഴികൾ നിർമ്മിച്ചു. യോഗ പരിശീലനം നൽകി, സൺഡേ സ്റ്റാർ തിരഞ്ഞെടുത്തു. നോട്ടീസ് ബോർഡ് നിർമ്മിച്ചു.

45. *പഴൂർ:* വിദ്യാഭ്യാസ സഹായം നൽകി, മഴക്കുഴികൾ നിർമ്മിച്ചു. കാരുണ്യ ബക്കറ്റ് സ്ഥാപിച്ചു. മിഷൻ ഗ്രാമത്തിന് വസ്ത്രം വിതരണം ചെയ്തു, രോഗീസഹായം നൽകി. കോളനിയിൽ ഭക്ഷണ വിതരണം നടത്തി.

46.*നരിവാലമുണ്ട:* ഫാ.ഷാക് ഹാമലിന്റെ നിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് മൗന ജാഥയും പ്രാർത്ഥനയും നടത്തി, മഴക്കാല രോഗങ്ങളെ കുറിച്ച് ബോധവത്കരണം നടത്തി, എല്ലാ വിഷയങ്ങൾക്കും എ പ്ലസ്സ് നേടിയവർക്ക് അനുമോദനം അർപ്പിച്ചു.

47. *തലഞ്ഞി:* മിഷൻ പ്രഘോഷണറാലി നടത്തി, മിഷൻ പച്ചക്കറി തോട്ടം നിർമ്മിച്ചു, സാഹിത്യ ശിൽപശാല, പ്രാർത്ഥനാ ദിനാചരണം എന്നിവ നടത്തി.

48. *ആടികൊല്ലി:* സമർപ്പിതർക്കുവേണ്ടി പ്രത്യേക പ്രാർത്ഥന നടത്തി. ദൈവവിളി അർദ്ധദിന സെമിനാർ നടത്തി. മഴക്കുഴികൾ നിർമ്മിച്ചു. വിശുദ്ധരുടെ ചാർട്ടുകൾ നിർമ്മിച്ച് പരിചയപ്പെടുത്തി.

49. *അമരക്കുനി:* ദേവാലയ മുഖവാരത്തിൽ കുരിശ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക പ്രാർത്ഥന നടത്തി, ക്വിസ്സ് മത്സരം നടത്തി.

50. *ഇരുളം:* ജൂലൈ 31, പ്രാർത്ഥനാ ദിനമായി ആചരിച്ചു. അർദ്ധദിന സെമിനാർ നടത്തി. രോഗീസന്ദർശനം നടത്തി.

51. *മുള്ളൻകൊല്ലി:* പഠനോപകരണങ്ങൾ ശേഖരിച്ച് വിതരണം ചെയ്തു. പ്രസംഗ പരിശീലന കളരി നടത്തുന്നു. ഗ്രൂപ്പടിസ്ഥാനത്തിൽ കലാമത്സരം, ആരാധന ഇവ നടത്തി.

52. *പുൽപ്പള്ളി:* ദുക്റാന, വി.അൽഫോൻസാമ്മയുടെ തിരുനാൾ എന്നിവ ആചരിച്ചു. ഒരു മണിക്കൂർ ആരാധന നടത്തി.

53. *സീതാമൗണ്ട്:* അർദ്ധദിന സെമിനാർ നടത്തി, മിഷൻ പച്ചക്കറി തോട്ടം നിർമ്മിച്ചു.

54. *ഇടിവണ്ണ*: രോഗീ സന്ദർശനം, കലാ സാഹിത്യ മത്സരം എന്നിവ നടത്തി.

55. *വടപുറം:* ദുക്റാന തിരുനാൾ ദിനത്തിൽ ഗ്രൂപ്പടിസ്ഥാനത്തിൽ, വിവിധ മത്സരങ്ങൾ നടത്തി.

56. *പൂളപ്പാടം:* രോഗീ സഹായം, വിശുദ്ധരുടെ തിരുനാളുകൾ അനുസ്മരിച്ചു. നാമധാരികളെ ആദരിച്ചു. സംസ്ഥാന വനിതാ കമ്മീഷൻ ചെയർ പേഴ്സൺ റോസക്കുട്ടി ടീച്ചറെ ആദരിച്ചു. പാലിയേറ്റീവ് കെയർ യൂണിറ്റ് സന്ദർശിച്ചു. നേതൃത്വ പരിശീലനവും, സാഹിത്യ ശിൽപശാലയും നടത്തി. അൾത്താര ഗായകസംഘ പരിശീലനം നൽകി.

57. *മുട്ടിയേൽ:* അഗതിമന്ദിരത്തിൽ പുതുവസ്ത്രം, സോപ്പ് എന്നിവയും, ബാലഭവനിലെ കുട്ടികൾക്ക് പഠനോപകരണങ്ങളും വിതരണം ചെയ്തു.

മിഷൻ അഭിവാദ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**
രൂപതാ സെക്രട്ടറി

# Department of Youth Ministry

**ലൈഫ് ട്രെയിനിംഗ് റെഗുലർ**

ലൈഫ് ട്രെയിനിംഗ് റെഗുലർ പ്രോഗ്രാമിന്റെ ഓഗസ്റ്റ് മാസത്തെ ക്ലാസ്സുകൾ 1,2 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൻ വച്ച് നടന്നു. ഒന്നാം തീയതി വൈകുന്നേരം പ്രാർത്ഥനയോടെ ആരംഭിച്ചു. കഴിഞ്ഞ ഒരു മാസത്തെ കുട്ടികളുടെ ജീവിതശൈലി വിലയിരുത്തുകയും അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. ഷെയറിങ്ങ് സെക്ഷനോടുകൂടെ ആദ്യദിനം അവസാനിച്ചു. വി.ബലിയോടും ആരാധനയോടും കൂടെ ആരംഭിച്ച രണ്ടാം ദിവസം ശ്രീ. അനീഷ് ചെമ്പാലിൽ (യുജിസി ഫസ്റ്റ് റാങ്ക് ഹോൾഡർ) സയൻസ് വിഷയങ്ങളിൻ പ്രാവിണ്യം നേടാനുതകുന്ന വിധത്തിലുള്ള ക്ലാസ്സുകളെടുത്തു. 2-ാം തീയതി 4 മണിക്ക് പ്രോഗ്രാം അവസാനിച്ചു.

റെഗുലർ ബാച്ചിന്റെ സെപ്റ്റംബർ മാസത്തെ ക്ലാസ്സുകൾ 11-ാം തീയതി വൈകുന്നേരം 6 മണിക്ക് ആരംഭിക്കുന്നു. 13-ാം തീയതി ചൊവ്വാഴ്ച്ച റെഗുലർ സ്റ്റുഡൻസിന്റെ ഫാമിലി ഗ്യാതറിങ്ങ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.

**ലൈഫ് ട്രെയിനിംഗ് ഡിസ്റ്റൻസ്**

ലൈഫ് ട്രെയിനിംഗ് ഡിസ്റ്റൻസ് ഓഗസ്റ്റ് മാസത്തെ ക്ലാസ്സുകൾ 12,13 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൻ വച്ച് നടന്നു. റവ.സിസ്റ്റർ ജെസ്സി പോൾ നേതൃത്വം നൽകിയ ആരാധനയോടുകൂടി കുട്ടികളുടെ കുമ്പസാരവും ഒരു മാസത്തെ അനുഭവങ്ങളുടെ ഷെയറിങ്ങ് സെക്ഷനും നടന്നു. വി .ബലിയോടെ ആരംഭിച്ച രണ്ടാം ദിവസം ശ്രീ. തോമസ് കല്ലറക്കൽ, ശ്രീ. അജീഷ് എന്നിവർ പ്രസംഗകലയിൽ പ്രാവീണ്യം നേടാൻ കുട്ടികളെ പരിശീലിപ്പിച്ചു.

ഡിസ്റ്റൻസ് ബാച്ചിന്റെ സെപ്റ്റംബർ മാസത്തെ ക്ലാസ്സുകൾ 15-ാം തീയതി രാവിലെ 10 മണിക്ക് ആരംഭിക്കുന്നു, 17-ാം തീയതി വൈകുന്നേരം 4 മണിക്ക് സമാപിക്കുന്നു. 21-ാം തീയതി ബുധനാഴ്ച ഡിസ്റ്റൻസ് സ്റ്റുഡൻസിന്റെ പാരൻസ് മീറ്റിംഗ് പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്നതാണ്.

**യൂത്ത് ട്രാവലർ** (യുവജനങ്ങൾ ആയിരിക്കുന്ന ഇടങ്ങളിലേയ്ക്ക് അവരെ അന്വേഷിച്ചുകൊണ്ടുള്ള യാത്ര)

വിവിധ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സഹായകരമാകുന്ന തരത്തിൽ സ്പിരിച്വൽ ആനിമേഷൻആൻഡ് ഗൈഡൻസ് നൽകുക എന്ന ഉദ്ദേശത്തോടെ ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ യൂത്ത് ട്രാവലർ എന്ന പ്രോഗ്രാം ആരംഭിച്ചു. ഓഗസ്റ്റ് 5-ാം തീയതി മാനന്തവാടി സെന്റ് മേരീസ് കോളേജിലെ വിദ്യാർത്ഥികൾക്കായി, സി. ലിൻസി എസ്.സി.വി., സി.നോയൽ എസ്.എ.ബി.എസ്. എന്നിവർ സ്പിരിച്വൽ ആനിമേഷൻ ആൻഡ് ഗൈഡൻസ് നൽകി

**ലിൻഷ ഷാന്റി**
യൂത്ത് മിനിസ്ട്രി വോളന്റിയർ

## പ്രചോദിനി 2016 – വനിതാസംഗമം

ഈ വർഷത്തെ പ്രചോദിനി 2016 ഓഗസ്റ്റ് 2–ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൻ വച്ച് നടത്തി. 410 വനിതാ പ്രതിനിധികൾ വനിതാ സംഗമത്തിൽ പങ്കെടുത്തു. മതതീവ്രവാദ സ്വഭാവമുള്ള സംഘടനകളിലേയ്ക്ക് നിർബന്ധിത മതപരിവർത്തനം മൂലവും പ്രണയം നടിച്ചും ക്രൈസ്തവ പെൺക്കുട്ടികളെ വലവീശുന്ന പ്രവണതയെക്കുറിച്ച് നിതാന്തജാഗ്രത പുലർത്തണമെന്ന് സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ച കെ.സി.വൈ.എം. മാനന്തവാടി രൂപതാ വൈസ് പ്രസിഡ് കുമാരി അജ്ജലി ചെറുപ്ലാവിൽ യുവതികളോട് ആഹ്വാനം ചെയ്തു. സ്ത്രീ സൗന്ദര്യം കമ്പോള വത്ക്കരിക്കപ്പെടേണ്ടതല്ലെന്നും ഉദാത്ത ലക്ഷ്യം മുൻമ്പിൽ വച്ച് സൃഷ്ടാവ് തന്നെ ദാനമായി നൽകിയ സമ്പത്താണതെന്നും സ്ത്രീ സൗന്ദര്യം അതിന്റെ പൂർണ്ണതയിൽ ജീവിച്ച് മഹത്ത്വീകരിക്കപ്പെട്ട സ്ത്രീവ്യക്തിത്വം പരിശുദ്ധ അമ്മയാണെന്നും, ഈ അമ്മയെ അനുകരിച്ച് സാമൂഹിക തലത്തിലും, ആത്മീയ തലത്തിലും, ജനാധിപത്യ തലത്തിലുമൊക്കെ തനതായ വ്യക്തി മുദ്രപതിപ്പിക്കുവാൻ ക്രിസ്തീയ യുവതികൾ മുന്നോട്ടു വരണമെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത കെ.സി.വൈ.എം. മുൻ സംസ്ഥാന ഡയറക്ടറും റേഡിയോ മാറ്റൊലി ഡയറക്ടറുമായ റവ. ഡോക്ടർ സെബാസ്റ്റ്യൻ പുത്തേൻ യുവതികളോട് ആവശ്യപ്പെട്ടു. ഭയപ്പാടുനിറഞ്ഞ മനുഷ്യ മനസ്സുകളിൽ യേശുവാകുന്ന പ്രകാശം നിറയുമ്പോൾ മാത്രമാണ് നാം അധിവസിക്കുന്ന ഭൂമി വെളിച്ചം കാണുകയുള്ളു എന്നും, പ്രകാശത്തിന്റെ വക്താക്കളാകുന്നതിനാണ് ഓരോ യുവതിയും സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും, പ്രകാശിതരായ സഹോദരിയായും അമ്മയായും ഭാര്യയായും സമൂഹത്തിൽ വ്യാപരിക്കുകയാണ് ഓരോ യുവതിയുടെയും ധർമ്മമെന്നും ആമുഖപ്രഭാഷനം നടത്തി സംസാരിച്ച രൂപതാ ആനിമേറ്റർ സി.സ്മിത എസ്.എ.ബി.എസ്. പറഞ്ഞു. മാനന്തവാടി രൂപതാ ഡയറക്ടർ റവ. ഫാദർ ലാൽ ജേക്കബ് പൈനുങ്കൽ

സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് ശ്രീ. ആന്റണി മങ്കടപ്ര വനിതാ സംഗമത്തിന് ആശംസകളർപ്പിച്ച് സംസാരിച്ചു. രൂപതാ സെക്രട്ടറിമാരായ ജിഷിൻ മുണ്ടക്കാതടത്തിൽ, റോസ് മേരി തേറുകാട്ടിൽ, ട്രഷറർ ജിജോ പൊടിമറ്റത്തിൽ ,കോ-ഓഡിനേറ്റർ സിജോ തൈപ്പറമ്പിൽ, സെനറ്റംഗങ്ങളായ അക്ഷയ, അലീന, അനിഷ എന്നിവർ നേതൃത്വം നൽകി. തുടർന്ന് ക്രൈസ്തവ യുവത്വവും വൈകാരിക പക്വതയും എന്ന വിഷയത്തിൽ ശ്രീ. സജി നരിക്കുഴി ക്ലാസ്സുകൾ നയിച്ചു.

**ആനിമ - യൂണിറ്റ്, മേഖല ആനിമേറ്റേഴ്സ് സംഗമം**

ഓഗസ്റ്റ് 2-ാം തീയതി നടന്ന യൂണിറ്റ് മേഖലാ ആനിമേറ്റേഴ്സ് സംഗമത്തിൽ 56 ആനിമേറ്റർ സിസ്റ്റേഴ്സ് പങ്കെടുത്തു. സംഘടനാ ശാക്തീകരണത്തെക്കുറിച്ചും യുവജനങ്ങളെ സഭയോട് ചേർത്തു നിർത്തേണ്ടതിന്റെ ആവശ്യകതയെക്കറിച്ചും കെ.സി.വൈ.എം. ഡയറക്ടർ റവ. ഫാദർ ലാൽ പൈനുങ്കൽ ക്ലാസ്സുകളെടുത്തു. തുടർന്ന് സംഘടനയുടെ തുടർ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു.

മദ്യശാലക്കെതിരെയുള്ള ആദിവാസി സമരത്തിൽ മനുഷ്യാവകാശ കമ്മീഷൻ ഇടപ്പെടണം എന്നാവശ്യപ്പെട്ട് കെ.സി.വൈ.എം. മനുഷ്യാവകാശ കമ്മീഷന് നിവേദനം നൽകി.

മാനന്തവാടി ബിവറേജ് ഔട്ട്ലെറ്റിനുമുമ്പിൽ ആദിവാസി സ്ത്രീകൾ നടത്തുന്ന സമരം 200 ദിവസം പിന്നിട്ടിട്ടും കണ്ടില്ലെന്ന് നടിക്കുന്ന സർക്കാരിന്റെ നടപടിക്കെതിരെ മാനന്തവാടി രൂപതാ കെ.സി.വൈ.എം. പ്രതിഷേധിച്ചു. ആദിവാസി സ്ത്രീകൾ നടത്തിവരുന്ന സമരത്തിന് ശ്വാശ്വത പരിഹാരം വേണമെന്നും, മനുഷ്യാവകാശ സംരക്ഷണത്തിനും ആദിവാസികളുടെ സംരക്ഷണത്തിനുമായി വയനാട് ജില്ലയെ ലഹരി നിരോധിത ജില്ലയായി പ്രഖ്യാപിക്കണം എന്നും ആവശ്യപ്പെട്ട് ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, വൈസ് പ്രസിഡണ്ട് അഞ്ജലി ചെറുപ്ലാവിൽ, സംസ്ഥാന സെനറ്റ് അംഗം ബിബിൻ ചെമ്പക്കര, ആനിമേറ്റർ സി.സ്മിത എസ്.എ.ബി.എസ്. എന്നിവർ കലക്ട്രേറ്റിൽ സിറ്റിംഗ് നടത്തിയ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ആക്ടിംഗ് ചെയർപേഴ്സൺ ജസ്റ്റിസ് സിറിയക്ക് ജോസഫിനെ നേരിൽ കണ്ട് നിവേദനം നൽകി.

**ഡിവൈൻ മേഴ്സി യൂത്ത് കൺവെൻഷൻ**

കാരുണ്യവർഷത്തോടനുബന്ധിച്ച് നടത്തിവരുന്ന മാനന്തവാടി രൂപതാ ഡിവൈൻ മേഴ്സി യൂത്ത് കൺവെൻഷൻ വിജയകരമായി നടന്നു വരുന്നു. കല്ലോടി മേഖലയിൽ 7-ാം തീയതിയും, കൽപ്പറ്റ

മേഖലയിൽ 13-ാം തീയതിയും, മണിമൂളി മേഖലയിൽ 15-ാം തീയതിയും, മാനന്തവാടി, നടവയൽ, മുള്ളൻക്കൊല്ലി എന്നിവിടങ്ങളിൽ 24-ാം തീയതിയും കൺവെൻഷൻ നടന്നു. കാരുണ്യത്തിന്റെ മുഖം ലോകത്തിൽ പ്രകാശിപ്പിക്കുവാൻ യുവജനങ്ങളെ ആഹ്വാനം ചെയ്ത കൺവെൻഷൻ സംഘടിപ്പിക്കുവാൻ മുൻകൈയെടുത്ത മേഖലാടീമംഗങ്ങൾക്ക് അഭിനന്ദനങ്ങൾ.

**വയനാട് ക്രേസി മഡ് വോളിബോൾ ടൂർണമെന്റ്**

മാനന്തവാടി കെ.സി.വൈ.എം. രൂപതാ സമിതിയുടെ നേതൃത്വത്തിൽ കോട്ടത്തറ യൂണിറ്റിൽ വച്ച് 15-8-16 ന് വയനാട് ക്രേസി മഡ് വോളിബോൾ ടൂർണമെന്റ് നടന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ശകുന്തള ഷൺമുഖം ടൂർണമെന്റ് ഉത്ഘാടനം ചെയ്തു. കോട്ടത്തറ സെന്റ് ആന്റണീസ് ചർച്ച് (എ) ടീം ഒന്നാം സ്ഥാനവും, ഇടിവണ്ണ സെന്റ് തോമസ് ചർച്ച് ടീം രണ്ടാം സ്ഥാനവും, കോട്ടത്തറ സെന്റ് ആന്റണീസ് ചർച്ച് (ബി) ടീം മൂന്നാം സ്ഥാനവും കരസ്ഥമാക്കി. മൽസരം സംഘടിപ്പിച്ച പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്രയുടെ നേതൃത്വത്തിലുള്ള രൂപത ടീമിനും ആതിഥേയത്വം വഹിച്ച ശ്രീ. ജോഷിയുടെ നേതൃത്വത്തിലുള്ള തരിയോട് മേഖലയ്ക്കും ഡയറക്ടർ റവ. ഫാദർ വിനോദ് പാക്കാനിക്കുഴിക്കും ടീമംഗങ്ങൾക്കും കോട്ടത്തറ യൂണിറ്റ് ഡയറക്ടർ ടോമി കൊച്ചുപാറയ്ക്കൽ അച്ചനും ടീമംഗങ്ങൾക്കും കോഓഡിനേറ്റർ ശ്രീ. ജിജോ പൊടിമറ്റത്തിനും അഭിനന്ദനങ്ങളും ഒപ്പം നന്ദിയും.

**അന്നം 2016**

വിശക്കുന്നവന് ഒരു നേരത്തെ ആഹാരം എന്ന ലക്ഷ്യത്തോടെ തുടരുന്ന അന്നം പരിപാടിക്കുവേണ്ടി ജൂൺ, ജൂലൈ,ഓഗസ്റ്റ് മാസങ്ങളിൽ 10000 രൂപ ചിലവഴിച്ചു. സഹപകരിച്ചുക്കൊണ്ടിരിക്കുന്ന എല്ലാവർക്കും നന്ദി.

**ചാവറ മദർ തെരേസ മെഗാ ക്വിസ് റിസൽട്ട്**

ഓഗസ്റ്റ് 7ന് ഉച്ചകഴിഞ്ഞ് 2.30 മുതൽ 4 മണി വരെ രൂപതയുടെ വിവിധ ഭാഗങ്ങളിൽ 24 സെന്ററുകളിലായി 655 ടീമുകൾ ഈ മെഗാക്വിസിൽ പങ്കെടുത്തു. ക്വിസ് പ്രോഗ്രാമിന്റെ വിജയത്തിനായി സഹകരിച്ച വികാരിയച്ചൻമാർക്കും സിസ്റ്റേഴ്സിനും നടത്തിപ്പിനും മൂല്യനിർണ്ണയത്തിനും സഹകരിച്ച എല്ലാവർക്കും ഒരുപാട് നന്ദി ഒപ്പം വിജയികൾക്ക് അഭിനന്ദനങ്ങളും. രൂപതാ, മേഖലാ, യൂണിറ്റുതല വിജയികളുടെ പേരുവിവരം ചുവടെ ചേർത്തിരിക്കുന്നു.

**25 ടീമുകളിൽ കൂടുതൽ പങ്കെടുപ്പിച്ച ഇടവകകൾ**

മുള്ളൻക്കൊല്ലി - 55, ചുങ്കക്കുന്ന് - 46, ചെറുകാട്ടൂർ - 30, പുൽപള്ളി - 29, പൂളപ്പാടം - 27, കൊമ്മയാട് - 27, കാരക്കാമല - 25, പയ്യംപ്പള്ളി - 25, പാടിച്ചിറ - 25

**രൂപതാതല വിജയികൾ**

ഒന്നാം സ്ഥാനം മാർക്ക്-98

ജാൻസി വെണ്ണായപ്പള്ളിൽ, മിന്നു ബെന്നിച്ചൻ വെണ്ണായപ്പള്ളിൽ
ഹോളിക്രോസ് ഫെറോന ചർച്ച്, നടവയൽ

രണ്ടാം സ്ഥാനം മാർക്ക്-97

അനൂപ് ബേബി വീപ്പാട്ട്, ഐശ്വര്യ ജോൺസൺ വീപ്പാട്ട്
സെന്റ് മേരീസ് ചർച്ച്, തലഞ്ഞി

മൂന്നാം സ്ഥാനം മാർക്ക് -96

ക്രിസ്റ്റീന അഞ്ചേരിൽ, ഷെറിൻ അഞ്ചേരിൽ
സെന്റ് ജോർജ്ജ് ചർച്ച്, അമ്പായത്തോട്

**ഫെറോനാതല വിജയികൾ**

**കല്ലോടി ഫെറോന**

ഒന്നാം സമ്മാനം - ആശ ജോസ് തയ്യിൽ, രാജീവ് ജോസ് തയ്യിൽ, സെന്റ് ജോർജ്ജ് ചർച്ച് കല്ലോടി

രണ്ടാം സമ്മാനം - പ്രിയ കാഞ്ഞിരത്തിങ്കൽ, ദീപ കാഞ്ഞിര ത്തിങ്കൽ, സെന്റ് ജോർജ്ജ് ചർച്ച് കല്ലോടി

**മുള്ളൻക്കൊല്ലി ഫെറോന**

ഒന്നാം സമ്മാനം - റോസ് മരിയ പൂത്തോട്ടായിൽ, ഡയോണ എഴുമാലിൽ സെന്റ് മേരീസ് ചർച്ച്, മുള്ളൻക്കൊല്ലി

രണ്ടാം സമ്മാനം - ടോണി ഇളയടത്തുമഠത്തിൽ, അനൂപ് ചെത്തുവേലിൽ, തിരുഹൃദയദേവാലയം പുൽപ്പള്ളി

**നടവയൽ ഫെറോന**

ഒന്നാം സമ്മാനം -ജാൻസി വെണ്ണായപ്പള്ളിൽ, മിന്നു ബെന്നി ച്ചൻ വെണ്ണായപ്പള്ളിൽ, ഹോളിക്രോസ് ഫെറോനാ ചർച്ച്, നടവയൽ

രണ്ടാം സമ്മാനം - റിജോ ജോസഫ് പച്ചനാൽ, സൗമ്യ ജോസഫ് കവുന്നുകാട്ടിൽ, ഹോളിക്രോസ് ഫെറോനാ ചർച്ച്, നടവയൽ

**നിലമ്പൂർ ഫെറോന**

ഒന്നാം സമ്മാനം - ബിജോ ജോസ് കുന്നേൽക്കുടിയിൽ, ലീന ബിജോ കുന്നേൽക്കുടിയിൽ, സെന്റ് ജോർജ്ജ് ചർച്ച്, പൂളപ്പാടം

രണ്ടാം സമ്മാനം - ഫ്രഡ്രിക്ക് മാവേലിൽ, ആൽബിൻ മാനാം തടത്തിൽ, സെന്റ് ജോർജ്ജ് ചർച്ച്, പൂളപ്പാടം

## യൂണിറ്റുതലത്തിൽ സമ്മാനാർഹരായവർ

| മേഖല | സെന്റർ | 1–ാം സ്ഥാനം | 100 |
|---|---|---|---|
| ചുങ്കക്കുന്ന് | ചുങ്കക്കുന്ന് | ക്രിസ്റ്റീന അഞ്ചേരിൽ, ഷെറിൻ അഞ്ചേരിൽ | 96 |
| | | സെന്റ് ജോർജ്ജ് ചർച്ച്, അമ്പായത്തോട് | |
| | | **2–ാം സ്ഥാനം** | |
| | | ബെഞ്ചമിൻ അനുഗ്രഹ, ആഗ്നസ് ജിൻസൺ | 88 |
| | | ഫാത്തിമമാതാ ചർച്ച് ചുങ്കക്കുന്ന് | |
| കല്ലോടി | കല്ലോടി | ആശ ജോസ് തയ്യിൽ, രാജീവ് ജോസ് തയ്യിൽ | 92 |
| | | സെന്റ് ജോർജ്ജ് ചർച്ച്, കല്ലോടി | |
| | | **2–ാം സ്ഥാനം** | |
| | | പ്രിയ കാഞ്ഞിരത്തിങ്കൽ, ദീപ കാഞ്ഞിരത്തിങ്കൽ | 89 |
| | | സെന്റ് ജോർജ്ജ് ചർച്ച്, കല്ലോടി | |
| | കാരയ്ക്കാമല | അമൃത മുണ്ടക്കൽ, അനിറ്റ മുണ്ടക്കൽ | 76 |
| | | സെന്റ് മേരീസ് ചർച്ച്, കാരയ്ക്കാമല | |
| | | **2–ാം സ്ഥാനം** | |
| | | അഞ്ചു അറപ്പത്താനത്ത്, അമൽ അറപ്പത്താനത്ത് | 68 |
| | | സെന്റ് മേരീസ് ചർച്ച്, കാരയ്ക്കാമല | |
| | കൊമ്മയാട് | മിനി പുതുശ്ശേരിൽ, ലിയ കൊച്ചുനിരവത്ത് | 58 |
| | | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൊമ്മയാട് | |
| | | **2–ാം സ്ഥാനം** | |
| | | ജെസിൻ നെടിയാനിക്കുഴിയിൽ | 56 |
| | | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കൊമ്മയാട് | |
| | തോണിച്ചാൽ | അനുപ കൊരണ്ടിയാർകുന്നേൽ | 80 |
| | | ശലഭ കിഴക്കേപ്പറമ്പിൽ | |
| | | സെന്റ് അൽഫോൻസ ചർച്ച്, ദ്വാരക | |
| | | **2–ാം സ്ഥാനം** | |
| | | അനുമോൾ പുല്ലംകന്നപ്പള്ളിൽ, | 75 |
| | | അമൽ പുല്ലംകന്നപ്പള്ളിൽ | |
| | | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, മംഗലശ്ശേരി | |
| കൽപ്പറ്റ | കൽപ്പറ്റ | ആഗിൻ അഴകനാൽ, അനിറ്റ അഴകനാൽ | 95.5 |
| | | സെന്റ് മേരീസ് ചർച്ച്, നെടുംമ്പാല | |
| | | **2–ാം സ്ഥാനം** | |
| | | അലീന കുര്യൻ അല്ലക്കുഴ, | 57 |
| | | ലിറ്റി ജോസഫ് കൊച്ചുപുരയ്ക്കൽ | |
| | | സെന്റ് മേരീസ് ചർച്ച്, നെടുംമ്പാല | |
| മാനന്തവാടി | മാനന്തവാടി | ആശ എടാട്ടുകുന്നേൽ | 89 |
| | | ഡോണിയ കൊച്ചുകുടിയിൽ | |
| | | സെന്റ് മേരീസ് ചർച്ച്, യവനാർകുളം | |

| | | | |
|---|---|---|---|
| | | **2–ാം സ്ഥാനം**<br>നിമിഷ പുൽപ്പാറ, റിയ മൈലമ്മേലിൽ<br>ഇൻഫന്റ് ജീസസ് ചർച്ച്, കരിമാനി | 88 |
| മണിമൂളി | മണിമൂളി | അനൂപ് ബേബി വീപ്പാട്ട്, ഐശ്വര്യ ജോൺസൺ<br>വീപ്പാട്ട്, സെന്റ് മേരീസ് ചർച്ച്, തലഞ്ഞി<br>**2–ാം സ്ഥാനം**<br>ജോസ്ന ജോസഫ് ചെരുവിളപുത്തൻവീട്<br>പ്രിയ ജോസ് തെക്കേമുറിയിൽ<br>സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, പാലാങ്കര | 97<br><br><br>94 |
| മുള്ളൻകൊല്ലി | മുള്ളൻകൊല്ലി | റോസ്മരിയ പൂത്തോട്ടായിൽ<br>ഡയോണ എഴുമാലിൽ<br>സെന്റ് മേരീസ് ചർച്ച്, മുള്ളൻകൊല്ലി<br>**2–ാം സ്ഥാനം**<br>ടിന്റോ ചെറിയതറപ്പേൽ<br>സെന്റ് മേരീസ് ചർച്ച്, മുള്ളൻകൊല്ലി | 94<br><br><br><br>83 |
| | പാടിച്ചിറ | അലീന തെറ്റയിൽ, ഡെസ്ന പ്ലാക്കിൽ<br>സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, പാടിച്ചിറ<br>**2–ാം സ്ഥാനം**<br>ഡോൺ ജോസ് ഞൊണ്ടൻമാക്കൽ<br>അഞ്ജലി പുലിക്കുന്നേൽ<br>സെന്റ് മേരീസ് ചർച്ച്, കബനിഗിരി | 80<br><br><br>72 |
| | പുൽപ്പള്ളി | ടോണി ഇളയടത്തുമഠത്തിൽ<br>അനൂപ് ചെത്തുവേലിൽ<br>തിരുഹൃദയദേവാലയം, പുൽപ്പള്ളി<br>**2–ാം സ്ഥാനം**<br>ശ്രുതി മുതുപ്ലാക്കൽ, അതുല്യ മുതുപ്ലാക്കൽ<br>തിരുഹൃദയദേവാലയം, പുൽപ്പള്ളി | 90<br><br><br><br>82 |
| | ഇരുളം | രാജിഷ കരോട്ട്, രാഗിൻ കരോട്ട്<br>സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ഇരുളം<br>**2–ാം സ്ഥാനം**<br>അനൂപ് തങ്കച്ചൻ കരിമ്പടക്കുഴിയിൽ<br>അനു ജോർജ് കരിമ്പടക്കുഴിയിൽ<br>സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ഇരുളം | 82<br><br><br>72 |
| നിലമ്പൂർ | നിലമ്പൂർ | രമ്യ പി ജോയി പുരയ്ക്കൽ<br>ലിഡിയ മാത്യു പുരയ്ക്കൽ<br>ലിറ്റിൽ ഫ്ളവർ ചർച്ച്, നിലമ്പൂർ<br>**2–ാം സ്ഥാനം**<br>അൽഫോൻസ ഗണപതിപ്ലാക്കൽ<br>ആൻസി ഗണപതിപ്ലാക്കൽ<br>ലിറ്റിൽഫ്ളവർ ചർച്ച്, നിലമ്പൂർ | 85<br><br><br><br>75 |

| | | | |
|---|---|---|---|
| | പൂളപ്പാടം | ബിജോ ജോസ് കുന്നേൽക്കുടിയിൽ | 87 |
| | | ലീന ബിജോ കുന്നേൽകുടിയിൽ | |
| | | സെന്റ് ജോർജ്ജ് ചർച്ച്, പൂളപ്പാടം | |
| | | **2–ാം സ്ഥാനം** | |
| | | ഫ്രഡ്രിക്ക് മാവേലിൽ | 86 |
| | | ആൽബിൻ മാനാംതടത്തിൽ | |
| | | സെന്റ് ജോർജ്ജ് ചർച്ച്, പൂളപ്പാടം | |
| നടവയൽ | നടവയൽ | ജാൻസി വെണ്ണായപ്പള്ളിൽ | 98 |
| | | മിന്നു ബെന്നിച്ചൻ വെണ്ണായപ്പള്ളിൽ | |
| | | ഹോളിക്രോസ് ഫൊറോനചർച്ച്, നടവയൽ | |
| | | **2–ാം സ്ഥാനം** | |
| | | റിജോ ജോസഫ് പച്ചനാൽ | 93 |
| | | സൗമ്യ ജോസഫ് കവുന്നുകാട്ടിൽ | |
| | | ഹോളിക്രോസ് ഫൊറോന ചർച്ച്, നടവയൽ | |
| | ചെറുകാട്ടൂർ | സനിക കുന്നുമ്മേൽ, സാന്ദ്ര റോസ് വട്ടക്കാട്ട് | 72 |
| | | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ചെറുകാട്ടൂർ | |
| | ചുണ്ടക്കര | അനു വരിക്കാനായിൽ | 92 |
| | | മെൽവിൻ വടക്കേക്കുടിയിൽ | |
| | | സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, വിളമ്പുകണ്ടം | |
| | | **2–ാം സ്ഥാനം** | |
| | | ആൽബിൻ പുതുശ്ശേരിയിൽ | 75 |
| | | സുമലു വല്ലാട്ടുപറമ്പിൽ | |
| | | സെന്റ് ജൂഡ്സ് ചർച്ച്, കുറുമ്പാലക്കോട്ട | |
| പയ്യംമ്പള്ളി | പയ്യംമ്പള്ളി | കിരൺ തോമസ് പനയ്ക്കൽ | 94 |
| | | കിഷോർ തോമസ് പനയ്ക്കൽ | |
| | | ലിറ്റിൽ ഫ്ളവർ ചർച്ച്, കമ്മന | |
| | | **2–ാം സ്ഥാനം** | |
| | | അഞ്ജു വെണ്ടർമ്യാലിൽ, ഷിൽന പുൽപ്പറമ്പിൽ | 50 |
| | | സെന്റ് കാതറിൻസ് ചർച്ച്, പയ്യംമ്പള്ളി | |
| ബത്തേരി | ബത്തേരി | മെർലിൻ ജോസഫ് പ്ലാക്കൽ | 95 |
| | | ഷാരോൺ ചാലിൽ | |
| | | അസംപ്ഷൻ ഫൊറോന ചർച്ച്, ബത്തോരി | |
| | | **2–ാം സ്ഥാനം** | |
| | | അജിറ്റ കന്നുകെട്ടിയിൽ, അനിറ്റ കന്നുകെട്ടിയിൽ | 83 |
| | | സെന്റ് മേരീസ് ചർച്ച്, കടൽമാട് | |
| തരിയോട് | തരിയോട് | ആൽഫി സെബാസ്റ്റ്യൻ നായത്ത് | 82 |
| | | ആർഷ മരിയ സണ്ണി കുന്നത്ത് | |
| | | സെന്റ് ആന്റണീസ് ചർച്ച്, കോട്ടത്തറ | |

| | | | |
|---|---|---|---|
| | | 2–ാം സ്ഥാനം | |
| | | ഷിനോജ് പുരയ്ക്കൽ, ടീന വട്ടുകുളത്തിൽ | 80 |
| | | സെന്റ് മേരീസ് ചർച്ച്, തരിയോട് | |
| നീലഗിരി | നീലഗിരി | ജിഷ സാജൻ പുത്തൻവീട്ടിൽ | 92 |
| | | സിമി റോബിൻ പുരയിടത്തിൽ | |
| | | സെന്റ് മേരീസ് ചർച്ച്, ബെക്കി | |

## യൂണിറ്റ് വാർത്തകൾ

### ധർമ്മഗിരി യൂണിറ്റ്

ഐ.എസ്. തീവ്രവാദികളുടെ പിടിയിലായ ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനുവേണ്ടി യൂണിറ്റംഗങ്ങൾ ഒരു മണിക്കൂർ ആരാധന നടത്തി. ധർമ്മഗിരി ഇടവകാംഗമായ ഭാരതി ചേറ്റുതടത്തിലിന് 7889 രൂപയും രാമുവിന് 1500 രൂപയും സംഘടിപ്പിച്ചു നൽകി, ഭവനനിർമ്മാണത്തിന് സഹകരിച്ചു. മേരി കുഞ്ഞാലിപ്പാടത്തിന് ചികിൽസാ സഹായമായി 1500 രൂപ സമാഹരിച്ചു നൽകി. ഇടവക ജനങ്ങളുടെ സഹകരണത്തോടെ വസ്ത്രങ്ങൾ ശേഖരിച്ച് ഗൂഡല്ലൂരിലെ ജീവൻ രക്ഷാ ഭവൻ ബാല സദനത്തിൽ നൽകി.

### കബനിഗിരി യൂണിറ്റ്

യൂണിറ്റ് ശാക്തീകരണത്തിന്റെ ഭാഗമായി 24–7–16 ന് യുവജന സംഗമവും സെമിനാറും സംഘടിപ്പിച്ചു. 75 യുവജനങ്ങൾ പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, രൂപതാ ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മതതീവ്രവാദത്തിൽ ഒളിഞ്ഞിരിക്കുന്ന ഭീകരതയെ പറ്റി അറിവുണ്ടാകണമെന്ന് അച്ചൻ യുവജനങ്ങളോട് ആഹ്വാനം ചെയ്തു. വീടുകളിൽ ചെന്ന് യുവജനങ്ങളെ ഈ പരിപാടിയിലേയ്ക്ക് ക്ഷണിക്കുകയും എല്ലാ സഹകരണങ്ങളും നൽകി കൂടെ നിൽക്കുകയും ചെയ്ത ബഹുമാനപ്പെട്ട ഡയറക്ടർ ബഹു. തോമസ് ചേറ്റാനി അച്ചനും ആനിമേറ്റർ സി. സൗമ്യ സി.എം.സിക്കും, മറ്റ് സിസ്റ്റേഴ്സിനും മതാദ്ധ്യാപകർക്കും കൈക്കാരൻമാർക്കും കമ്മിറ്റിയംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

### ഏലപ്പീടിക

യുവജനാഘോഷത്തിന്റെ ഭാഗമായി ജൂലൈ 10 ന് വിശുദ്ധ കുർബാന സജീവമാക്കുവാൻ കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി. കുർബാനയ്ക്ക് ശേഷം യുവജന സംഗമം നടത്തി.

### കാട്ടിക്കുളം യൂണിറ്റ്

യുവജനാഘോഷത്തിന്റെ ഭാഗമായി യുവജന സർവ്വേ പൂർത്തീ

കരിച്ചു. പയ്യംപള്ളി മേഖല ഡയറക്ടർ റവ. ഫാ. ജെയ്മോൻ കളമ്പു ക്കാട്ടിന്റെ കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട വി. ബലിയിൽ യുവജന ങ്ങളെല്ലാവരും സജീവമായി പങ്കെടുത്തു. തുടർന്ന് നടന്ന യുവജന സംഗമത്തിൽ യൂണിറ്റ് പ്രസിഡണ്ട് ജസ്റ്റിൻ ഇല്ലിക്കൽ അദ്ധ്യക്ഷ സ്ഥാനം അലങ്കരിച്ചു. റവ. ഫാ. ജെയ്മോൻ കളമ്പുക്കാട്ട് യോഗം ഉത്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. തോമസ് ഒറ്റപ്ലാ ക്കൽ ആശംസകളർപ്പിച്ചു. ജിബിൻ കൈനിക്കൽ സ്വാഗതവും, ബിനു വടക്കേപ്പുരക്കൽ യോഗത്തിന് നന്ദിയും അർപ്പിച്ച് സംസാരിച്ചു.

**ചുങ്കക്കുന്ന് യൂണിറ്റ്**

യുവജനങ്ങൾ സെമിത്തേരി ക്ലീൻ ചെയ്തു. യുവജനദിനാഘോ ഷങ്ങളുടെ ഭാഗമായി നടന്ന വിശുദ്ധ ബലിയിൽ യൂണിറ്റംഗങ്ങളെല്ലാം സജീവമായി പങ്കെടുത്തു. തുടർന്ന് നടന്ന മീറ്റിംഗിൽ അഡ്വക്കേറ്റ് സജിത, രാജ്യത്ത് നിലനിൽക്കുന്ന വിവിധ നിയമങ്ങളെക്കറിച്ചും പൗരാവകാശത്തെക്കുറിച്ചും ക്ലാസ്സുകൾ എടുത്തു. ജീവകാരുണ്യപ്ര വർത്തനങ്ങളുടെ ഭാഗമായി ഒരു ക്യാൻസർ രോഗിയ്ക്ക് 3000 രൂപ ചികിൽസാ സഹായം നൽകി.

**നെടുംമ്പാല യൂണിറ്റ്**

യുവജനദിനം സമുചിതമായി ആഘോഷിച്ചു. വിശുദ്ധ കുർബാന സജീവമാക്കുവാൻ കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി. കുർബാനയ്ക്ക് ശേഷം യുവജനസംഗമം നടത്തി. ശ്രീ. സജിൻ ജോസ് ചാലിൽ ക്ലാസ്സുകൾ നയിച്ചു. രോഗീസന്ദർശനം നടത്തി സാമ്പത്തിക സഹായം നൽകി. ഇടവകയിലൂടെ കടന്നുപോകുന്ന മേപ്പാടി -പുറ്റാട് റോഡ് എത്രയും വേഗം ഗതാഗതയോഗ്യമാക്കണമെന്ന് ആവശ്യപ്പെട്ട് കെ.സി.വൈ.എം. പ്രതിനിധികൾ ശ്രീ. സി.കെ. ശശീന്ദ്രൻ എം.എൽ. എയ്ക്ക് നേരിൽക്കണ്ട് നിവേദനം നൽകി.

**പൂളപ്പാടം യൂണിറ്റ്**

വി. തോമ്മാശ്ലീഹായുടെ തിരുനാളിനോട് അനുബന്ധിച്ച് തോമസ് നാമധാരികളായവർക്ക് നാമഹേതുകതിരുനാളിന്റെ മംഗളങ്ങൾ നേർന്നു. വിശുദ്ധ ബലി സജീവമാക്കുവാൻ യുവജനങ്ങൾ സഹകരിച്ചു. യൂണിറ്റ് ഫണ്ട് ശേഖരണാർത്ഥം ആരംഭിച്ച സൺഡേ സ്റ്റോർ ബഹുമാനപ്പെട്ട സിഞ്ചെലൂസ് ജോസഫ് മേച്ചേരി അച്ചൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. വി. പൗലോസ് കരുണയുടെ പ്രവാചകൻ എന്ന വിഷയത്തെ ക്കുറിച്ച് ഉപന്യാസം കവിത മൽസരങ്ങൾ എന്നിവ നടത്തി വിജയി കൾക്ക് സമ്മാനം വിതരണം നടത്തി. യൂത്ത് ഡേ, വി.ബലി സജീവ മാക്കി ആചരിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ്

പൈനുങ്കൽ മുഖ്യകാർമ്മികത്വം വഹിച്ചു. യൂണിറ്റംഗങ്ങൾ രോഗീ സന്ദർശനം നടത്തി. വി. അന്ന, വി.അൽഫോൻസ നാമധാരികൾക്ക് ആശംസകൾ അർപ്പിച്ചു.

**കാവുംമന്ദം യൂണിറ്റ്**

വി. തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാളും യുവജനദിനാഘോഷവും സംയുക്തമായി ആഘോഷിച്ചു. അന്നേദിവസം കെ.സി.വൈ.എം. അംഗങ്ങളുടെ നേതൃത്വത്തിൽ നേർച്ച ഭക്ഷണം നൽകി. തുടർന്ന് ചെന്ദലോട് ലൂയിസ് മൗണ്ട് ഹോസ്പിറ്റൽ ഡോക്ടറും ഇടവകാംഗവുമായ ഡോ. ലിജോ ചിറ്റിലപ്പള്ളി ടൈപ്പ് ഓഫ് പേഴ്സണാലിറ്റി ആന്റ് ഡ്രഗ്സ് എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

**വാളേരി യൂണിറ്റ്**

ആഘോഷമായ വിശുദ്ധ ബലിയോടുകൂടെ യൂത്ത് ഡേ ആചരിച്ചു. യുവജനങ്ങൾ വചനാധിഷ്ഠിതമായ ജീവിതം നയിക്കേണ്ടവരാണെന്ന് ഓർമ്മിപ്പിച്ച് വികാരിയച്ചൻ എല്ലാവർക്കും വചനപ്പെട്ടി സമ്മാനമായി നൽകി. തുടർന്ന് ശ്രീ. ജോസ് വടക്കേക്കര സാറിന്റെ നേതൃത്വത്തിൽ ക്ലാസ്സുകൾ നടന്നു. ഒരുമിച്ചുള്ള ഭക്ഷണത്തിനുശേഷം എല്ലാവരും യുവജനദിനാശംസകൾ കൈമാറി. വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് പള്ളിയും പരിസരവും വൃത്തിയാക്കി.

**ചാരിറ്റി യൂണിറ്റ്**

വി. തോമ്മാശ്ലീഹായുടെ തിരുനാളിനോട് അനുബന്ധിച്ച് നടന്ന റാലിയിൽ സജീവമായി പങ്കെടുത്തു. യുവജനദിനാഘോഷം നടത്തി, യുവജനങ്ങൾക്കുവേണ്ടി പ്രത്യേക പ്രർത്ഥന നടത്തി. ജൂലൈ 31-ാം തീയതി മതതീവ്രവാദികളുടെ പീഡനങ്ങൾക്ക് ഇരയാകുന്നവർക്കുവേണ്ടിയും ലോക സമാധാനത്തിനുവേണ്ടിയും പ്രത്യേക പ്രാർത്ഥന നടത്തി.

**അരിഞ്ചേർമല യൂണിറ്റ്**

യുവജനദിനാഘോഷത്തിന്റെ ഭാഗമായി നടത്തിയ സെമിനാറിൽ യുവജനങ്ങളുടെ ദൗത്യവും കടമയും എന്ന വിഷയത്തെക്കുറിച്ച് ബഹുമാനപ്പെട്ട ഡയറക്ടർ ബഹു. ജെയിംസ് കുറ്റിമാക്കൽ അച്ചൻ ക്ലാസിന് നേതൃത്വം നൽകി. ഐ.എസ്. ഭീകരപ്രവർത്തകരുടെ മാനസാന്തരത്തിനുവേണ്ടി കരുണയുടെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. കെ.സി.വൈ.എം പ്രവർത്തകരുടെ നേതൃത്വത്തിൽ ഇടവകയിൽ ഏഴാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്ക് പി.എസ്.സി. കോച്ചിംഗ് ആരംഭിച്ചു.

**പുതിയിടംക്കുന്ന് യൂണിറ്റ്**

യുവജനദിനത്തിൽ പള്ളിയും അൾത്താരയും യുവജനങ്ങളുടെ നേതൃത്വത്തിൽ മനോഹരമായി അലങ്കരിച്ചു. വീടുകൾതോറും കയറി സമാഹരിച്ച തുക എമ്മാവൂസ് വില്ലയിലെ കുഞ്ഞുങ്ങൾക്ക് നൽകി. കുട്ടികളോടൊപ്പം സമയം ചിലവഴിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. കരുണയുടെ വർഷത്തിലെ യുവജനദിനാഘോഷം അവിസ്മരണീയമായി.

**പുതിയിടം യൂണിറ്റ്**

യുവജനദിനത്തിൽ വി.ബലി സജീവമാക്കി. ഫണ്ട് ശേഖരണാർത്ഥം തേങ്ങവിൽക്കുന്നതിനുള്ള കർമ്മ പദ്ധതി രൂപീകരിച്ചു.

**സിബിൻ പാലമൂട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ മെയ് 22 മുതൽ വിവാഹത്തിനൊരുക്കമായുള്ള കോഴ്സ് പാസ്റ്ററൽ സെന്ററിൽ ജൂലൈ 24 മുതൽ 27 വരെ നടന്ന കോഴ്സിൽ 107 പേരും ആഗസ്റ്റ് 7 മുതൽ 10 വരെ നടന്ന കോഴ്സിൽ 94 പേരും പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും കുടുംബപ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസത്തിലെ കോഴ്സുകൾ**

സെപ്റ്റംബർ 9 –12 – പാസ്റ്ററൽ സെന്റർ ദ്വാരക
ഒക്ടോബർ 7 –10 – പാസ്റ്ററൽ സെന്റർ ദ്വാരക
ഒക്ടോബർ 28 –31 – പാസ്റ്ററൽ സെന്റർ ദ്വാരക

**മാതൃവേദി**

**ആനിമേറ്റർമാരുടെ സംഗമം**

മാതൃവേദി ശാഖാ ആനിമേറ്റർമാരുടെ രൂപതാതല സംഗമം ആഗസ്റ്റ് 13–ന് ദ്വാരകയിൽ നടത്തി. ഫ്രാൻസീസ് പാപ്പായുടെ കുടുംബത്തെക്കുറിച്ചുള്ള അപ്പസ്തോലിക പ്രബോധനമായ 'സ്നേഹത്തിന്റെ സന്തോഷ'ത്തെ അടിസ്ഥാനമാക്കി കുടുംബ ശുശ്രൂഷയിൽ സമർപ്പിതരുടെ പങ്കിനെക്കുറിച്ച് റവ.ഡോ.സിബി ചെറുതോട്ടിൽ ക്ലാസ്സ് എടുത്തു. രൂപതാതല പ്രവർത്തനങ്ങളുടെ അവലോകനവും അടുത്തവർഷത്തേക്കുള്ള പദ്ധതികളുടെ ചർച്ചയും നടത്തി. സി. ലില്ലി പുരയ്ക്കൽ എസ്.എച്ച്, രൂപത പ്രസിഡന്റ് ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി, സി. അനിലിറ്റ് എസ്.എച്ച്, രൂപതാ ഡയറക്ടർ ഫാ. മാത്യു പെരിയപ്പുറം എന്നിവർ സംസാരിച്ചു. രൂപതാ എക്സിക്യൂട്ടിവ് നേതൃത്വം നൽകി.

**പുതിയ യൂണിറ്റ്**

**ഏലപ്പീടിക**

3–7–2016 –ന് ഏലപ്പീടിക ഇടവകയിൽ മാതൃവേദി രൂപീകരിച്ചു. ബഹു. ഷാജി മൂത്തേടത്തച്ചൻ അമ്മമാർക്കായി മാതൃത്വത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് ക്ലാസ്സെടുത്തു. ഇടവകയിലെ ഓരോ വാർഡിൽ

നിന്നും 2 പ്രതിനിധികളെ വീതവും, ശാഖാഭാരവാഹികളെയും തിരഞ്ഞെടുത്തു.

**മൊതക്കര**

ജൂൺ 26 –ന് വികാരി ബഹു. ജസ്റ്റിൻ മുത്താനിക്കാട്ട് അച്ചന്റെ നേതൃത്വത്തിൽ ഇടവകയിൽ മാതൃവേദി യൂണിറ്റ് ആരംഭിച്ചു. ഭാരവാഹികളെ തിരഞ്ഞെടുത്തു. പ്രസിഡന്റ് ചിന്നമ്മ മൂലയിൽ, വൈസ്പ്രസിഡന്റ് ചിന്നമ്മ ഇണ്ടിക്കുഴ, സെക്രട്ടറി സ്മിത പൈനുങ്കൽ, ജോ. സെക്രട്ടറി മെൽബി നെല്ലാനപ്പിള്ളി, ട്രഷറർ മോളി ആനിക്കുഴിക്കാട്ടിൽ. ജൂലൈ 17 –ന് ഇടവകയുടെ ജൂബിലി ഉത്ഘാടനത്തിന് അമ്മമാർ കാഴ്ച്ച സമർപ്പണം നടത്തി. ജൂലൈ 24–ന് ശ്രീമതി. ജെസ്സി ആര്യപ്പള്ളി 'ഇടവകയിൽ അമ്മമാരുടെ പങ്കി'നെക്കുറിച്ച് ക്ലാസ്സെടുത്തു. ഇടവകയ്ക്ക് ഒരു സെമിത്തേരി ലഭിക്കുന്നതിനായി എട്ട് നോമ്പിന് പൊതുനിയോഗം വെച്ച് നോമ്പെടുക്കാനും പ്രാർത്ഥിക്കാനും തീരുമാനിച്ചു. മാസത്തിലൊരിക്കൽ മാനന്തവാടി ഗവ.ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യാൻ സഹായിക്കാൻ തീരുമാനിച്ചു.

**മണിമൂളി മേഖല**

ജൂലൈ 6–ാം തീയതി മേഖല എക്സിക്യൂട്ടിവ് ചേർന്നു. മേഖലാ ആനിമേറ്ററായി സി.സനില എഫ്.സി.സി.യെ തിരഞ്ഞെടുത്തു. മക്കളില്ലാത്ത ദമ്പതികൾക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചുകൊണ്ട് മേഖലയിലെ എല്ലാ ശാഖകളിലെയും അമ്മമാർ അഖണ്ഡ ജപമാലയിൽ പങ്കുചേർന്നു. ജൂലൈ 21–ാം തീയതി നടന്ന രൂപതാ എക്സിക്യൂട്ടിവിൽ ഡയറക്ടറച്ചനും ആനിമേറ്റർ സിസ്റ്ററും പ്രസിഡന്റും രൂപതാ ടീം അംഗവും സംബന്ധിച്ചു. കൂപ്പൺ വിറ്റഴിച്ചതിന്റെ പ്രോൽസാഹന സമ്മാനം എല്ലാ ശാഖകളിലും എത്തിച്ചു. വിവിധ ശാഖകളിൽ പച്ചക്കറിതോട്ടം ഉണ്ടാക്കുന്നതിനും പലഹാരങ്ങൾ ഉണ്ടാക്കി വിൽക്കുന്നതിനും അമ്മമാർ നേതൃത്വം നൽകുന്നു.

**ചുങ്കക്കുന്ന് മേഖല**

കരുണയുടെ വർഷത്തോട് അനുബന്ധിച്ച് 15-7-2016 ന് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ചുങ്കക്കുന്ന് പള്ളിയിൽവെച്ച് ഒരു പ്രാർത്ഥനാകൂട്ടായ്മ നടത്തി. ദിവ്യബലിക്കും വചന പ്രഘോഷണത്തിനും മേഖല ഡയറക്ടർ റവ.ഫാ.ജെയിംസ് കുന്നത്തേട്ട് നേതൃത്വം നൽകി.

**നടവയൽ മേഖല**

നടവയൽ മേഖലയിലെ മാതൃവേദി അംഗങ്ങൾക്കായി കുടുംബം

കരുണയുടെ ഉറവിടം എന്ന വിഷയത്തെക്കുറിച്ച് രൂപതാ പ്രസിഡന്റ് ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ്സ് എടുത്തു. മേഖലാ ഡയറക്ടർ ബഹു. ജോയി പുല്ലൻകുന്നേൽ അച്ചൻ, മേഖലാ ആനിമേറ്റർ സി.ഡെയ്സ് മരിയ സി.എം.സി. നേതൃത്വം നൽകി.

**കൽപറ്റ മേഖല**

2-8-2016 -ന് മേഖലാ എക്സിക്യൂട്ടീവും അതിനുശേഷം മേഖലാ ജനറൽബോഡിയും ബഹു. സിജോ ഇളംകുന്നപ്പുഴ അച്ചന്റെ നേതൃത്വത്തിൽ ചേർന്നു. രൂപതാ നിർദ്ദേശങ്ങൾ അച്ചൻ അംഗങ്ങളെ അറിയിച്ചു. 27-ന് മേഖലയിലെ എല്ലാ ശാഖകളിലും മോനിക്കാ പുണ്യവതിയുടെ തിരുനാൾ പ്രാർത്ഥനാദിനമായി ആചരിക്കാൻ തീരുമാനിച്ചു.

**കേണിച്ചിറ**

കരുണയുടെ വർഷത്തിൽ ജീവകാരുണ്യ പ്രവർത്തനത്തിന്റെ ഭാഗമായി പഴയവസ്ത്രങ്ങൾ ശേഖരിച്ച് ഓർഫനേജുകൾക്ക് നൽകി വരുന്നു. ക്യാൻസർ രോഗിയായ ഒരു വ്യക്തിയുടെ കുടുംബത്തെ ഒരു വർഷത്തേക്ക് ദത്തെടുത്ത് അവർക്കുവേണ്ട സഹായങ്ങൾ നൽകി വരുന്നു. മാതൃവേദിയിലെ എല്ലാ അംഗങ്ങളുടെ വീടുകളിലും ജൈവവള പ്രയോഗത്തിലൂടെ പച്ചക്കറികൾ ഉത്പാദിപ്പിച്ചു വരുന്നു.

**കാവുമന്ദം**

തിരുസഭക്കും, അഭിഷിക്ത്തർക്കും, സമർപ്പിതർക്കും എതിരായി നടക്കുന്ന ഭീകരപ്രവർത്തനങ്ങൾക്കും അതിനു നേതൃത്വം നൽകുന്ന സംഘടനകൾക്കും വ്യക്തികൾക്കും മാനസാന്തരം ഉണ്ടാകുന്നതിനു വേണ്ടി മാതൃവേദിയിലെ അംഗങ്ങൾ 5-8-2016 -ന് ഉപവാസദിനമായി ആചരിച്ചു. അന്നേദിവസം ദിവ്യകാരുണ്യ ആരാധന നടത്തി ജപമാല ചൊല്ലി പ്രത്യേകം പ്രാർത്ഥിച്ചു.

**ചുങ്കക്കുന്ന്**

ജൂലൈ മാസത്തിൽ മൂന്ന് എക്സിക്യൂട്ടിവ് മീറ്റിങ്ങും ഒരു ജനറൽ ബോഡിയും ചേർന്നു. ജൂലൈ 6 -ന് സി.ആൻസി പോൾ എസ്.എച്ച് 'കുടുംബത്തിന്റെ മഹത്വം അമ്മമാരിലൂടെ'എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാർ നടത്തി. 650 അമ്മമാർ പങ്കെടുത്തു. കാരുണ്യവർഷത്തോടനുബന്ധിച്ച് ജൂലൈ 15-ന് മേഖലാതല കൂട്ടായ്മ ചുങ്കക്കുന്ന് വച്ച് നടത്തി. എല്ലാ ശാഖകളിൽ നിന്നും അമ്മമാർ പങ്കെടുത്തു. ബഹു. ജെയിംസ് കുന്നത്തേട്ടച്ചൻ കുർബാനയും ക്ലാസ്സും സി. ലിസറ്റ് എസ്.എച്ച്. ആരാധനയും നയിച്ചു. വാർഡ് അടിസ്ഥാനത്തിൽ അമ്മമാർക്ക് ലോഗോസ് പഠനവും പരീക്ഷയും നടത്തി.

**കോട്ടത്തറ**

31-7-2016 ന് രൂപതാ ഡയറക്ടർ ബഹു. ഫാ. മാത്യു പെരിയപ്പുറം ഇടവകയിലെ മുഴുവൻ മാതാപിതാക്കൾക്കുമായി 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സ് നയിക്കുകയും ദിവ്യബലിയർക്കുകയും ചെയ്തു. നാലും അതിൽ കൂടുതലും മക്കൾ ഉള്ള ദമ്പതിമാരെ ആദരിച്ച് സമ്മാനങ്ങൾ നൽകി.

**പൂളപ്പാടം**

2-7-2016 ന് അമ്മമാർ സോപ്പുപ്പൊടി, ലോഷൻ യൂണിറ്റ് ആരംഭിച്ചു. സൺഡേ സ്ടോറിൽ ഇവ വിൽപ്പനയ്ക്കു വേണ്ട നടപടികൾ ചെയ്തു. കലർപ്പില്ലാത്ത പലഹാരങ്ങൾ ഉണ്ടാക്കി മിതമായ വിലയിൽ വിറ്റഴിക്കുന്നു. മാതൃവേദിയുടെ നേതൃത്വത്തിൽ ലോഗോസ് ക്വിസ്സിന് അംഗങ്ങളെ ചേർത്തു. ക്യാൻസർ രോഗിയെ സന്ദർശിച്ച് ധനസഹായം നൽകി. കേരള സംസ്ഥാന വനിതാകമ്മീഷൻ ചെയർപേഴ്സൺ ശ്രീമതി. റോസക്കുട്ടി ടീച്ചർ മക്കളെ വളർത്തുന്നതിനെക്കുറിച്ചും, സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, പരിഹാരമാർഗ്ഗങ്ങൽ, നിയമവശങ്ങൾ എന്നിവയെക്കുറിച്ചും ക്ലാസ്സ് എടുത്തു.

**നരിവാലമുണ്ട**

6-7-2016 -ന് സെമിനാർ നടത്തി. സി.സെലിൻ എസ്.എ.ബി.എസ്. അമ്മമാർക്ക് ക്ലാസ് എടുത്തു. രൂപതയുടെ ചെയിൻ റോസറിയിൽ പങ്കെടുത്ത് ജൂലൈ 19,20,21,29 ദിവസങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. രോഗീസഹായവും, വിദ്യാഭ്യാസ സഹായവുമായി 3000/- രൂപ നൽകി.

**ശാന്തിഗിരി**

ദുക്റാന തിരുനാളിന് പുതുതായി നിർമ്മിച്ച ഗ്രോട്ടോയുടെ വെഞ്ചരിപ്പു കർമ്മത്തിൽ മാതൃവേദി അംഗങ്ങൾ നേർച്ചഭക്ഷണം നൽകി. കരുണയുടെ വർഷം പ്രമാണിച്ച് ചുങ്കക്കുന്ന് മേഖലയുടെ ആഭിമുഖ്യത്തിൽ ജൂലൈ 15 ന് നടത്തപ്പെട്ട ആരാധനയിലും ക്ലാസിലും അമ്മമാർ പങ്കെടുത്തു.

**പുതിയിടംകുന്ന്**

ജൂലൈ 9-ന് ഹോസ്പിറ്റൽ ശുശ്രൂഷ നടത്തി. 16-ന് 'തണൽ' സന്ദർശനം നടത്തി അന്തേവാസികൾക്ക് പലഹാരവും വസ്ത്രവും നൽകി. ബഹു.ബാബു കക്കാട്ടികാലായിൽ അച്ചന്റെ നേതൃത്വത്തിൽ അൽഫോൻസാ ക്വിസ്സ് നടത്തി. നവജ്യോതി അമ്മമാരുടെ വാർഷികം നടത്തി.

**നടവയൽ**

'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെ ആസ്പദമാക്കി മേഖലാ തലത്തിലെ ഏകദിന ക്ലാസ്സ് ചീങ്ങോട് കപ്പേളയിൽ വച്ച് നടത്തി. കുടുംബാംഗങ്ങളോടു പുലർത്തേണ്ട കാരുണ്യത്തിന്റെ ഭാഗമായി വിഷരഹിതമായ ഭക്ഷണം നൽകാനുതകും വിധം എല്ലാ അംഗങ്ങളും വീടിനോട് ചേർന്നു അടുക്കളത്തോട്ടം നട്ടുപിടിപ്പിക്കുന്നതിന് തീരുമാനിച്ചു. കുടുംബ പ്രാർത്ഥനയോടൊപ്പം 136-ാം സങ്കീർത്തനം എല്ലാ കുടുംബങ്ങളിലും ചൊല്ലുന്നതിനു വേണ്ട ക്രമീകരണങ്ങൾ നടത്തി. യൂണിറ്റംഗങ്ങൾ ഭവനസന്ദർശനവും രോഗീസന്ദർശനവും ഹോസ്പിറ്റൽ ശുശ്രൂഷയും നടത്തുന്നു. ലോഗോസ് ക്വിസ്സിൽ പങ്കെടുക്കുന്നവർക്കുവേണ്ടി പഠനക്ലാസുകൾ നൽകി വരുന്നു.

**നെല്ലിയോടി**

മാതൃവേദി അംഗങ്ങളുടെ നേതൃത്വത്തിൽ ലോഗോസ് ക്വിസ്സിനുള്ള ക്രമീകരണവും പഠനവും നടന്നു കൊണ്ടിരിക്കുന്നു. ജൂലൈ 24 ന് 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെക്കുറിച്ച് രൂപതാ ടീം അംഗം ശ്രീമതി പ്രിയ ഷൈജൻ തെങ്ങടയിൽ സെമിനാർ നയിച്ചു. ഇടവകയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഒരു കുട്ടിക്ക് പഠന സഹായം നൽകി. എല്ലാ ഭവനങ്ങളിലും പച്ചക്കറി തോട്ടവും, പൂന്തോട്ട മൽസരവും നടത്താൻ തീരുമാനിച്ചു. 7 ഇനങ്ങളെങ്കിലും ഉള്ള നല്ല പച്ചക്കറി തോട്ടത്തിന് വാർഡ് അടിസ്ഥാനത്തിൽ സമ്മാനങ്ങളും നൽകാൻ തീരുമാനിച്ചു.

**പഴൂർ**

കാരുണ്യവർഷാചരണത്തിന്റെ ഭാഗമായി ചാരിറ്റി ബോക്സ് പള്ളിയങ്കണത്തിൽ വയ്ക്കുകയും അതിൽ ഇടവകാംഗങ്ങൾ നിക്ഷേപിച്ച ഉപയോഗസാധനങ്ങൾ അർഹിക്കുന്ന മക്കൾക്ക് നൽകുകയും ചെയ്തു. നല്ല വസ്ത്രങ്ങൾ ശേഖരിച്ച് കർണ്ണാടകത്തിലെയും തമിഴ്നാട്ടിലെയും ആവശ്യക്കാർക്ക് എത്തിച്ചു കൊടുത്തു. കുഞ്ഞുങ്ങൾ ഇടവകയുടെ സമ്മാനങ്ങളാണ് എന്ന ബോധ്യം കുടുംബങ്ങളിലേക്ക് എത്തിക്കാൻ നാലാമത്തെ കുഞ്ഞിന് ഇടവകക്കാരുടെ സമ്മാനമായി 50000/- രൂപ ബാങ്കിൽ നിക്ഷേപിക്കുന്നു.

**തോണിച്ചാൽ**

10-7-2016 ന് ബഹു. ബിജു തൊണ്ടിപറമ്പിലച്ചൻ 'ദൈവത്തിന്റെ വാഗ്ദാനം' എന്ന വിഷയത്തെ ആസ്പദമാക്കി അമ്മമാർക്കായി ക്ലാസ്സ് എടുത്തു. ഇടവകയുടെ ജൂബിലി വർഷത്തിനൊരുക്കമായുള്ള ജാഗരണ പ്രാർത്ഥനയിൽ അമ്മമാർ പങ്കുകൊള്ളുന്നു.

**വൈത്തിരി**

7-8-2016 ന് 2 മണി മുതൽ 4 മണി വരെ വൈത്തിരി, ചാരിറ്റി, ഒലിവുമല, ലക്കിടി എന്നീ ഇടവകയിലെ അമ്മമാർക്ക് വൈത്തിരി സെന്റ് മേരീസ് പള്ളിയിൽ വച്ച് 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെക്കുറിച്ച് രൂപതാ മാതൃവേദി പ്രസിഡന്റ് ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ്സ് എടുത്തു. വൈത്തിരി ശാഖ പ്രസിഡന്റ് അന്നമ്മ പുതിയകുന്നേൽ സ്വാഗതം ചെയ്തു. വൈത്തിരി, ചാരിറ്റി, ലക്കിടി വികാരിയച്ചൻമാരും സന്നിഹിതരായിരുന്നു.

**ചുള്ളിയോട്**

15-8-2016 ന് ഇടവകയിലെ എല്ലാ അമ്മമാർക്കും 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെക്കുറിച്ച് രൂപതാ മാതൃവേദി പ്രസിഡന്റ് ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി ക്ലാസ്സ് എടുത്തു.

**ദ്വാരക**

എക്സിക്യൂട്ടിവ് അംഗങ്ങൾ രോഗീ സന്ദർശനം നടത്തി. ജൂലൈ 24 -ന് മഴക്കാല രോഗങ്ങളെക്കുറിച്ച് അമ്മമാർക്ക് സി.ബ്ലസി ജോസ് എസ്.എച്ച്. ക്ലാസ്സ് എടുത്തു.

**തലഞ്ഞി**

ആദ്യവെള്ളിയാഴ്ച്ചകളിൽ വൈകിട്ട് 6 മണി മുതൽ 9 മണി വരെ മാതൃവേദിയുടെ നേതൃത്വത്തിൽ ജാഗരണപ്രാർത്ഥന നടത്തുന്നു. ചെയിൻ റോസറി ഇടവകയിലെ വാർഡ് തലത്തിൽ ഓരോ 5 വീടുകൾ ചേർന്ന് എല്ലാ ആഴ്ച്ചയും നടത്തുന്നു. ഇടവകയിലെ ഭിന്നശേഷിയുള്ള കുട്ടികളെ സന്ദർശിച്ചു. ഇടവകയിലും ഇടവകാതിർത്തിയിലും ഉള്ള ക്രൈസ്തവരും അക്രൈസ്തവരും ആയ രോഗികളെ മാതൃവേദി അംഗങ്ങൾ സന്ദർശിച്ച്, അവർക്കുവേണ്ട ശുശ്രൂഷകൾ ചെയ്തു കൊടുത്തു. ഇടവകാതിർത്തിയിൽ പ്രവർത്തിക്കുന്ന പെയിൻ ആന്റ് പാലിയേറ്റീവിന്റെ പ്രവർത്തനങ്ങൾക്കായി സംഭാവന നൽകി. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നട്ടു. അമ്മമാർ ഭവനങ്ങൾ സന്ദർശിച്ച് വിത്തുകൾ ശേഖരിച്ച് പള്ളിപറമ്പിൽ പച്ചക്കറി തോട്ടം ഉണ്ടാക്കി. ഇടവകയിലെ നിർധന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് സാമ്പത്തിക സഹായം നൽകി.

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, കുടുംബപ്രേഷിതത്വം
**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
അസോസിയേറ്റ് ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സീയോൻ ടീം മീറ്റിംഗ് 5-8-2016**

2016 ആഗസ്റ്റ് 5 ആദ്യവെള്ളി- സീയോൻ ധ്യാനകേന്ദ്രത്തിൽ 4 മണിക്ക് മീറ്റിംഗ് ആരംഭിച്ചു. 89 പേർ പങ്കെടുത്തു. ഒരുക്കശുശ്രൂഷ നടത്തി. 6.30 ന് ജാഗരണ പ്രാർത്ഥന, കുരിശിന്റെ വഴി, വി.കുർബാന എന്നിവക്ക് ശേഷം ശ്രീ. പൈലി തുറപ്പാട്ട് അനുഭവസാക്ഷ്യം പങ്കുവച്ചു. 12 മണിയോട് കൂടി ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി, ഏകദിന കൺവെൻഷൻ 6-8-2016**

ഒരുക്കശുശ്രൂഷകൾ രാവിലെ 6 മണിക്ക് ആരംഭിച്ചു. ജപമാല പ്രദക്ഷിണം, വെഞ്ചിരിപ്പ് എന്നിവക്ക് ശേഷം, 8.45 ന് കൺവെൻഷൻ ആരംഭിച്ചു. റവ.ഫാ. തോമസ് കോയിക്കാട്ടിൽ വി.കുർബാന അർപ്പിച്ച് വചനപ്രഘോഷണം നടത്തി. അനുഭവ സാക്ഷ്യത്തെതുടർന്ന് ദിവ്യ കാരുണ്യ ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും നടത്തി. 3.30-ന് കൺവെൻഷൻ സമാപിച്ചു.

**രണ്ടാം ശനി - സ്പിരിച്ച്വൽ ഷെയറിങ്ങ് ദിനം 13-8-2016**

സ്പിരിച്ച്വൽ ഡിറക്ടേഴ്സ് രണ്ടാം വെള്ളിയാഴ്ച സിയോനിൽ വച്ച് പ്രാർത്ഥിച്ചൊരുങ്ങി, ശനിയാഴ്ച ശുശ്രൂഷകൾ നടത്തി. ആഗസ്റ്റ് 14 ശനിയാഴ്ച 120 പേർ ശുശ്രൂഷയിൽ പങ്കെടുത്തു.

**ആന്തരീകസൗഖ്യ ധ്യാനം ആഗസ്റ്റ് 14-18**

ആഗസ്റ്റ് മാസത്തിൽ സീയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ ധ്യാനത്തിൽ 79 പേർ പങ്കെടുത്തു.

**ശുശ്രൂഷകർക്ക് വേണ്ടി ഏകദിന ട്രെയിനിങ്ങ്, 8-7-2016**

സീയോനിൽ ശുശ്രൂഷ ചെയ്യുന്നവർക്ക് വേണ്ടി ജൂലൈ 8-ാം തീയതി രാവിലെ 9 മണി മുതൽ 5 മണിവരെ ഏകദിന ട്രെയിനിങ്ങ് ബഹു. സി. ജെസ്ലിൻ MSMI യുടെ നേതൃത്വത്തിൽ നടന്നു.

**തൂവാനീസ**

ആഗസ്റ്റ് മാസം 2-ാം വെള്ളിയാഴ്ച സീയോൻ ചാപ്പലിൽ വച്ച് യേശുവിനെ അനുഗമിക്കുന്ന സ്ത്രീകളുടെ കൂട്ടായ്മ നടന്നു. ബഹു.ജോസഫ് വള്ളോപ്പള്ളിയച്ചൻ വി.കുർബാന അർപ്പിച്ച് വചനം

പങ്കുവച്ചു. സി.മെറീന എഫ്.സി.സി. പരിശുദ്ധ അമ്മയെക്കുറിച്ച് ക്ലാസ്സെടുത്തു. ദൈവംതന്ന അനുഗ്രഹങ്ങൾക്ക് നന്ദി പറഞ്ഞ് പിരിഞ്ഞു.

**ദമ്പതീകൂട്ടായ്മ**

ദമ്പതികൾ ഒരുമിച്ച് ജപമാല ചൊല്ലി ശുശ്രൂഷയിലേക്ക് പ്രവേശിച്ചു. പരിശുദ്ധ കുർബാനയുടെ ആരാധനക്ക് ശേഷം ബഹു.ജോസഫ് നെച്ചിക്കാട്ടച്ചൻ വി.കുർബാന അർപ്പിച്ച്, വചന വ്യാഖ്യാനം നടത്തി. ബ്രദർ ജോസഫ് വട്ടക്കുന്നേൽ കുടുംബ ജീവിതത്തെക്കുറിച്ച് ക്ലാസ്സ് നൽകി. ഗ്രൂപ്പ് ഷെയറിങ്ങിനുശേഷം ശുശ്രൂഷകൾ സമാപിച്ചു.

**ജീസസ് യൂത്ത് കൂട്ടായ്മ- രണ്ടാം ശനി 13-8-2016**

"അവിടുന്ന് ഇപ്രകാരം ഉദ്ഘോഷിച്ച് കൊണ്ട് അവന്റെ മുമ്പിലൂടെ കടന്ന് പോയി. കർത്താവ് കാരുണ്യവാനും കൃപാനിധിയുമായ ദൈവം, കോപിക്കുന്നതിൽ വിമുഖൻ, സ്നേഹത്തിലും, വിശ്വസ്തതയിലും അത്യുദാരൻ" (പുറ.34.6). ജൂലൈ 12 രണ്ടാം വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥന നടത്തി ഒരുങ്ങിയതിനുശേഷം, ശനിയാഴ്ച ജപമാല, സ്തുതി-ആരാധന എന്നിവയോടെ കൺവെൻഷൻ ആരംഭിച്ചു. ക്രിസ്തീയ സ്വാതന്ത്ര്യത്തെകുറിച്ച് കുമാരി ഷെറിൻ ക്ലാസ്സെടുത്തു. റവ.ഫാ.സജി ഇളയിടം വി. ബലിയർപ്പിച്ച് വചനസന്ദേശം നൽകി. ലഘുഭക്ഷണത്തിനുശേഷം അനുഭവ സാക്ഷ്യം, ആരാധന എന്നിവയോടെ കൺവെൻഷൻ സമാപിച്ചു.

**സീയോൻ സെപ്റ്റംബർ മാസത്തിൽ**

| | | |
|---|---|---|
| സെപ്റ്റംബർ 2 | - | ആദ്യവെള്ളി |
| സെപ്റ്റംബർ 3 | - | ഏകദിന കൺവെൻഷൻ |
| സെപ്റ്റംബർ 4-8 | - | മരിയൻ ധ്യാനം |
| സെപ്റ്റംബർ 10 രണ്ടാം ശനി | - | പൊതു സ്പിരിച്വൽ ഷെയറിങ്ങ് ദിനം, യുവജന ദിനം |
| സെപ്റ്റംബർ 16 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| സെപ്റ്റംബർ 24 നാലാം ശനി | - | രോഗികൾക്കായുള്ള സൗഖ്യ ശുശ്രൂഷാ ദിനം |

**ഡയറക്ടർ**

സിയോൻ സി.ആർ.സി.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

കർത്താവിൽ സ്നേഹമുള്ള വിൻസെൻഷ്യൻ സഹോദരീസഹോദരങ്ങളെ,

"അവൻ അങ്ങയുടെ ജനത്തെ ധർമ്മനിഷ്ഠയോടും, അങ്ങയുടെ ദരിദ്രരെ നീതിയോടുംകൂടെ ഭരിക്കട്ടെ"

സെപ്റ്റംബർ മാസം വിൻസെൻഷ്യൻ പ്രവർത്തകരെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രാധാന്യമർഹിക്കുന്ന മാസമാണല്ലോ. പരിശുദ്ധ കന്യകാമാതാവിന്റെ ജനനതിരുനാളാഘോഷത്തോടനുബന്ധിച്ചുള്ള എട്ട് നോമ്പ്, നമ്മുടെ സംഘടനയുടെ സ്ഥാപകനായ വാഴ്ത്തപ്പെട്ട ഫ്രെഡറിക് ഓസ്സാനാമിന്റെ തിരുനാൾ (സെപ്റ്റംബർ 9), സംഘടനയുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ (സെപ്റ്റംബർ 27) എന്നിവയാണ്. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും തിരുനാളുകളുടെ മംഗളങ്ങൾ നേരുന്നു.

സെപ്റ്റംബർ 9-ാം തീയതി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും അവരവരുടെ ഇടവകകളിൽ ദിവ്യബലിയിൽ പങ്കെടുത്ത് ലോകമെമ്പാടുമുള്ള പാവപ്പെട്ടവർക്കും യാതനകൾ അനുഭവിക്കുന്നവർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. മൂന്ന് കുടുംബങ്ങൾക്ക് മുൻകാലങ്ങളിൽ ചെയ്തതുപോലെ ഭക്ഷണകിറ്റുകൾ ബഹു. ആത്മീയോപദേഷ്ടാക്കളുടെ സാന്നിദ്ധ്യത്തിൽ നൽകണമെന്ന് താല്പര്യപ്പെടുന്നു.

**സിസി യോഗം**

2016 ജൂലൈ 23-ാം തീയതി ബ്രദർ തോമസ് മാങ്ങൻ അദ്ധ്യക്ഷനായി ഓസ്സാനാംഭവനിൽ വെച്ച് സ്പെഷ്യൽ സിസി യോഗം ചേർന്നു. പ്രാരംഭപ്രാർത്ഥനയും ജ്ഞാനവായനയും തുടർന്ന് സ്വാഗതവും ആശംസിച്ചശേഷം മാനന്തവാടി സിസിയുടെ പുതിയ പ്രസിഡണ്ടിന്റെ തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ അവതരിപ്പിക്കാൻ ബ്രദർ ജോണി പാറ്റാനി സീനിയർ വൈസ്പ്രസിഡണ്ട്, റിട്ടേണിംഗ് ആഫീസർ അവറുകളെ ക്ഷണിച്ചു.

ബ്രദർ ജോണി പാറ്റാനി, റിട്ടേണിംഗ് ആഫീസർ 2016 ജൂൺ 6-ാം തീയതി ബ്രദർ തോമസ് മാങ്ങൻ രാജികത്ത് സമർപ്പിച്ചത് മുതൽ പുതിയ സിസി പ്രസിഡണ്ടിനെ തെരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി നടത്തിയ പ്രക്രിയകൾ വിവരിച്ചു. 2016 ജൂൺ 27-ാം തീയതി ബ്രദർ ജോണി പാറ്റാനി, റിട്ടേണിംഗ് ആഫീസർ, എസി പ്രസിഡണ്ടുമാർക്കും കോൺഫ്രൻസ് പ്രസിഡണ്ടുമാർക്കും നൽകിയ കത്ത് പ്രകാരം പുതിയ സിസി പ്രസിഡണ്ട് സ്ഥാനത്തേക്ക് നാമനിർദ്ദേശങ്ങൾ ക്ഷണിക്കുകയും നാമനിർദ്ദേശം സ്വീകരിക്കുന്ന അവസാന തീയതി 2016 ജൂലൈ 12-ാം തീയതി ആണെന്ന് അറിയിക്കുകയും ചെയ്തു. മേൽ തീയതിക്ക് പുതിയ സിസി പ്രസിഡണ്ട് സ്ഥാനത്തേക്ക് ആകെ ലഭിച്ചത് മൂന്ന് വ്യക്തികളുടെ നോമിനേഷൻ മാത്രമാണെന്നും അതിൽ ഒരു വ്യക്തിയുടെ നോമിനേഷൻ നിർദ്ദിഷ്ട ഫോറത്തിൽ അല്ലാത്തതിനാലും അപൂർണ്ണമായതിനാലും സ്ഥാനാർത്ഥി നോമിനേഷൻ അസാധുവായി എന്നറിയിച്ചു കൊണ്ട് ബാക്കി രണ്ട് സ്ഥാനാർത്ഥികളുടെ പേരുകൾ പ്രഖ്യാപിച്ചു.

a) ബ്രദർ ജോർജ്ജ് ആക്കാന്തരിയിൽ

b) ബ്രദർ ഷാജൻ എം. തലച്ചിറ

ബ്രദർ ഷാജൻ എം. തലച്ചിറ, സിസി പ്രസിഡണ്ട് സ്ഥാനത്തേക്ക് ഒരു മത്സരത്തിന് ഇഷ്ടപ്പെടുന്നില്ല എന്ന് അറിയിച്ചുകൊണ്ട് സ്വയം പിൻവാങ്ങിയതായി റിട്ടേണിംഗ് ആഫീസർ, ബ്രദർ ജോണി പാറ്റാനി അറിയിച്ചു. ബ്രദർ ഷാജൻ എം. തലച്ചിറയുടെ സഹകരണ മനോഭാവത്തെ അനുമോദിച്ചു.

ബ്രദർ ജോർജ്ജ് ആക്കാന്തരിയിൽ എതിരില്ലാതെ ഏകകണ്ഠേന മാനന്തവാടി സിസി പ്രസിഡണ്ട് ആയി അടുത്ത ആറുവർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടതായി ബ്രദർ ജോണി പാറ്റാനി റിട്ടേണിംഗ് ആഫീസർ പ്രഖ്യാപിച്ചുകൊണ്ട് തെരഞ്ഞെടുപ്പ് വിവരങ്ങൾ നാഷണൽ കൗൺസിലിൽ അറിയിച്ച് അംഗീകാരം ലഭിച്ചതിനുശേഷം നിയുക്ത സിസി പ്രസിഡണ്ട് ബ്രദർ ജോർജ്ജ് ആക്കാന്തിരിയിൽ ചാർജ്ജെടുത്ത് സ്ഥാനം ഏറ്റെടുക്കാം എന്നറിച്ചു.

ബ്രദർ തോമസ് മാങ്ങൻ പ്രസിഡണ്ടായി നിലവിലുള്ള ഏഴാമത്തെ ബോഡിന്റെ കാലാവധി 2016 സെപ്റ്റംബർ 9-ാം തീയതി അവസാനിക്കുന്നതിനാൽ 2016 സെപ്റ്റംബർ 10-ാം തീയതി പുതിയ പ്രസിഡണ്ട് ചാർജ്ജെടുത്ത് സ്ഥാനമേൽക്കാൻ തീരുമാനമായി.

ബ്രദർ ജോർജ്ജ് ആക്കാന്തരിയിൽ കഴിഞ്ഞ 25 വർഷമായി സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയിൽ വളരെ സജീവമായി ആത്മാർത്ഥതയോടെ സേവനം ചെയ്യുന്നു. പരസ്നേഹപ്രവർത്തനങ്ങ

ളിൽ അതീവ താല്പര്യത്തോടെ നിസ്വാർത്ഥമായി സ്വയം സമർപ്പിച്ച് സേവനം ചെയ്യുന്ന ബ്രദർ ജോർജ്ജ് ആക്കാന്തരിയിൽ കല്ലോടി ഏരിയ കൗൺസിലിന്റെ കീഴിൽ ദീപ്തിഗിരി സെന്റ് തോമസ് കോൺ ഫ്രൻസിലെ അംഗമാണ്. കോൺഫ്രൻസ് പ്രസിഡണ്ട്, ഏസി പ്രസി ഡണ്ട്, മാനന്തവാടി സിസി സെക്രട്ടറി, മാനന്തവാടി സിസി പ്രൊജക്ട് ആഫീസർ, ഓസ്സാനാംഭവൻ മാനേജർ എന്നീ തസ്തികകളിൽ സേവന അനുഭവങ്ങൾ ഉണ്ട്.

**സ്ഥാനമൊഴിയുന്ന സിസി പ്രസിഡണ്ട്**

കാരുണ്യപൂർവ്വമായ പരസ്നേഹ പ്രവർത്തനത്തിലൂടെ ദൈവേഷ്ടം നിറവേറ്റുവാൻ കത്തോലിക്കാ സഭയുടെ കാരുണ്യത്തിന്റെ മുഖമുദ്രയായി സമർപ്പണജീവിതം നയിക്കുന്ന ലോകോത്തര കത്തോ ലിക്കാ സംഘടനയായ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി യുടെ മാനന്തവാടി രൂപതയിൽ നേതൃത്വം നൽകണമെന്ന കർത്താ വിന്റെ തിരുവിഷ്ടം നിറവേറ്റുന്നതിനായി നിങ്ങൾ എന്നെ ഏൽപ്പിച്ച ഉത്തരവാദിത്വത്തിന്റെ കാലാവധി 2016 സെപ്റ്റംബർ 9-ാം തീയതി തീരു കയാണ്. സെൻട്രൽ കൗൺസിൽ പ്രസിഡണ്ട് എന്ന നിലയിൽ രൂപതാ ബുള്ളറ്റിനിലെ ഈ കോളത്തിൽ നൽകി വരാറുള്ള സന്ദേശത്തിന്റെ അവസാനത്തേതാണിത്. അടുത്തമാസം മുതൽ ചുമതല പുതിയ സിസി പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെട്ട ബ്രദർ ജോർജ് ആക്കാ ന്തിരിയിൽ ആയിരിക്കും നിർവ്വഹിക്കുക. സിസി പ്രസിഡണ്ട് എന്ന നില യിൽ എനിക്ക് നിങ്ങൾ നൽകിയ സ്നേഹസഹകരണങ്ങൾക്ക് കൂടു തൽ ഉത്സാഹത്തോടെ, ഉത്തരവാദിത്വബോധത്തോടെ അർപ്പണ മനോ ഭാവത്തോടെ ബ്രദർ ജോർജ് ആക്കാന്തിരിയിൽ പുതിയ സിസി പ്രസി ഡണ്ടിന് നൽകി സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കു ന്നു. കഴിഞ്ഞ ആറ് വർഷത്തിനിടെ മാതൃകാപരവും പുരോഗമനപര വുമായ ഒട്ടേറെ പ്രവർത്തനങ്ങൾ വളരെ വിജയകരമായി നടത്തുവാൻ നമുക്ക് സാധിച്ചു. അവയിൽ ചിലത്

a) മാനന്തവാടി സിസിയുടെ മഹത് പ്രൊജക്ടായ നടവയലിലെ ഓസ്സാ നാംഭവന്റെ പുതിയ കെട്ടിട നിർമ്മാണം.
b) ഓസ്സാനാം ഫാമിലി ഭവന്റെ പ്രവർത്തന ആരംഭം.
c) ഇടവകാ തലത്തിൽ നടപ്പിലാക്കുവാൻ സാധിച്ച ചെറുതും വലുതു മായ വിവിധ പ്രൊജക്ടുകൾ.
d) പാവപ്പെട്ട കുടുംബങ്ങളിലെ മിടുക്കരായ കുട്ടികൾക്ക് സ്കൂൾ തലം മുതൽ തൊഴിലധിഷ്ടിത കോഴ്സുകൾ വരെ പഠിക്കുവാനുള്ള

സഹായങ്ങൾ വിവിധ സ്കോളർഷിപ്പുകൾ വഴി ഇടവകാ തലത്തിൽ നടപ്പിലാക്കി.

e) മതബോധന ക്ലാസ്സുകളിലെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളിലൂടെ ജൂനിയർ കോൺഫ്രൻസുകൾ രൂപീകരിച്ച് കാരുണ്യപ്രവർത്തനങ്ങളുടെ ബാലപാഠങ്ങൾ വളരുന്ന തലമുറക്ക് നൽകി.

f) വിശ്വാസജീവിതത്തിൽ നിന്ന് അകന്നുപോയ കത്തോലിക്കാ സഭാമക്കളെ തിരികെ കൊണ്ടുവരാൻ സഹായകമായ പ്രവർത്തനങ്ങൾക്ക് ഇടവകാ തലത്തിൽ നേതൃത്വം നൽകുക.

g) കിടപ്പുരോഗികളായി ഭവനങ്ങളിൽ കഴിയുന്നവരുടെ കൂദാശ സ്വീകരണത്തിന് വഴിയൊരുക്കുക

h) വിശ്വാസജീവിത പരിശീലന പരിപാടി പ്രകാരം സംഘടിപ്പിച്ച ബോധവൽക്കരണ സെമിനാറുകൾ.

i) കത്തോലിക്കാ മതബോധന ഗ്രന്ഥം വിതരണം.

j) ഓസ്സാനാംഭവനിലെ അനുദിന ചെലവുകൾക്കായി നടപ്പിലാക്കിയ വ്യക്തികളിൽ നിന്നുള്ള ഭക്ഷണ സ്പോൺസർഷിപ്പ്.

k) പ്രവർത്തകാംഗങ്ങളുടെ ഒരു ദിവസം ഒരു രൂപ ദാനപ്പെട്ടി. ഇവ മൂലം കൂടുതൽ ബാധ്യതകൾ ഇല്ലാതെ ഓസ്സാനാംഭവൻ ദൈനംദിന പ്രവർത്തനങ്ങൾ നടത്തികൊണ്ട് പോകുവാൻ സാധിച്ചു.

l) നിശ്ചിത കലണ്ടർ പ്രകാരമുള്ള കോൺഫ്രൻസ് അംഗങ്ങളുടെ അനുദിന ശുശ്രൂഷ, രാത്രികാല സേവനം.

m) ബോഡ് അംഗങ്ങളുടെ അനുദിന ചുമതല സന്ദർശനങ്ങൾ; എന്നിവ കൊണ്ട് ഓസ്സാനാംഭവന്റെ അനുദിന പ്രവർത്തനങ്ങളിൽ സാരമായ പുരോഗതി കൈവരിക്കുവാൻ സാധിച്ചു.

n) ഓസ്സാനാംഭവനിൽ ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം

o) ഓസ്സാനാംഭവനിൽ കുഴൽ കിണർ നിർമ്മാണം

p) വിദേശ കോൺഫ്രൻസുമായി സഹകരിച്ച് ഓസ്സാനാം ഭവനിലേക്ക് ആബുലൻസ് വാൻ സംഘടിപ്പിച്ചു.

q) തദ്ദേശ സംഘടനയുമായി സഹകരിച്ച് ഓമിനി വാൻ ഓസ്സാനാം ഭവനിലേക്ക് വാങ്ങിച്ചു.

r) വിൻസെൻഷ്യൻ പ്രവർത്തകരുടെയും ഓസ്സാനാംഭവൻ ശുശ്രൂഷകരുടെയും കൂട്ടായ സഹകരണത്താൽ ഓസ്സാനാംഭവൻ നമ്മുടെ രാജ്യത്തെ ഏറ്റവും സുതാര്യമായ വിൻസെൻഷ്യൻ പ്രൊജക്ടായി ഉയർത്തികൊണ്ടുവരുവാൻ സാധിച്ചു.

s) മാനന്തവാടി രൂപതക്ക് പുറമേ ബത്തേരി, മണ്ഡ്യ രൂപതകളിലും വിൻസെൻഷ്യൻ പ്രവർത്തനങ്ങൾക്ക് തുടക്കമിടാൻ നേതൃത്വം നൽകി.

സ്ഥാനമൊഴിയുന്ന മാനന്തവാടി സെൻട്രൽ ബോഡിനും പ്രവർത്തകാംഗങ്ങൾക്കും ഇത്രയും പ്രവർത്തന വിജയം കൈവരിക്കുവാൻ സാധിച്ചത് ദൈവകൃപ ഒന്നുകൊണ്ട് മാത്രമാണെന്ന കാര്യം നാം ഓർക്കുക. തുടങ്ങി വച്ച ഈ പ്രവർത്തനങ്ങളുടെ തുടർ പ്രവർത്തനങ്ങൾ വിജയപ്രദമായി മുന്നോട്ട് പോകണമെങ്കിൽ ദൈവകൃപയും പ്രാർത്ഥനാഭരിതമായ ജീവിതശൈലിയും അത്യന്താപേഷിതമാണ്. അലസത മാറ്റിവെച്ച് തീഷ്ണമായ പരിശ്രമത്തോടും സേവനമനോഭാവത്തോടും പുതിയ സിസി പ്രസിഡണ്ട് ബ്രദർ ജോർജ്ജ് ആക്കാന്തിരിയ്ക്ക് കരുത്തായി ഒരുമയോടെ നമുക്ക് കൈകൾ കോർക്കാം. പുത്തൻ ആശയങ്ങളിലൂടെ പുത്തൻ വിജയപഥങ്ങൾ എത്തിപ്പിടിക്കുവാൻ ദൈവകൃപയിൽ ആശ്രയിച്ച് നമുക്കൊരുമിച്ച് പ്രാർത്ഥിക്കാം. പ്രവർത്തിക്കാം ദൈവം നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ!

**നന്ദിയുടെ നറുമലരുകൾ**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മാനന്തവാടി സെൻട്രൽ കൗൺസിൽ എല്ലാ പ്രവർത്തനങ്ങൾക്കും ദീർഘവീക്ഷണത്തോടെ മാർഗ്ഗദർശനവും ദിശാബോധവും നൽകി നമ്മെ കൈപിടിച്ച് മുമ്പേ നയിച്ച മാനന്തവാടി രൂപതയുടെ ഇടയൻ, അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ആണ് സൊസൈറ്റിയുടെ പ്രവർത്തനവിജയത്തിന്റെ പ്രധാന ശില്പി. അകമഴിഞ്ഞ സ്നേഹപരിപാലനയാൽ നമ്മെ കൈപിടിച്ച് നടത്തി, വളരെയേറെ ബാദ്ധ്യതകളും പ്രതിസന്ധികളും - ഓസ്സാനാംഭവന്റെയും ഓസ്സാനാം ഫാമിലി ഭവന്റെയും പുതിയ കെട്ടിട നിർമ്മാണത്തിനും സ്ഥലസൗകര്യങ്ങൾ ഒരുക്കുന്നതിനും നിയമപരമായ കാര്യങ്ങളിൽ ഉണ്ടായപ്പോൾ ക്രിയാത്മകമായി ഇടപെട്ട് പ്രശ്നങ്ങളെ തരണം ചെയ്യാൻ അനുഗ്രഹിച്ച് സഹായിച്ച അഭിവന്ദ്യ പിതാവിന് സൊസൈറ്റിയുടെ അകമഴിഞ്ഞ നന്ദി അറിയിക്കുവാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

കെട്ടിടനിർമ്മാണത്തിന് ധനസമാഹരണത്തിനായി അകമഴിഞ്ഞ് സഹായിച്ച എല്ലാ ബഹു. ഫൊറോന വികാരി അച്ചന്മാരെയും ഇടവക തലത്തിൽ എല്ലാ രംഗങ്ങളിലും താങ്ങും തണലുമായി സഹകരിച്ച ബഹു. ഇടവക വികാരി അച്ചന്മാരെയും നന്ദിയോടെ ഓർക്കുന്നു. വ്യക്തി

പരമായും സംഘടനാപരമായും സാമ്പത്തിക സഹായവും പ്രാർത്ഥനാ സഹായവും നൽകി പ്രോത്സാഹിപ്പിച്ച എല്ലാ ബഹു. വൈദികരെയും നന്ദിയോടെ ഓർക്കുന്നു.

സെൻട്രൽ കൗൺസിലിന്റെ സുതാര്യമായ പ്രവർത്തനങ്ങൾക്ക് ഉത്തമമായ മാർഗ്ഗദർശനവും ആത്മീയ ഉപദേശങ്ങളും നൽകി ഈ ബോർഡിനെ ധന്യമാക്കിയ സിസി ആത്മീയോപദേഷ്ടാക്കളായിരുന്ന് സ്ഥാനമൊഴിഞ്ഞ ബഹു. റവ. ഫാ. ബെന്നി മുതിരക്കാലായിൽ റവ. ഫാ. ജോർജ്ജ് മേമന എന്നീ വൈദികരെ ആദരവോടെ സ്മരിക്കുന്നു. നിലവിൽ സിസിയെ നയിക്കുന്ന റവ. ഫാ. ഷാജി മുളകൊടിയാങ്കൽ അച്ചനെയും നന്ദിയോടെ ഓർക്കുന്നു.

എല്ലാവർക്കും നന്ദിയുടെ സുഗന്ധ പുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട് സ്നേഹത്തോടെ നന്ദിയോടെ സ്ഥാനമൊഴിയുന്ന സെൻട്രൽ കൗൺസിൽ പ്രസിഡണ്ട്

തോമസ് മാങ്ങൻ

**ഓസ്സാനാംഭവൻ രാത്രി സേവനം**

**ബത്തേരി ഏസി**

| | | |
|---|---|---|
| 16-9-2016 | സെന്റ് ജൂഡ് | മൂലങ്കാവ് |
| 17-9-2016 | മേരി മാതാ | മൂലങ്കാവ് |
| 18-9-2016 | സെന്റ് മേരീസ് | സു. ബത്തേരി |
| 19-9-2016 | സെന്റ് അൽഫോൻസ | സു. ബത്തേരി |
| 20-9-2016 | സെന്റ് മേരീസ് | കടൽമാട് |
| 21-9-2016 | സെന്റ് മാർട്ടിൻ | അമ്പലവയൽ |
| 22-9-2016 | സെന്റ് ആന്റണി | വാകേരി |
| 23-9-2016 | സെന്റ് മേരീസ് | കൽപ്ര |
| 24-9-2016 | സെന്റ് മേരീസ് | തോമാട്ടുചാൽ |
| 25-9-2016 | സെന്റ് ജോർജ് | ചിത്രഗിരി |
| 26-9-2016 | സെന്റ് ആന്റണി | പഴൂർ |
| 27-9-2016 | ഫാത്തിമ മാതാ | കുന്നലാടി |
| 28-9-2016 | സെന്റ് ഫ്രാൻസീസ് അസീസി | ചുള്ളിയോട് |
| 29-9-2016 | ഫാത്തിമ മാതാ | കയ്യൂന്നി |
| 30-9-2016 | സെന്റ് ജോർജ് | കല്ലുമുക്ക് |

**ചുണ്ടക്കര ഏസി**

| | | |
|---|---|---|
| 1-10-2016 | സെന്റ് മേരീസ് | ചുണ്ടക്കര |
| 2-10-2016 | സെന്റ് ജോസഫ് | ചുണ്ടക്കര |

| | | |
|---|---|---|
| 3-10-2016 | സെന്റ് മേരീസ് | അരിഞ്ചേർമല |
| 4-10-2016 | സെന്റ് തോമസ് | അരിഞ്ചേർമല |
| 5-10-2016 | സെന്റ് ജോർജ് | ചുള്ളിയാന |
| 6-10-2016 | സെന്റ് അൽഫോൻസ | ചുള്ളിയാന |
| 7-10-2016 | സെന്റ് സെബാസ്റ്റ്യൻ | വിളമ്പുകണ്ടം |
| 8-10-2016 | സെന്റ് മേരീസ് | കണിയാമ്പറ്റ |
| 9-10-2016 | സെന്റ് മേരീസ് | പറളിക്കുന്ന് |
| 10-10-2016 | വാ. മദർ തെരേസ | വിളമ്പുകണ്ടം |
| 11-10-2016 | സെന്റ് ജൂഡ് | കുറുമ്പാലക്കോട്ട |

**ഓസ്സാനാംഭവൻ സന്ദർശനം**

| | | |
|---|---|---|
| 25-9-2016 | സെന്റ് മേരീസ് | യവനാർകുളം |
| 28-9-2016 | ലിറ്റിൽ ഫ്ളവർ | മുതിരേരി |
| 30-9-2016 | ലിറ്റിൽ ഫ്ളവർ | പുതിയിടം |
| 02-10-2016 | വാ. മദർ തെരേസ | തവിഞ്ഞാൽ (വിമലനഗർ) |
| 04-10-2016 | സെന്റ് ഫിലോമിന | ആലാറ്റിൽ |
| 06-10-2016 | ലിറ്റിൽ ഫ്ളവർ | മാനന്തവാടി |
| 08-10-2016 | മൗണ്ട് കാർമ്മൽ | തലപ്പുഴ |
| 10-10-2016 | സെന്റ് മേരീസ് | ആലാറ്റിൽ |
| 12-10-2016 | സെന്റ് സെബാസ്റ്റ്യൻ | കാട്ടിമൂല |
| 14-10-2016 | സെന്റ് ജോസഫ് | കണിയാരം |

ഒരിക്കൽക്കൂടി എല്ലാ വിൻസെൻഷ്യൻ പ്രവർത്തകർക്കും കുടുംബാംഗങ്ങൾക്കും ആശംസകൾ അർപ്പിച്ചുകൊണ്ട് പ്രാർത്ഥനയോടെ

**ബ്രദർ എം. സി. തോമസ് മാങ്ങൻ**
സിസി പ്രസിഡണ്ട്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതി കാര്യക്ഷമമായി മുന്നേറുന്നു. പദ്ധതിയിൽ പങ്കാളികളായ കർഷകർക്ക് കാപ്പി, കുരുമുളക്, കശുമാവ് എന്നിവയുടെ തൈകൾ വിതരണം ചെയ്തു.

**വില്ലേജ് പ്ലാനിംഗ് കമ്മിറ്റി**

സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനും ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുമായി വില്ലേജ് പ്ലാനിംഗ് കമ്മിറ്റിയോഗം ബോയ്സ് ടൗണിൽ വെച്ച് നടന്നു. 36 അംഗങ്ങൾ പങ്കെടുത്ത യോഗത്തിന് WSSS പ്രോഗ്രാം ഓഫീസർ ജോസ് പി. എ. കോ. ഓഡിനേറ്റർ ഷാജുമോൻ എന്നിവർ നേതൃത്വം നൽകി.

**പ്രൊഡ്യൂസർ കമ്പനി**

സമഗ്ര ആദിവാസി വികസന പദ്ധതിയിൽ പങ്കാളികളായ കർഷകരെ ഉൾപ്പെടുത്തികൊണ്ട് ഒരു പ്രൊഡ്യൂസർ കമ്പനി രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. ഡയറക്ടർമാരുടെ തെരഞ്ഞെടുപ്പ് പൂർത്തിയായി. രജിസ്ട്രേഷൻ നടപടികൾ ഈ മാസം പൂർത്തിയാകും. പ്രവർത്തനങ്ങൾക്ക് WSSS പ്രോഗ്രാം ഓഫീസർ ജോസ് പി.എ. കോ. ഓഡിനേറ്റർ ഷാജുമോൻ എന്നിവർ നേതൃത്വം നൽകുന്നു.

**സന്ദർശനം നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജൈവകൃഷി പദ്ധതിയെകുറിച്ച് മനസ്സിലാക്കുന്നതിന് ജാർക്കണ്ഡ് സംസ്ഥാനത്തു നിന്നുള്ള കൃഷി ഉദ്യോഗസ്ഥൻമാർ WSSS ൽ സന്ദർശനം നടത്തി. WSSS ഓഫീസ്, ബയോവിൻ അഗ്രോ പ്രോസസിംഗ് സെന്റർ, പുൽപ്പള്ളി സുരഭി കവലയിലെ ജൈവകൃഷിയിടങ്ങൾ എന്നിവയിൽ സംഘം സന്ദർശനം നടത്തി. WSSS ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിൽ,

ബയോവിൻ ഡയറക്ടർ ഫാ. ജോൺ ചൂരപ്പുഴയിൽ, WSSS പ്രോഗ്രാം ഓഫീസർ പി. എ. ജോസ് എന്നിവർ നേതൃത്വം നൽകി.

**ജനകീയ സംഘാടനം (SWS)**

സോഷ്യൽ വെൽഫയർ സൊസൈറ്റി, വനിതാ സ്വാശ്രയ സംഘങ്ങൾ എന്നിവയുടെ പ്രവർത്തനങ്ങൾ വളരെ ഊർജിതമായി മുന്നോട്ട് പോകുന്നു. 2 ബാങ്കുകളിൽ നിന്നായി 4 ഗ്രൂപ്പുകൾക്കായി 12 ലക്ഷം രൂപ പുതിയ വായ്പയായി ലഭിച്ചു. ഗ്രൂപ്പുകളുടെ ഓഡിറ്റിംഗ്, ഗ്രൂപ്പ് സന്ദർശനം എന്നിവ കൃത്യമായി നടന്നു വരുന്നു. മുന്നോക്ക വിഭാഗത്തിൽപ്പെട്ട ഗ്രൂപ്പിലെ അംഗങ്ങൾക്കുള്ള ബാങ്ക് വായ്പയുടെ സമുന്നതി പ്രോജക്ടിൽ നിന്നുള്ള സബ്സിഡിക്കുള്ള അപേക്ഷകൾ പൂർത്തിയാക്കി-തിരുവനന്തപുരം ഓഫീസിൽ സമർപ്പിച്ചു. SWS യൂണിറ്റ്, CDO (കമ്മ്യൂണിറ്റി ഡവലപ്മെന്റ് ഓഫിസേഴ്സ്) മാർ എന്നിവരുടെ മീറ്റിംഗുകൾ നടത്തി. ഡോ. സന്തോഷ് (DMO) മഴക്കാല രോഗങ്ങൾ (ആരോഗ്യസംരക്ഷണം) എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സുകൾ നടത്തി.

**സേവ് എ ഫാമിലി പ്ലാൻ**

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ മുഖ്യധാരയിലേക്ക് നയിക്കുവാനുള്ള ഈ പദ്ധതിയിൽ ഇന്ന് 317 കുടുംബങ്ങൾ അംഗങ്ങളാണ്. പുതിയ കുടുംബങ്ങൾക്കായുള്ള തെരഞ്ഞെടുപ്പ് പുരോഗമിക്കുന്നു.

സേവ് എ ഫാമിലി പ്ലാൻ സ്ഥാപകൻ മോൺ. അഗസ്റ്റിൻ കണ്ടത്തിലിന്റെ ചരമവാർഷിക ദിനത്തോടനുബന്ധിച്ച് ജൂലൈ 18-ാം തീയതി പ്രത്യേക പ്രാർത്ഥനാദിനമാചരിച്ചു.

സേവ് എ ഫാമിലി പ്ലാൻ മേഖലാതല യോഗങ്ങൾ ജൂലൈ 16, 19, 25 തീയതികളിലായി കൽപ്പറ്റ മാനന്തവാടി, പുൽപ്പള്ളി എന്നിവിടങ്ങളിൽ വച്ചു നടത്തി.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന സർക്കാരിതര സാമൂഹിക സംഘടനയായ കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി ഘടകത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

**മേഖലായോഗം**

ജൂലൈ 10-ാം തീയതി ചുങ്കക്കുന്ന് ഫാത്തിമമാതാ ഫൊറോന ദേവാലയത്തിൽ വച്ച് നടത്തിയ യോഗത്തിൽ KLM രൂപതാ പ്രസിഡന്റ് ശ്രീ. ബിജു പുതിയകുന്നേൽ സ്വാഗതം ആശംസിച്ചു. സംസ്ഥാന

പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ KLM ന്റെ ലക്ഷ്യത്തെക്കുറിച്ചും ക്ഷേമനിധിയും അതിന്റെ ആവശ്യകതയെക്കുറിച്ചും ക്ലാസ്സെടുത്തു. കൂടാതെ കേന്ദ്രസർക്കാറിന്റെ പദ്ധതിയായ സ്വാവലംബൻ എന്ന സുരക്ഷാ പദ്ധതിയിൽ കൊണ്ടുവന്ന മാറ്റത്തെക്കുറിച്ച് വിശദമാക്കി. 5 അംഗങ്ങൾ അടങ്ങുന്ന യൂണിറ്റ് കമ്മിറ്റിയേ തെരഞ്ഞെടുത്തു.

**DDU-GKY**

കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടിയെടുക്കാൻ പ്രാപ്തരാക്കുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദിൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (DDU GKY). തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴേക്കും വിവിധ മേഖലകളിൽ പ്രായോഗികരാക്കുക എന്നതാണ് ഈ പദ്ധതിയിലൂടെ ഭാരത സർക്കാർ ലക്ഷ്യം വെക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ ഫാഷൻ ഡിസൈൻ ടെക്നോളജി, ഫുഡ് പ്രോസസ്സിംഗ് എന്നീ കോഴ്സുകൾ നടത്തുന്നു.

ഈ കോഴ്സ് പൂർണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT സർട്ടിഫിക്കറ്റും വിവിധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. ഈ കോഴ്സിനു വരുന്ന എല്ലാവർക്കും ദിവസം 125 രൂപ വീതം യാത്രാബത്ത നൽകുന്നതാണ്.

ഇതുവരെ 149 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 125 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. ഫുഡ് പ്രോസസ്സിംഗിന്റെ മൂന്നാം ബാച്ചിന്റെ NCVT പരീക്ഷ നടത്തി. ഫുഡ് പ്രോസസ്സിംഗിന്റെ നാലാം ബാച്ച് ഈ മാസം ആരംഭിച്ചു. ഇപ്പോൾ ഏകദേശം 55 കുട്ടികൾ ട്രെയിനിംഗ് നടത്തുന്നു. ഈ വർഷത്തെ എല്ലാ ബാച്ചുകളും ആരംഭിച്ചു കഴിഞ്ഞു. അടുത്ത വർഷത്തേയ്ക്ക് പുതിയ കോഴ്സുകളും ആരംഭിക്കുന്നുണ്ട്. അതിനുള്ള സർക്കാർ അംഗീകാരം കിട്ടിയാൽ ഉടനെ അറിയിക്കുന്നതാണ്.

കുടുംബശ്രീയുമായി ചേർന്ന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സ്ത്രീകൾക്ക് റൂറൽ മേസ്തിരി (കെട്ടിടപ്പണി)യിൽ തൊഴിൽ പരിശീലനം നൽകുന്നു. താല്പര്യം ഉള്ളവർ ഓഫീസുമായി ബന്ധപ്പെടുവാൻ താൽപര്യപ്പെടുന്നു.

**വികാസ് പീഡിയ മലയാളം**

ഇന്റർനെറ്റ് വഴി വിവരങ്ങൾ അതിവേഗം സാധാരണ ജനങ്ങളിൽ എത്തിക്കുന്നതിന്റെ കേന്ദ്ര വാർത്താ വിനിമയം മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്ന വെബ്പോർട്ടലാണ് വികാസ്പീഡിയ മലയാളം.

പരമാവധി അറിവും വിവരവും പരസ്പരം കൈമാറുന്നതിനും പിന്നോക്കാവസ്ഥയിൽ ഉള്ളവരിലേയ്ക്ക് അവ എത്തിക്കുന്നതിനുമായി കൃഷി, വിദ്യാഭ്യാസം, ഇ-ഭരണം, ഊർജം, ആരോഗ്യം, സാമൂഹ്യക്ഷേമം എന്നീ വിഭാഗങ്ങളിലായി പോർട്ടർ സേവനം ലഭ്യമാണ്.

2014 മുതൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് കേരളത്തിൽ വികാസ് പീഡിയയുടെ സ്റ്റേറ്റ് നോഡൽ ഏജൻസി കഴിഞ്ഞ രണ്ടു വർഷങ്ങളിലും മികവ് കൈവരിച്ചതിന് വരുന്ന വർഷത്തിലേയ്ക്കും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെതന്നെ മലയാളത്തിന്റെ ഉത്തരവാദിത്വം ഏൽപ്പിച്ചു. കമ്പ്യൂട്ടർ വഴി പ്രതിമാസം 10 ലക്ഷം പേർ വികാസ് പീഡിയ പോർട്ടലിന്റെ മലയാളം പതിപ്പ് ഉപയോഗിക്കുന്നുണ്ട്.

വികാസ് പീഡിയ വെബ് പോർട്ടലിന്റെ മലയാളം പതിപ്പിനുള്ള ദേശീയ അംഗീകാരം ഹൈദരാബാദിലെ സി-ഡാക്ക് ആസ്ഥാനത്ത് നടന്ന ചടങ്ങിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ. ബിജോ തോമസ് കറുകപ്പള്ളി ഏറ്റുവാങ്ങി.

**ഫാ. ബിജോ കറുകപ്പള്ളി**
ഡയറക്ടർ

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതിയും അനുബന്ധ മേഖലകളും)**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകീടനാശിനികൾ, കംപോസ്റ്റ്, പച്ചില വളങ്ങൾ, ഇടവിള കൃഷി, യാന്ത്രികനടീൽ തുടങ്ങിയവയെ ആശ്രയിക്കുകയും രാസവള ങ്ങളും കൃത്രിമ രാസ കീടനാശിനികളും തീർത്തും ഒഴിവാക്കിയുള്ളതും ചെടിവളർച്ചാ നിയന്ത്രണ വസ്തുക്കൾ, കന്നുകാലി തീറ്റകളിൽ ചേർക്കുന്ന രാസപദാർത്ഥങ്ങൾ, ജൈവമാറ്റം വരുത്തിയ വിത്തുകൾ എന്നീ രീതികൾ ഉപയോഗിക്കാതെയും നടത്തപ്പെടുന്ന കൃഷിരീതിയെ പ്രോത്സാഹിപ്പിക്കുകയും ഇതിലൂടെ മണ്ണിന്റെയും മനുഷ്യന്റെയും ആവാസവ്യവസ്ഥയുടെയും ആരോഗ്യം നിലനിർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ബയോവിൻ അഗ്രോ റിസേർച്ച് വിവിധ പ്രവർത്തനങ്ങൾ മികവുറ്റ രീതിയിൽ നടത്തി. പദ്ധതിയിലേക്ക് പുതിയതായി 191 കർഷകർ കൂടി അംഗങ്ങളാവുകയും ഫീൽഡ് കോർഡിനേറ്റർമാർ അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കർഷകർക്കിടയിൽ പ്രവർത്തിക്കുന്നതിനും അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഓർഗാ നിക്ക് ടീമിലേക്ക് പുതുതായി ശ്രീമതി ഷിബി പുതിയിടംകുന്ന്, ശ്രീമതി ലിനി മരകാവ് എന്നിവർ അംഗങ്ങളായി. ICS കോർഡിനേറ്റർ ശ്രീ. അമൽ ആന്റണി ആവശ്യമായ പരിശീലനം നൽകി.

**ഇന്റേണൽ ഇൻസ്പെക്ടേഴ്സ് ട്രെയിനിംഗ്**

ജൂലൈ മാസം 5, 7, 9 തീയതികളിലായി WSSS ഓഡിറ്റോറിയ ത്തിൽ വച്ച് ഫീൽഡ് ഓഫീസർമാരുടെ നേതൃത്വത്തിൽ ഇന്റേണൽ ഇൻസ്പെക്ടേഴ്സിന് പരിശീലനം സംഘടിപ്പിച്ചു. വിവിധ പഞ്ചായത്തു കളിൽ നിന്നായി ഇരുന്നൂറിലധികം കർഷകരെയാണ് ഇന്റേണൽ ഇൻസ്പെക്ടർമാരായി തെരഞ്ഞെടുത്തിട്ടുള്ളത്. കർഷകരുടെ കൃഷി യിടങ്ങൾ സന്ദർശിക്കുകയും മാനദണ്ഡങ്ങൾക്കനുസൃതമായാണോ കൃഷി ചെയ്യുന്നത് എന്ന് പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശ ങ്ങൾ കർഷകന് നൽകുകയും കണ്ടെത്തലുകൾ ഫീൽഡ് ഓഫീ സർമാർക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യേണ്ടത് ഇവരാണ്. നിലവിലെ

ജൈവകൃഷി മാനദണ്ഡങ്ങൾ അനുസരിച്ച് 60 കർഷകർക്ക് ഒരു ഇന്റേണൽ ഇൻസ്പെക്ടർ എന്നത് അനിവാര്യമാണ്. ക്ലാസ്സുകളിൽ ICS കോർഡിനേറ്റർ ശ്രീ. അമൽ ആന്റണി സ്വാഗതമാശംസിച്ചു. ബയോവിൻ അഗ്രോ റിസർച്ച് ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ജൈവകൃഷി മാനദണ്ഡങ്ങൾ, ഇന്റേണൽ ഇൻസ്പെക്ഷന്റെ പ്രാധാന്യം, കൃഷിയിടത്തിൽ പരിശോധന നടത്തേണ്ട വിധം, ഇൻസ്പെക്ഷൻ റിപ്പോർട്ട് ചെയ്യേണ്ടതെങ്ങനെ തുടങ്ങിയ വിഷയങ്ങളിൽ ഡോക്കുമെന്റേഷൻ ഓഫീസർ രമ്യ ക്ലാസ്സുകൾ നയിക്കുകയും കർഷകരുടെ സംശയങ്ങൾക്ക് മറുപടി നൽകുകയും ചെയ്തു.

**ജൈവകർഷകർക്ക് സെമിനാറുകൾ സംഘടിപ്പിച്ചു**

ചെറുകാട്ടൂർ പാരീഷ് ഹാൾ, തെനേരി പാരീഷ് ഹാൾ, പറളിക്കുന്ന് പാരീഷ് ഹാൾ എന്നിവിടങ്ങളിൽ 22, 23, 26 തീയതികളിൽ ഫീൽഡ് ഓഫീസർ ശ്രീ. അനു ജോണിന്റെ നേതൃത്വത്തിൽ സെമിനാറുകൾ സംഘടിപ്പിച്ചു. ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി, ഉൽപ്പന്നങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതെങ്ങനെ, സംഭരണ രീതി, ബയോവിൻ അഗ്രോ റിസർച്ചറിന്റെ പ്രവർത്തനങ്ങൾ, ജൈവവളങ്ങളും, ജൈവകീടനാശിനികളും തുടങ്ങിയ വിഷയങ്ങളിൽ ബയോവിൻ അഗ്രോ റിസർച്ച് ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ, ശ്രീ. ഷാജി ജോസ്, ശ്രീ. അമൽ ആന്റണി, WSSS പ്രോഗ്രാം ഓഫീസർ ശ്രീ. പി.എ. ജോസ് എന്നിവർ ക്ലാസ്സുകൾ നയിച്ചു. ബയോവിൻ അഗ്രോ റിസർച്ചിന്റെ ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ അംഗങ്ങളായ കർഷകരെ ചില സംഘടനകൾ അവരുടെ ജൈവ സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിലേക്ക് വീണ്ടും ചേർക്കുന്നതായി കണ്ടുവരുന്നു. ഈ വിഷയത്തിൽ കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നതോടൊപ്പം ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയുടെ അംഗീകൃത മാനദണ്ഡമനുസരിച്ച് രണ്ടു പദ്ധതികളിൽ ഒരേ സമയം അംഗങ്ങളാവുന്നത് വിലക്കിയിരിക്കുന്നതും ആയതിനാൽ ഇത് പദ്ധതിയിലെ അംഗത്വം നഷ്ടമാവുന്നതിന് കാരണമാവുമെന്നും പ്രസ്തുത സെമിനാറിൽ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ കർഷകരെ ഓർമ്മിപ്പിച്ചു. മൂന്നു ക്ലാസ്സുകളിലുമായി 242 കർഷകർ പങ്കെടുത്തു.

കർഷകഗ്രൂപ്പുകൾ ശക്തിപ്പെടുത്തുന്നതിനും കർഷകർക്ക് ജൈവകാർഷിക വൃത്തിയും കൃഷി രീതികളും കാലഘട്ടത്തിനനുസരിച്ച്

ക്രമപ്പെടുത്തുന്നതിനുമാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന്റെയും ഭാഗമായി വില്ലേജു തലത്തിൽ വില്ലേജ് ഫാം ക്ലബ്ബുകളുടെ (VFC) മീറ്റിംഗുകൾ വിവിധയിടങ്ങളിലായി നടന്നുവരുന്നു. മീനങ്ങാടി, പനമരം, പള്ളിയറക്കൊല്ലി, ഒലിവുമല, തോമാട്ടുചാൽ, ദ്വാരക എന്നിവിടങ്ങളിൽ നടന്ന മീറ്റിംഗുകളിൽ റീജിയണൽ ഫീൽഡ് ഓഫീസർമാർ പങ്കെടുത്തു. കൃഷിയിടത്തിലെ പ്രശ്നങ്ങൾ കർഷകരോട് ചോദിച്ചറിയുകയും ചർച്ച ചെയ്യുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു.

പരിസ്ഥിതിക്കിണങ്ങുന്ന കൃഷിരീതിയിലൂടെ സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുക, കൃഷിയിടത്തിലെ ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുക, ജലം-വായു-മണ്ണ് മലിനീകരണത്തിന് തടയിടുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന റെയിൻ ഫോറസ്റ്റ് അലയൻസ് (RFA) സർട്ടിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ള രണ്ടായിരം കർഷകരുടെ കൃഷിയിടങ്ങളിൽ ഇന്റേണൽ ഇൻസ്പെക്ഷൻ പൂർത്തീകരിച്ചു.

**വോഫാ**

ജൈവ കർഷകരുടെ ഫെയർട്രേഡ് കൂട്ടായ്മയായ വോഫെയ്ക്ക് ജൂലൈ മാസം വിവിധ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കാനും കർഷകരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്താനും സാധിച്ചു.

**രണ്ടാംഘട്ട ബോണസ് വിതരണം പൂർത്തീകരിച്ചു**

വോഫെയിലെ ശേഖരിച്ച് വിപണനം നടത്തിയ കാപ്പി, ഇഞ്ചി, മഞ്ഞൾ എന്നീ ഉത്പന്നങ്ങൾക്ക് കിലോഗ്രാമിന് 3 രൂപ 50 പൈസ വീതം ബോണസ് വിതരണം ചെയ്തു.

**ഫെയർട്രേഡ് സെമിനാർ സംഘടിപ്പിച്ചു**

പനമരം, മീനങ്ങാടി, കണിയാമ്പറ്റ എന്നിവിടങ്ങളിൽ വച്ച് വോഫയിലെ അംഗങ്ങളായ കർഷകർക്ക് ജൈവ-ഫെയർട്രേഡ് ബോധവത്കരണ സെമിനാറുകൾ സംഘടിപ്പിച്ചു. ശ്രീ. അമൽ ആന്റണി, ശ്രീ. അനു ജോൺ എന്നിവർ ക്ലാസ്സുകൾ നൽകി.

**സംഭരണം, സംസ്കരണം, വിപണനം**

വോഫയിലെ കർഷകരിൽ നിന്നും ജൂൺ മാസം 3, 55,114 കിലോ കാപ്പി, 35 കിലോ ഏലം, 155 കിലോ മഞ്ഞൾ, 23720 കിലോ കുരുമുളക്, 5067 കിലോ തേങ്ങ എന്നിവ കാപ്പി കിലോയ്ക്ക് 76 രൂപ, ഏലം കിലോ 1200 രൂപ, മഞ്ഞൾ 120 രൂപ, കുരുമുളക് 725 രൂപ, തേങ്ങ കിലോ 20 രൂപ എന്നീ നിരക്കിൽ സംഭരിച്ചു.

സംഭരിച്ച ഉത്പ്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**ബയോവിൻ അഗ്രോ റിസേർച്ചിൽ ലാബ് പ്രവർത്തനമാരംഭിച്ചു**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങളുടെ ഗുണമേന്മ പരിശോധിക്കുക, അവയിൽ രാസവസ്തുക്കളുടെ സാന്നിധ്യം ഇല്ലെന്ന് ഉറപ്പുവരുത്തുക, കയറ്റുമതി ചെയ്യുകയും പ്രാദേശികമായി വിൽപ്പന നടത്തുകയും ചെയ്യുന്ന മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾ അന്യവസ്തുക്കളുടെ സാന്നിധ്യം ഇല്ലാത്തതും ആവശ്യപ്പെടുന്ന ഗുണമേന്മ ഉള്ളതുമാണെന്ന് ഉറപ്പുവരുത്തുന്നതിനുമായി ബയോവിൻ അഗ്രോ റിസേർച്ചിൽ ലബോറട്ടറി പ്രവർത്തനമാരംഭിച്ചു. കർഷകരിൽ നിന്നും സംഭരിക്കുന്ന കാപ്പി, കുരുമുളക്, മറ്റു സുഗന്ധവ്യഞ്ജനങ്ങൾ തുടങ്ങിയവ രാസവസ്തുക്കളിൽ നിന്നും വിമുക്തമാണെന്നും ഉണക്ക് പാകമായാണെന്നും ഉറപ്പു വരുത്തിയതിനുശേഷമാണ് ഫാക്ടറിയിലേക്ക് സ്വീകരിക്കുന്നത്. ഇത്തരം കാര്യങ്ങൾ പരിശോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനായി ക്വാളിറ്റി കൺട്രോൾ മാനേജർ ആയി കുമാരി മേരി പ്രിൻസി (M.Tech.Food Processing and Technology), ക്വാളിറ്റി ട്രെയിനിയായി കുമാരി രേവതി പത്തനംതിട്ട (B.Tech. Food Technology) എന്നിവർ ചാർജ്ജെടുത്തു. കാപ്പി, കുരുമുളക്, ഇഞ്ചി, മഞ്ഞൾ മറ്റു സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ ജലാംശം, മൈക്രോബിയൽ പരാമീറ്റേഴ്സ് ആയ ഇ-കോളി, TPC, സാൽമൊണല്ല, യീസ്റ്റ് ആന്റ് മോൾഡ് തുടങ്ങിയവ, അഫ്ളാ ടോക്സിൻ എന്നിവ പരിശോധിക്കാനുള്ള സംവിധാനം ലാബിൽ ലഭ്യമാണ്.

**സന്ദർശകർ**

കേരളത്തിലെ ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി ജാർഖണ്ഡിൽ നിന്നും IAS ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ 13 അംഗസംഘം ഫാക്ടറിയും കൃഷിയിടങ്ങളും സന്ദർശിക്കുകയും കർഷക ഗ്രൂപ്പുകളുമായി ആശയ വിനിമയം നടത്തുകയും ചെയ്തു.

വിവിധ എക്സ്പോർട്ടിംഗ് കമ്പനികളുടെ പ്രതിനിധികൾ, നബാർഡ് ടീം തുടങ്ങിയവർ ഫാക്ടറിയും കൃഷിയിടങ്ങളും സന്ദർശിച്ചു.

**ജൈവ കർഷക സംഗമം 2016**

'വായു ജലം മണ്ണ് - നമുക്കും വരും തലമുറയ്ക്കും' എന്ന

സുസ്ഥിര മുദ്രാവാക്യവുമായി പ്രകൃതി സംരക്ഷണവും കർഷക വികസനവും ലക്ഷ്യമാക്കി ജൈവകാർഷിക കൂട്ടായ്മയ്ക്ക് നേതൃത്വം നൽകിയ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി (WSSS) യുടെയും, ജൈവ കാർഷിക ഉത്പ്പന്നങ്ങൾക്ക് ന്യായ വില ഉറപ്പാക്കുന്നതിനും ജൈവകാർഷിക വിപുലീകരണത്തിനുമായി രൂപംകൊണ്ട WSSS ഓർഗാനിക്ക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷ (WOFFA) ന്റെയും ജൈവ ഉത്പ്പന്നങ്ങളുടെ സംഭരണവും മൂല്യവർദ്ധനവും വിപണനവും വഴി കർഷകർക്ക് സുസ്ഥിരമായ വിപണി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ രൂപംകൊണ്ട ബയോവിൻ അഗ്രോ റിസേർച്ചിന്റെയും സംയുക്താഭിമുഖ്യത്തിൽ 2016 സെപ്റ്റംബർ 5 ന് സുൽത്താൻ ബത്തേരിയിൽ 'ജൈവ കർഷക സംഗമം' സംഘടിപ്പിക്കുന്നു.

എക്കോ ടൂറിസം രംഗത്ത് ഏറെ പ്രാധാന്യമുള്ള വയനാട് ജില്ലയിൽ പ്രകൃതി സംരക്ഷണവും ജൈവകാർഷിക സംസ്കാരവും രൂപപ്പെടുത്തുന്നതിൽ അക്ഷീണ യത്നം ചെയ്യുന്ന പന്ത്രണ്ടായിരത്തിലധികം കർഷകരുൾപ്പെടുന്ന ഒരു കൂട്ടായ്മ പ്രവർത്തിക്കുന്നു എന്നത് സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരിക, എന്താണ് ജൈവകൃഷിയെന്ന ആശയം സാധാരണ ജനങ്ങളിലെത്തിക്കുക, വർദ്ധിച്ചുവരുന്ന വന്യമൃഗ ശല്യത്തിന് സത്വര ശാശ്വത പരിഹാരം കാണുക, ജൈവ വളത്തിന് ആവശ്യമായ സബ്സിഡി അനുവദിക്കുക, സർക്കാർ-കാർഷിക ഉദ്യോഗസ്ഥർ എന്നിവരുമായുള്ള കർഷകരുടെ ബന്ധം കൂടുതൽ മെച്ചപ്പെടുത്തുക, കൂടുതൽ കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കുക തുടങ്ങിയവയാണ് സംഗമത്തിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയിൽ അംഗങ്ങളായ മുഴുവൻ കർഷകരുടെയും സജീവസാന്നിധ്യം പ്രതീക്ഷിക്കുന്നു.

**പുതിയ അംഗങ്ങൾ**

കുമാരി ജെൻസി സെബാസ്റ്റ്യൻ, ശ്രീ. ജോസ് ജോൺ എന്നിവർ ജൂണിയർ അക്കൗണ്ടൻസായും, കുമാരി മേരി പ്രിൻസി ക്വാളിറ്റി കൺട്രോളർ മാനേജർ ആയും, കുമാരി രേവതി ക്വാളിറ്റി ട്രെയിനിയായും ശ്രീ. ജോസഫ് എം. അബ്രാഹം ചെയർമാൻ സെക്രട്ടറിയായും, ശ്രീ. ജിതിൻ തങ്കച്ചൻ ലോജിസ്റ്റിക്സ് ട്രെയിനിയായും ബയോവിൻ അഗ്രോ റിസേർച്ചിൽ അംഗങ്ങളായി.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**

ചെയർമാൻ, ബയോവിൻ അഗ്രോ റിസർച്ച്

**റേഡിയോ സ്കിറ്റ് മത്സരം സംഘടിപ്പിച്ചു**

സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ജില്ലയിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി റേഡിയോ മാറ്റൊലി റേഡിയോ സ്കിറ്റ് മത്സരം സംഘടിപ്പിച്ചു. പരിസ്ഥിതിയും സ്വാതന്ത്ര്യവും എന്ന വിഷയത്തിൽ കുട്ടികളുടെ പരിസ്ഥിതി സൗഹൃദ വ്യക്തിത്വവികസനം എന്ന ലക്ഷ്യം ഉന്നം വച്ച് സംഘടിപ്പിച്ച മത്സരത്തിൽ എട്ട് ടീമുകൾ പങ്കെടുത്തു. വടുവൻചാൽ ഗവ. ഹൈസ്കൂൾ വിദ്യാർത്ഥികൾ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഭാരതീയ വിദ്യാഭവൻ സുൽത്താൻ ബത്തേരി ടീം രണ്ടാം സ്ഥാനവും പനമരം ക്രസന്റ് പബ്ലിക് ഹൈസ്കൂൾ ടീം മൂന്നാം സ്ഥാനവും നേടി. സ്കിറ്റുകൾ റേഡിയോ മാറ്റൊലി പ്രക്ഷേപണം ചെയ്തു. ലോകസൗഹൃദദിനത്തിൽ നടന്ന ഈ മത്സരം പങ്കെടുത്ത എല്ലാവരും വൃത്താകൃതിയിൽ അണിനിരന്ന് ശുചിത്വപ്രതിഞ്ജ ചൊല്ലി ഉദ്ഘാടനം ചെയ്തു.

**കമ്മ്യൂണിറ്റി റേഡിയോകളുടെ സൗത്ത് ഏഷ്യൻ കോൺഫറൻസിൽ സ്റ്റേഷൻ ഡയറക്ടർ പങ്കെടുത്തു**

SAARC ന്റെ ആഭിമുഖ്യത്തിൽ നേപ്പാളിലെ കാഠ്മണ്ഡുവിൽ വെച്ച് ആഗസ്റ്റ് 9, 10 തീയതികളിൽ നടന്ന കമ്മ്യൂണിറ്റി റേഡിയോകളുടെ സൗത്ത് ഏഷ്യൻ കോൺഫറൻസിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ പങ്കെടുത്തു. സുസ്ഥിര വികസനത്തിന് കമ്മ്യൂണിറ്റി റേഡിയോകളുടെ പങ്ക് എന്ന വിഷയത്തിൽ പ്രബന്ധം അവതരിപ്പിക്കുകയും നേപ്പാളിലെ വിവിധ കമ്മ്യൂണിറ്റി റേഡിയോകൾ സന്ദർശിക്കുകയും അന്തർദേശീയ കമ്മ്യൂണിറ്റി റേഡിയോ സംഘടന AMARC, നേപ്പാൾ ദേശീയ സംഘടന ACORAB നേപ്പാൾ ദേശീയ പരിസ്ഥിതി ജേർണലിസ്റ്റ് സംഘടന NEFEJ ബംഗ്ലാദേശ് ദേശീയ ബ്രോഡ്കാസ്റ്റിംഗ് സംഘടനകളായ BBNRC, BNNRC, മലേഷ്യൻ ദേശീയ മീഡിയ ഏജൻസി AIBD എന്നിവയുടെ ഭാരവാഹികളുമായി ചർച്ച നടത്തുകയും ചെയ്തു.

**ജലനിധി– ജലതരംഗം മാധ്യമ ശില്പശാല.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘടിപ്പിച്ച ജലനിധി– ജലതരംഗം മാധ്യമ ശില്പശാലയിൽ റേഡിയോ മാറ്റൊലി പ്രോഗ്രാം ഡയറക്ടർ ഫാ. ജസ്റ്റിൻ മാത്യു കമ്മ്യൂണിറ്റി റേഡിയോ പ്രോഗ്രാം തയ്യാറാക്കുന്നതിനെകുറിച്ച് ക്ലാസ് എടുത്തു.

**കേദാരം 2016 ഫാം ഫീച്ചർ വർക്ക് ഷോപ്പ്**

കേദാരം 2016 എന്ന പേരിൽ തൃശൂർ പീച്ചിയിലുള്ള കേരള ഫോറസ്റ്റ് റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ വെച്ച് ആഗസ്റ്റ് 5,6,7 തീയതികളിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ സംഘടിപ്പിച്ച ഫാം ഫീച്ചർ വർക്ക് ഷോപ്പിൽ റേഡിയോ മാറ്റൊലി പ്രോഗ്രാം ഡയറക്ടർ ഫാ.ജസ്റ്റിൻ മാത്യു പങ്കെടുക്കുകയും കാർഷികമേഖലയെ ശാക്തീകരിക്കുന്നതിനുള്ള മാറ്റൊലിയുടെ പ്രവർത്തനങ്ങളെകുറിച്ച് വിശദീകരിക്കുകയും ചെയ്തു.

**ശുചിത്വോത്സവ്**

എടവക ഗ്രാമപഞ്ചായത്തിനേയും ദ്വാരകയിലെ വിവിധ സംഘടനകളേയും പ്രസ്ഥാനങ്ങളേയും ഏകോപിപ്പിച്ചുകൊണ്ട് ശുചിത്വോത്സവ് എന്ന പേരിൽ സ്വച്ഛ് ദ്വാരകമിഷൻ സംഘടിപ്പിച്ചു. ജനപങ്കാളിത്തത്തിലൂടെ ശുചിത്വം എന്നത് ഉറപ്പുവരുത്തുവാൻ ശുചിത്വചങ്ങല, ശുചിത്വ ഒപ്പു മരം, ശുചിത്വ സദസ്സ്, ശുചിത്വ പ്രതിജ്ഞ, ശുചിത്വ സേന, ശുചിത്വരത്ന –ശുചിത്വശ്രീ അവാർഡ് പ്രഖ്യാപനം എന്നിവ അന്നേദിവസം സംഘടിപ്പിച്ചു. ബഹുജന, വിദ്യാർത്ഥി പങ്കാളിത്തം കൊണ്ടു ശ്രദ്ധേയമായ ഈ സദ്സംരംഭം തുടർന്നു കൊണ്ടുപോകുവാനുള്ള ഭാവിപരിപാടികളും ആസൂത്രണം ചെയ്തു.

**സ്റ്റാഫ് ട്രെയിനിംഗ് /ശില്പശാല**

മാറ്റൊലി സ്റ്റാഫ്, വോളണ്ടിയേഴ്സ് എന്നിവർക്കായി അർദ്ധദിന ശില്പശാല സംഘടിപ്പിച്ചു. ഡൽഹി കേന്ദ്രമായി പ്രവർത്തിക്കുന്ന കാരവൻ മാസികയുടെ എക്സിക്യുട്ടിവ് ഡയറക്ടറും, ദ്വാരക സ്വദേശിയുമായ ഡോ. വിനോദ് കെ ജോസ് ശില്പശാലയ്ക്ക് നേതൃത്വം നല്കി.

**സന്ദർശനങ്ങൾ**

ആസ്സാമിലെ ഡോൺ ബോസ്കോ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഫാ.സി.എം പോൾ SDB ഡാർജലിംഗ് കോളേജിൽ കമ്മ്യൂണിറ്റി റേഡിയോ തുടങ്ങുവാനുള്ള പ്രാരംഭപഠനത്തിനായി മാറ്റൊലി സന്ദർശിച്ചു.

NABARD ന്റെ പുതിയ മാനേജർമാരുടെ പരിശീലനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിക്കുകയും പഠനം നടത്തുകയും ചെയ്തു.

പുസ്തകരചനയുടെ വിവരണ ശേഖരണത്തിനായി കൊടൈക്കനാലിൽ നിന്നും പ്രമുഖ എഴുത്തുകാരി ലതിക ജോർജ് സന്ദർശനം നടത്തി. ഗുണാത്മക വിദ്യാഭ്യാസത്തിന് നേതൃത്വം നല്കുന്ന ദേശീയ സംഘടനയായ REACH India കോഡിനേറ്റർ ജാനകീരാമൻ റേഡിയോ മാറ്റൊലിയിലെ വിജ്ഞാന വിദ്യാഭ്യാസ രീതികളെകുറിച്ച് പഠിക്കാനായി സന്ദർശനം നടത്തി.

കൃഷിയും റേഡിയോയും എന്ന വിഷയത്തിൽ പഠനം നടത്തുന്ന കോഴിക്കോട് ലിസ കോളേജിലെ ഗവേഷണ വിദ്യാർത്ഥികൾ മാറ്റൊലിയിലെ കൃഷി പ്രക്ഷേപണങ്ങളെകുറിച്ച് പഠനം നടത്തി.

**പഠനയാത്ര**

പഠനയാത്രയുടെ ഭാഗമായി കൊല്ലം TKM Institute of Technology, hSIc RACHSS, Kannur University, പെരുമ്പാവൂർ ജയ് ഭാരത് കോളേജ്, പത്തനംതിട്ട മുസ്ലിയാർ കോളേജ്, മാനന്തവാടി ഗവ.എൻജിനീയറിംഗ് കോളേജ്, വെള്ളമുണ്ട GMHSS എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ റേഡിയോ മാറ്റൊലി സന്ദർശിച്ചു.

**പ്രത്യേക പരിപാടികൾ**

രാമായണമാസാചരണത്തിന്റെ ഭാഗമായി കർക്കിടകം എന്ന പേരിൽ ജൂലൈ 16 മുതൽ ആഗസ്റ്റ് 16 വരെയും ഭാരതത്തിന്റെ 70-ാം സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് ത്രിവർണം എന്ന പേരിൽ ആഗസ്റ്റ് 9 മുതൽ 22 വരെയും അന്തർദേശീയ ആദിവാസി ദിനത്തോടനുബന്ധിച്ച് ആഗസ്റ്റ് 9 മുതൽ 12 വരെയും പ്രത്യേകപരിപാടികൾ തയ്യാറാക്കി അവതരിപ്പിച്ചു.

**ഡയറക്ടർമാരുടെ മീറ്റിംഗ്**

ആഗസ്റ്റ് 3 ന് ബിഷപ്സ് ഹൗസിൽവെച്ച് മോൺ.ഫാ.മാത്യു മാടപ്പള്ളിക്കുന്നേലിന്റെ അധ്യക്ഷതയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി, റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.സെബാസ്റ്റ്യൻ പുത്തേൻ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ.ജോസ് കാവുങ്കൽ, ഫാ.മനോജ് കാക്കോനാൽ, ഫാ.ജസ്റ്റിൻ മുത്താനിക്കാട്ട് എന്നിവർ യോഗം ചേരുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങളെകുറിച്ച് ചർച്ച നടത്തുകയും ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ്സ് (AKCC)

തരിയോട് ഫൊറോനയിടവകയിലെ മുഴുവൻ പേർക്കുമായി 2016 ആഗസ്റ്റ് 7–ാം തീയതി ഞായറാഴ്ച രാവിലെ 7.30 ന് വി. കുർബാനയും AKCC യെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സും നടത്തി. ഇതിനു വേണ്ടിയുള്ള ക്രമീകരണങ്ങൾ ചെയ്ത് തന്ന ഫൊറോന വികാരി ബഹു. ജോണി കുന്നത്ത് അച്ചനും ഇടവക ജനത്തിനും നന്ദി. ഫൊറോനാ തലത്തിൽ തെരഞ്ഞെടുക്കപ്പെട്ട AKCC ഭാരവാഹികളുടെ ലിസ്റ്റ്

**1. മുള്ളൻകൊല്ലി**

| | | |
|---|---|---|
| ഡയറക്ടർ | – | ഫാ. ജോസ് വാഴക്കാലായിൽ |
| പ്രസിഡണ്ട് | – | ശ്രീ. സ്റ്റീഫൻ പുക്കുടിയേൽ |
| വൈ. പ്രസിഡണ്ട് | – | ശ്രീമതി ബീന കരിമാംകുന്നേൽ |
| സെക്രട്ടറി | – | ശ്രീ. ജോർജ് കൊല്ലിയിൽ |
| ട്രഷറർ | – | ശ്രീ. സെബാസ്റ്റ്യൻ പി.വി |

**2. പയ്യമ്പള്ളി**

| | | |
|---|---|---|
| ഡയറക്ടർ | – | ഫാ. സജി നെടുങ്കല്ലേൽ |
| പ്രസിഡണ്ട് | – | ശ്രീ. ബേബി ഇളയിടത്ത് |
| വൈ. പ്രസിഡണ്ട് | – | ശ്രീമതി സിൽവി ജോസ് ഇളയിടത്ത് |
| സെക്രട്ടറി | – | ശ്രീ. സാജു മനിയാനിപുറത്ത് |
| വൈ. പ്രസിഡണ്ട് | – | ശ്രീ. റോയി മാക്കൻ |
| ട്രഷറർ | – | ശ്രീ. മാത്യു ചവർനാൽ |

**3. മാനന്തവാടി**

| | | |
|---|---|---|
| പ്രസിഡണ്ട് | – | ശ്രീ. തങ്കച്ചൻ കപ്പലുമാക്കൽ |
| വൈ. പ്രസിഡണ്ട് | – | ശ്രീമതി ബീന ഓലിക്കൽ |
| സെക്രട്ടറി | – | ശ്രീ. കുര്യാക്കോസ് ആനിമൂട്ടിൽ |
| ട്രഷറർ | – | ശ്രീ. ജോണി പെലകുടിയിൽ |

**4. നടവയൽ**

| | | |
|---|---|---|
| ഡയറക്ടർ | – | ഫാ. ജോസ് പൂവക്കുളം |
| പ്രസിഡണ്ട് | – | ശ്രീ. സ്റ്റാനി തെനങ്കാലയിൽ |
| വൈ. പ്രസിഡണ്ട് | – | ശ്രീ. ആന്റണി വെള്ളാക്കുഴി |
| സെക്രട്ടറി | – | ശ്രീ. ജോർജ് പുതുക്കുളം |
| ട്രഷറർ | – | ശ്രീ. തങ്കച്ചൻ കുറിച്ചാത്ത് |

ഫൊറോന മീറ്റിംഗുകൾ സംഘടിപ്പിക്കുകയും ഭാരവാഹികളെ തെരഞ്ഞെടുക്കുവാൻ സഹകരിക്കുകയും ചെയ്ത ഫൊറോന വികാരി മാർ റവ. ഫാ. ഫ്രാൻസീസ് നെല്ലിക്കുന്നേൽ, റവ. ഫാ. ജോസ് മൊളോ പറമ്പിൽ, റവ. ഫാ. ജോർജ് മൈലാടൂർ, റവ. ഫാ. വർഗ്ഗീസ് മുളകുടി യാങ്കൽ എന്നിവർക്കും, ഫൊറോന ഡയറക്ടർ അച്ചന്മാർക്കും നന്ദി അറിയിക്കുന്നു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളുടെ പ്രത്യേക താല്പര്യവും ത്യാഗബുദ്ധ്യാ ഉള്ള പരിശ്രമവും കൃതജ്ഞതയോടെ ഓർക്കുന്നു.

രൂപതാ ഡയറക്ടർ
**ഫാ. ചാണ്ടി പുനക്കാട്ട്**

## MARY MATHA ARTS & SCIENCE COLLEGE

Admissions to the first year degree programmes are almost over and a Fresher's Day Programme for facilitating the new entrants' integration with the senior students was held on 5 August 2016. Admissions to the first year P G Programmes are also now going on and classes are scheduled to begin on 18 August 2016. The Independence Day was celebrated on 15 August 2016 in a befitting manner with the programmes organized by the NCC and NSS Units of the college. The Flowers TV crew came to the college on 16 August 2016 for an Onam programme shoot which will be telecast on Flowers TV during the Onam eve. The Mid-semester Internal Examinations for the first and second year students will begin on 22 August 2016.

**Dr. Savio James V**
Principal

# Pastoral Centre Programme



**September 2016**

| | |
|---|---|
| 3 | Zion |
| 4-8 | Zion Retreat |
| 7 | Marian Singles |
| 9 | KCYM Syndicate |
| 9-12 | Marriage Preparation Course |
| 11-13 | Department of Youth Ministry |
| 14 | Onam |
| 15-17 | Department of Youth Ministry |
| 18-23 | Priests' Retreat |
| 25-30 | Priests' Retreat |

**Fr. Mathew Periappuram**
Director, Pastoral Centre

# *Bishop's Programme*



***September 2016***

| | | |
|---|---|---|
| *4* | *Sun ..................* | *Nadavayal: Holy Mass* |
| | | *Bl. Mother Theresa Chapel* |
| *5* | *Mon ................* | *Visitors' Day* |
| *6* | *Tue 7 Wed ........* | *Kunnoth* |
| *8* | *Thu Morning ....* | *Padichira* |
| | *Afternoon ...* | *Thariode: Holy Mass-Inauguration of Jubilee* |
| *9* | *Fri 10 Sat .....* | *Engaged* |
| *12* | *Mon ................* | *Visitors' Day* |
| *14* | *Wed ................* | *Visitors' Day* |
| *15* | *Thu 17 Sat ........* | *Out of Station* |
| *18* | *Sun 23 Fri ........* | *Priests' Retreat* |
| *20* | *Tue 21 Wed .....* | *Bathery: Regional Bishops' Meet* |
| *24* | *Sat ................* | *Chulliode: Mercy Home Jubilee* |
| *25* | *Sun 30 Fri ........* | *Priests' Retreat* |

***October 2016***

| | |
|---|---|
| *1 - 31 ....................* | *Out of Station* |

## രൂപതാ ബുള്ളറ്റിൻ വരിസംഖ്യ

മാനന്തവാടി രൂപതാ ബുള്ളറ്റിന്റെ വരിസംഖ്യ അടയ്ക്കാത്തവർ എത്രയും വേഗം തുക അടച്ച് കോപ്പികൾ ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്തപക്ഷം അടുത്ത മാസം മുതൽ ബുള്ളറ്റിൻ അയയ്ക്കുന്നതല്ല. വരിസംഖ്യ ബിഷപ്സ് ഹൗസിൽ എത്തിച്ചു തരികയോ മണി ഓർഡറായി താഴെ പറയുന്ന വിലാസത്തിൽ അയച്ചു തരികയോ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

വരിസംഖ്യ അയയ്ക്കേണ്ട വിലാസം


Editor
Mananthavady Roopatha Bulletin
Bishop's House, P.B. No. 1
Mananthavady 670 645

ഫാ. ജോസഫ് പരുവുമ്മേൽ
എഡിറ്റർ, മാനന്തവാടി രൂപതാ ബുള്ളറ്റിൻ
Mob: 9447518360
E-mail ID : jparoommel@gmail.com